# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VII

## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

## ആനുകാലിക റിപ്പോർട്ട്

**(2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ളത്)**

**PERIODICAL REPORT FROM 1st APRIL 2017 TO 31st MARCH 2018)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2018 ജൂൺ 21-ാം തീയതി സമർപ്പിച്ചത്

(Presented on 21st June 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2018

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**ആനുകാലിക റിപ്പോർട്ട്**

**(2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ളത്)**

**PERIODICAL REPORT FROM 1st APRIL 2017 TO 31st MARCH 2018)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1257/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 35 |

## സബ്ജക്റ്റ് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2016-2018)

### ഘടന

ചെയർമാൻ :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, എം.എൽ.എ.

ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.

ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.

*ശ്രീ. തോമസ് ചാണ്ടി, എം.എൽ.എ.

ശ്രീ. പി. ഉണ്ണി, എം.എൽ.എ.

ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ, എം., അണ്ടർ സെക്രട്ടറി.

---

* ശ്രീ. തോമസ് ചാണ്ടി, എം. എൽ. എ. 27 ഡിസംബർ 2017-ൽ സമിതിയംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടു (ബുള്ളറ്റിൻ ഭാഗം 2 നമ്പർ 345).

## അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ—ഭാഗം 2 പ്രകാരം രൂപീകരിച്ച 2016-2018 കാലയളവിലേയ്ക്കുള്ള വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 5-4-2017, 11-4-2017, 15-5-2017, 27-7-2017, 17-8-2017, 15-11-2017, 5-2-2018, 14-2-2018 FN, 14-2-2018 AN, 20-2-2018, 8-3-2018, 19-3-2018, 21-3-2018 എന്നീ തീയതികളിലായി ആകെ 13 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 5-4-2017-ന് 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായും 11-4-2017-ന് പ്രസ്തുത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനുമായാണ് യോഗം ചേർന്നത്. 15-5-2017-ന് 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും പരിഗണിക്കുവാനും 27-7-2017-ന് സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശ കളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും പരിഗണിക്കുവാനും സമിതി യോഗം ചേർന്നു. 17-8-2017-ന് സമിതി, കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വിശേഷാൽ ചട്ടങ്ങളിലും കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങളിലും ഉള്ള കരട് ഭേദഗതി ചട്ടങ്ങളും സബ്ജക്ട് കമ്മിറ്റി-VII-ന്റെ 1-4-2016 മുതൽ 31-3-2017 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ചെയ്തു. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/ സുരക്ഷാപ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിൽ പ്രസ്തുത തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുവാൻ 15-11-2017 സമിതി യോഗം ചേർന്നു.

5-2-2018, 8-3-2018, 19-3-2018, 21-3-2018 എന്നീ തീയതികളിൽ സമിതി, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-മായി സംയുക്തയോഗം ചേരുകയും കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ബിൽ, 2018

പരിഗണിക്കുകയും ചെയ്തു. 14-2-2018-ന് സമിതി 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായും 20-2-2018-ന് പ്രസ്തുത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ചെയ്തു. സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർ നില 63% ആയിരുന്നു.

ഈ റിപ്പോർട്ട് അഞ്ച് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെ സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങളും മൂന്നാം ഭാഗത്തിൽ ചട്ടം 235 (1) (iii) അനുസരിച്ച് ചേർന്ന യോഗങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ഭാഗത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ, ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വിവിധ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ വിവരങ്ങളും അഞ്ചാം ഭാഗത്തിൽ സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളും, ആയതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ചേർത്തിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധം ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.

19-6-2018-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2018 ജൂൺ 19.

# റിപ്പോർട്ട്

## ഭാഗം 1

### 2017-18 കാലയളവിൽ സബ്ജക്ട് കമ്മിറ്റി-VII സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

| | |
|---|---|
| 1 | 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 25-4-2017-ന് സമർപ്പിച്ചു |
| 2 | 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 23-5-2017-ന് സമർപ്പിച്ചു |
| 3 | 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 22-8-2017-ന് സമർപ്പിച്ചു |
| 4 | 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 26-2-2018-ന് സമർപ്പിച്ചു |

## ഭാഗം 2

### (എ) 2017-18 കാലയളവിൽ സബ്ജക്ട് കമ്മിറ്റി VII പരിശോധിച്ച ബില്ലുകൾ

(1) കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ബിൽ, 2018 (88-ാം നമ്പർ) ഭേദഗതികളോടെ അംഗീകരിച്ചു.

(2) കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ, 2018 (89-ാം നമ്പർ) ഭേദഗതികളോടെ അംഗീകരിച്ചു.

### (ബി) 2017-18 കാലയളവിൽ സബ്ജക്ട് കമ്മിറ്റി VII പരിശോധിച്ച കരട് ചട്ടങ്ങൾ

കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വിശേഷാൽ ചട്ടങ്ങളിലും, കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങളിലും ഉള്ള കരട് ഭേദഗതി ചട്ടങ്ങൾ 17-8-2017 പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

## ഭാഗം 3

### ചട്ടം 235(1) (iii) പ്രകാരം നടത്തിയ ചർച്ച :

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ/രജിസ്ട്രേഷൻ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 15-11-2017-ൽ യോഗം ചേർന്നു.

ഭാഗം 4

## I. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ

(1) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 28-ാം നമ്പർ ഖണ്ഡികയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 23-5-2017-ന് സഭയിൽ സമർപ്പിച്ചു.

(2) വിദ്യുത്ച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 1-7, 40-42, 107 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 23-8-2017-ന് സഭയിൽ സമർപ്പിച്ചു.

(3) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 18, 21, 30, 31, 37, 38, 94 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 2, 3, 27, 40 എന്നീ ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ അഞ്ചാമത് റിപ്പോർട്ടിലെ 39-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റുകൾ 6-2-2018-ന് സഭയിൽ സമർപ്പിച്ചു.

(4) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 86-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 22-3-2018-ന് സഭയിൽ സമർപ്പിച്ചു.

## II. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും ചട്ടങ്ങളടങ്ങിയ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | |
| XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2014-15 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് | |
| | 2015-16 | | |
| | 2016-17 | | |
| XXIV—തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2011-12 | നാഷണൽ എംപ്ലോയ്മെന്റ് സർവീസസ് കേരള | |
| | 2012-13 | നാഷണൽ എംപ്ലോയ്മെന്റ് സർവീസസ് കേരള, തൊഴിൽ വകുപ്പ് | |
| | 2013-14 | നാഷണൽ എംപ്ലോയ്മെന്റ് സർവീസസ് കേരള, കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 6-2-2018 |
| XXIV—തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2014-15 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് കേരള, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, | 6-2-2018 |

| | | | |
|---|---|---|---|
| | | കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് | |
| XXIV—തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2015-16 | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 6-2-2018 |
| XXIV—തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2016-17 | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷകത്തൊഴിലാളി | |

| | | | |
|---|---|---|---|
| | | ക്ഷേമനിധി ബോർഡ്,കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ്,കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 6-2-2018 |
| XXXIX—വൈദ്യുതപദ്ധതികൾ | 2016-17 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | |
| XXIV—തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2013-14 | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, തൊഴിൽ വകുപ്പ് | 20-3-2018 |
| XXIV—തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2014-15 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, തൊഴിൽ വകുപ്പ് | 20-3-2018 |

| | | | |
|---|---|---|---|
| | 2015-16 | കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധിബോർഡ് | 20-3-2018 |
| | 2016-17 | കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | |

ഭാഗം 5

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**

ശിപാർശ

2210-01-102-99-05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്ന തുകയ്ക്ക് പുറമേ 2,70,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ചിട്ടുണ്ട്.

ശിപാർശ

2210-01-102-98-02—വേതനം

മുൻവർഷം വേതനയിനത്തിൽ അനുവദിച്ച തുകയേക്കാൾ വളരെയധികം തുക ചെലവായ സാഹചര്യത്തിൽ 2015-16 വർഷത്തേക്ക് ഈ ശീർഷകത്തിൽ 180 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 128.51 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 51.49 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-01-102-98-06—<u>വാടക, കരം, നികുതി</u>

ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും വകുപ്പുതന്നെ മുൻകൂറായി വഹിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്ന തുകയ്ക്ക് പുറമേ അഡീഷണൽ ആതറൈസേഷൻ മുഖേന 80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2210-01-102-98-34-3—<u>മറ്റു ചെലവുകൾ—മറ്റിനം</u>

കഴിഞ്ഞ വർഷത്തെ നിരവധി ബില്ലുകൾ നിലവിൽ മാറാൻ കഴിയാത്തതായി ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇവയ്ക്കൊപ്പം നടപ്പ് സാമ്പത്തിക വർഷത്തെ ബില്ലുകൾകൂടി മാറുന്നതിന് 2015-16 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-01-102-96-01—<u>ഡ്രഗ്സും ഡ്രസ്സിംഗ്സും</u>

ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പുതന്നെ നേരിട്ട് വഹിക്കേണ്ട സ്ഥിതിയായതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 2598.3 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്ന തുകയ്ക്ക് പുറമേ 15,32,79,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2210-01-102-96-3—<u>സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ</u>

മുമ്പ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഇനത്തിലുള്ള മുഴുവൻ ചെലവുകളും യാതൊരു പരിധിയുമില്ലാതെ ഇ.എസ്.ഐ. കോർപ്പറേഷൻ നേരിട്ടാണ് വഹിച്ചിരുന്നതെന്നും എന്നാൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും വകുപ്പ് നേരിട്ട് വഹിക്കേണ്ടിവരുമെന്നും സമിതി മനസ്സിലാക്കുന്നു. ഈയിനത്തിൽ 5000 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 4999.45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്ന തുകയ്ക്ക് പുറമേ 2,05,21,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2210-01-102-96-04—<u>മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംപേഴ്സ്മെന്റ്</u>

സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിലെ ധാരാളം റീ-ഇംപേഴ്സ്മെന്റ് അപേക്ഷകളിൽ തുകകൾ നൽകേണ്ടതുള്ളതിനാലും ഇൻഷ്വർ ചെയ്ത തൊഴിലാളികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നതിനാലും 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 832 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2230-01-102-99—വ്യവസായശാലാ ഡയറക്ടറാഫീസ്

21—മോട്ടോർ വാഹനങ്ങൾ

24-3-2011-ലെ സർക്കാർ ഉത്തരവുപ്രകാരം 4 വാഹനങ്ങൾ വാങ്ങാൻ വകുപ്പിന് അനുമതി ലഭിച്ചെങ്കിലും 2012-13 സാമ്പത്തികവർഷത്തിൽ ഫണ്ട് ലഭ്യതയുടെ കുറവ് കാരണം 2 വാഹനങ്ങൾ മാത്രമേ വാങ്ങാൻ കഴിഞ്ഞിരുന്നുള്ളൂ. 2015-16 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36 അധികവിവരം)

സർക്കാർ സ്വീകരിച്ച നടപടി

വ്യവസായശാല ഡയറക്ടറാഫീസിൽ രണ്ട് വാഹനങ്ങൾ നിലവിൽ ഉള്ളതിനാലും രണ്ട് വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുവാൻ ഉത്തരവായിട്ടുള്ള സാഹചര്യത്തിലും "2230-01-102-99-21" ശീർഷകത്തിൽ ഇരുപത് ലക്ഷം രൂപ വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ ധനകാര്യ വകുപ്പ് അംഗീകരിച്ചില്ല.

ശിപാർശ

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യപ്രവർത്തനവും

04—യാത്രാചെലവുകൾ

കടിശ്ശിക യാത്രാപ്പടി ബില്ലുകൾ മാറാനുള്ളതിനാൽ, ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ 70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ₹ 4,03,000 തുക അനുവദിച്ചതിൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ₹ 3,31,613 മാത്രമേ ചെലവാക്കിയിട്ടുള്ളൂ. ബാക്കി തുകയായ ₹ 69,387 സറണ്ടർ ചെയ്തിട്ടുണ്ട്. അനുവദിച്ച തുക പര്യാപ്തമായിരുന്നതിനാൽ അധികമായി ശിപാർശ ചെയ്ത ₹ 70,000 ആവശ്യമായി വന്നില്ല.

ശിപാർശ

34—മറ്റു ചെലവുകൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 9,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അനുവദിച്ച ₹ 1,000 ചെലവഴിച്ചിട്ടില്ല. ആയതിനാൽ മുഴുവൻ തുകയും (₹ 1,000) സറണ്ടർ ചെയ്തിട്ടുണ്ട്. അനുവദിച്ച തുക ചെലവഴിക്കാതിരുന്നതിനാൽ അധികമായി ശിപാർശ ചെയ്ത ₹ 9,000 അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

45—<u>പി.ഒ.എൽ.</u>

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 51,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ₹ 75,000 തുക അനുവദിച്ചതിൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ₹74,616 ചെലവാക്കി. ബാക്കി തുകയായ ₹384 സറണ്ടർ ചെയ്തിട്ടുണ്ട്. അനുവദിച്ച തുക പര്യാപ്തമായിരുന്നതിനാൽ അധികമായി ശിപാർശ ചെയ്ത ₹ 51,000 രൂപ അനുവദിച്ചിട്ടില്ല.

## 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

<u>ശിപാർശ</u>

2230-01-101-96—<u>വ്യാവസായിക ട്രൈബ്യൂണൽ, ആലപ്പുഴ</u>

വ്യാവസായിക ട്രൈബ്യൂണൽ ആലപ്പുഴയുടെ ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഫീസ് ചിലവുകൾ—ടെലഫോൺ ചാർജ് [05(3)] ഇനത്തിൽ 30,000 രൂപയും മറ്റിനങ്ങൾ (04) എന്ന ഇനത്തിൽ 1.787 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഓഫീസ് ചെലവുകൾ—ടെലഫോൺ ചാർജ് [05(3)] ഇനത്തിൽ 40,000 രൂപയും മറ്റിനങ്ങൾ (04) എന്ന ഇനത്തിൽ 2,07,000 രൂപയും അനുവദിക്കുകയുണ്ടായി.

ശിപാർശ

2230-01-101-95—വ്യാവസായിക ട്രൈബ്യൂണൽ, കോഴിക്കോട്

വ്യാവസായിക ട്രൈബ്യൂണൽ കോഴിക്കോടിന്റെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടറുകൾ പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിന് വിവരസാങ്കേതികവിദ്യ (99) എന്ന ഇനത്തിൽ 2.468 ലക്ഷം രൂപയും ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ [05(4)] എന്ന ഇനത്തിൽ 39,000 രൂപയും അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

വിവരസാങ്കേതികവിദ്യ (99) എന്ന ഇനത്തിൽ 2.4 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. 05 (4) എന്ന ഇനത്തിൽ അധിക തുക ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-94—വ്യാവസായിക ട്രൈബ്യൂണൽ, കൊല്ലം

കൊല്ലം വ്യാവസായിക ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾക്കായും 2015-16 സാമ്പത്തിക വർഷത്തെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി യാത്രാബത്ത [04(1)] ഇനത്തിൽ 2.5 ലക്ഷം രൂപയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് 01(4) എന്ന ഇനത്തിൽ 1.46 ലക്ഷം രൂപയും മറ്റിനങ്ങൾ 05(4) എന്ന ഇനത്തിൽ 64,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

കൊല്ലം വ്യാവസായിക ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾക്കായും 2015-16 സാമ്പത്തിക വർഷത്തെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി യാത്രാ ബത്ത [04(1)] ഇനത്തിൽ 2 ലക്ഷം രൂപയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 01(4) എന്ന ഇനത്തിൽ 1.71 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ [05(4)] എന്ന ശീർഷകത്തിൽ 20,000 രൂപ ധനപുനർവിനിയോഗംവഴി ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

ശിപാർശ

2230-01-101-93—തൊഴിൽ കോടതി, കൊല്ലം

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 2016-17 ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ [05(04)] എന്ന ഇനത്തിൽ 80,000 രൂപയും തൊഴിൽ കോടതിക്കായി പുതിയ വാഹനം വാങ്ങുന്നതിന് മോട്ടോർ വാഹനങ്ങൾ (21) എന്ന ഇനത്തിൽ 9 ലക്ഷം രൂപയും അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ [05(4)] എന്ന ഇനത്തിൽ 40,000 രൂപയും പുതിയ വാഹനം വാങ്ങുന്നതിന് മോട്ടോർ വാഹനങ്ങൾ (21) എന്ന ഇനത്തിൽ 9 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

ശിപാർശ

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

കോഴിക്കോട് തൊഴിൽ കോടതിയുടെ ആവശ്യത്തിനായി മോട്ടോർ വാഹനങ്ങൾ (21) എന്ന ഇനത്തിൽ 8.50 ലക്ഷം രൂപയും യാത്രാ ചിലവുകൾ-സ്ഥലംമാറ്റ ബത്ത [04(02)] ഇനത്തിൽ 50,000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(04)] ഇനത്തിൽ 50,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

യാത്രാ ചെലവുകൾ—സ്ഥലമാറ്റ ബത്ത [04(02)] ഇനത്തിൽ 50,000 രൂപ അനുവദിക്കുകയുണ്ടായി. കോഴിക്കോട് തൊഴിൽ കോടതിയുടെ ആവശ്യത്തിനായി മോട്ടോർ വാഹനങ്ങൾ (21) എന്ന ഇനത്തിൽ 8.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വാഹനം വാടകയ്ക്കെടുക്കാൻ പ്രിസൈഡിംഗ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. [05(4)] എന്ന ഇനത്തിൽ അധിക തുക ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2230-01-101-91—<u>തൊഴിൽ കോടതി, എറണാകുളം</u>

ഈ കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കായി ഓഫീസ് ചെലവുകൾ—ടെലഫോൺ ചെലവ് [05(03)] ഇനത്തിൽ 18,000 രൂപയും വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 15,000 രൂപയും മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ 10 ലക്ഷം രൂപയും വാടക,കരം, നികുതി (06) ഇനത്തിൽ 5.48 ലക്ഷം രൂപയും ശമ്പളം, മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 50,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശമ്പളം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 45,000 രൂപയും, വാടക, കരം, നികുതി (06) ഇനത്തിൽ 4.91 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ഓഫീസ് ചെലവുകൾ—ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 22,000 രൂപയും, വിവരസാങ്കേതികവിദ്യ (99) എന്ന ശീർഷകത്തിൽ 20,000 രൂപയും ധനപുനർവിനിയോഗംവഴി ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. വാടക, കരം, നികുതി (06) ഇനത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നെങ്കിലും ധനകാര്യ വകുപ്പ് തുക അനുവദിക്കുകയുണ്ടായില്ല. മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ ആവശ്യമായ തുക 2017-18 സാമ്പത്തിക വർഷത്തിൽ SDG മുഖേന ഫണ്ട് ലഭ്യമാക്കി വാഹനം വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശിപാർശ</u>

2230-01-101-89—<u>തൊഴിൽ കോടതി, കണ്ണൂർ</u>

(21)-(2)—<u>മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണിയും</u>

ഈ ശീർഷകത്തിൽ 2014 മുതൽക്കുള്ള കുടിശ്ശിക നൽകുന്നതിനും 2016-17 സാമ്പത്തിക വർഷത്തെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1 ലക്ഷം രൂപ മാത്രമേ ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുള്ളൂ.

<u>ശിപാർശ</u>

2230-01-101-86 —<u>വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി</u>

ഈ കാര്യാലയത്തിലെ ഔദ്യോഗിക വാഹനത്തിന് ഔദ്യോഗിക യാത്രക്കിടെ അപകടം ഉണ്ടായതിനാലും യന്ത്രഭാഗത്തിന് ഗുരുതരമായ കേടുപാടുകൾ സംഭവിച്ചതിനാലും പുതിയ വാഹനം വാങ്ങേണ്ടത് അത്യാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വാഹനം വാങ്ങുന്നതിന് മോട്ടോർ വാഹനങ്ങൾ (21) എന്ന ശീർഷകത്തിൽ 8 ലക്ഷം രൂപയും വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 75,000 രൂപയും അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 1,97,000 രൂപ ധനപുനർക്രമീകരണത്തിലൂടെ അനുവദിക്കുകയുണ്ടായി. വാഹനം വാങ്ങുന്നതിനായി മോട്ടോർ വാഹനങ്ങൾ (21) എന്ന ശീർഷകത്തിൽ 8 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും ടി തുക ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2230-01-101-85—<u>വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്</u>

ഈ കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കായി വാടക (06) ഇനത്തിൽ 2.15 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 2.92 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ [05(04)] ഇനത്തിൽ 2.95 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ 8.35 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വാടക (06) ഇനത്തിൽ 1.25 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ 8.35 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. മറ്റിനങ്ങളിൽ ഈ സാമ്പത്തിക വർഷം അധികം തുക ആവശ്യമുണ്ടെങ്കിൽ റീ-അപ്രോപ്രിയേഷൻ മുഖേന അധിക തുക ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് 27-3-2017-ന് അറിയിക്കുകയുണ്ടായി. 31-3-2017-ന് സാമ്പത്തികവർഷം (2016-17) അവസാനിച്ചതിനാൽ അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

ശിപാർശ

2230-01-103-94-10—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ)—സംഭാവന

തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുന്ന മരംകയറ്റ തൊഴിലാളിയുടെ ആശ്രിതർക്ക് ഇപ്പോൾ നൽകിവരുന്ന 1 ലക്ഷം രൂപയുടെ ധനസഹായം 10 ലക്ഷം രൂപയായി ഉയർത്തണമെന്നും അപകടത്തെത്തുടർന്ന് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകി വരുന്ന 50,000 രൂപയുടെ ധനസഹായം 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

ഖണ്ഡിക 15-ലെ സമിതിയുടെ ശിപാർശയിൻമേൽ ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി ഫയൽ സമർപ്പിച്ചപ്പോൾ, കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളെപ്പറ്റി പഠിച്ച് മരംകയറ്റ തൊഴിലാളികളെ പ്രസ്തുത പദ്ധതികളിൽ അനുയോജ്യമായതിൽ ഉൾപ്പെടുത്തുന്നതിനോ, അതല്ലെങ്കിൽ വിവിധ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ടി തൊഴിലാളികൾക്ക് അനുയോജ്യമായ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന തരത്തിലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട് എന്ന വിവരം സമിതിയെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-01-103-92—കേരളത്തിലെകൈത്തറിതൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി

2015-16-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2016-17-ലെ പെൻഷൻ വിതരണം ചെയ്യുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 742 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

2230-01-103-92 എന്ന ശീർഷകത്തിൽ കേരള കൈത്തറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതിക്ക് 2016-17 സാമ്പത്തിക വർഷം 1,50,00,000 രൂപ വകയിരുത്തിയിരുന്നു. കുടിശ്ശികയുൾപ്പെടെയുള്ള പെൻഷൻ വിതരണത്തിനായി 7,42,00,000 അധികമായി അനുവദിക്കണമെന്നാണ് സമിതി ശിപാർശ ചെയ്തിരുന്നത്.

കുടിശ്ശികയുൾപ്പെടെയുള്ള പെൻഷൻ വിതരണത്തിനായി അഡീഷണൽ ആതറൈസേഷനായി അനുവദിച്ച 7,77,20,000 രൂപയും ചേർത്ത് ആകെ 9,27,20,000 രൂപ സർക്കാർ അനുവദിക്കുകയും മേൽതുക കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് പെൻഷൻ വിതരണത്തിനായി അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 1.5 കോടി രൂപ വകയിരുത്തിയിട്ടുള്ളതും 2017 ജനുവരി മാസം വരെയുള്ള പെൻഷൻ വിതരണത്തിനായി ടി തുകയും അഡീഷണൽ ആതറൈസേഷനായി 1,65,63,000 രൂപയും ചേർത്ത് 3,15,63,000 രൂപ 29-4-2017-ലെ സ.ഉ. (സാധാ.) നമ്പർ 591/17/തൊഴിൽ പ്രകാരം സർക്കാർ അനുവദിക്കുകയും മേൽതുക 3 മാസത്തെ പെൻഷൻ വിതരണത്തിനായി കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം സമിതിയെ സവിനയം അറിയിക്കുന്നു.

<u>ശിപാർശ</u>

2230-01-103-89—<u>തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും</u>

തൊഴിലാളികൾക്കുള്ള കൃത്യമായ വേതനം ഉറപ്പാക്കുന്നതിനും സർക്കാരിന് അത് നിരീക്ഷിക്കുന്നതിനുമായി ഏർപ്പെടുത്തിയ ഈ സംവിധാനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

50 ലക്ഷം രൂപ അധികമായി ഉൾപ്പെടുത്തുന്നതിന് വിഷയനിർണ്ണയ സമിതിയിൽ ശിപാർശ നൽകിയിരുന്നത് LCAS Software-ന്റെ അപ്ഗ്രഡേഷന് വേണ്ടി ആയിരുന്നു. എന്നാൽ കെൽട്രോണിന് LCAS Software വികസിപ്പിച്ചതിന് പ്രാഥമികമായി നൽകേണ്ടിയിരുന്ന തുക നൽകിയാൽ മാത്രമേ അപ്ഗ്രഡേഷൻ പ്രൊപ്പോസൽ പരിഗണിക്കൂ എന്ന് M/s കെൽട്രോൺ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ സമിതി അധികമായി ശിപാർശ ചെയ്തിരുന്ന 50 ലക്ഷം രൂപ ലഭിക്കുന്നതിന് ലേബർ കമ്മീഷണർ ശിപാർശ സമർപ്പിച്ചിരുന്നില്ല. ആയതിനാൽ ഈ ഇനത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

2230-01-103-84—തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി

തൊഴിൽ വകുപ്പിന്റെ സേവനങ്ങളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി പരിപാടികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുന്നതിനായുള്ള ഈ പുതിയ പദ്ധതിയ്ക്കായി 2016-17-ലെ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതം ഇത്തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

തൊഴിൽ വകുപ്പിന്റെ സേവനങ്ങളെ സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി പരിപാടികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ 2230-01-103-84 ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ലേബർ കമ്മീഷണർ നിർദ്ദേശം സമർപ്പിച്ചുവെങ്കിലും ധനകാര്യ വകുപ്പ് ആയതിന് അംഗീകാരം നൽകുകയുണ്ടായില്ല. ആയതിനാൽ സമിതിയുടെ ശിപാർശ നടപ്പാക്കാനായില്ല.

ശിപാർശ

2230-01-103-78-10—1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ട് തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്—സംഭാവന

60 വയസ്സ് തികഞ്ഞ ചുരുട്ട് തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള തുകയാണ് ഇതിൽ വകകൊള്ളിച്ചിട്ടുള്ളത്. 2015-16-ലെ പെൻഷൻ കുടിശ്ശികയും, 2016-17-ലെ പെൻഷനും അനുവദിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ 3.22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം അവസാനിച്ചതിനാലും 2017-18 വർഷത്തേയ്ക്ക് ബഡ്ജറ്റ് തുക വകയിരുത്തിയതിനാലും ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-01-103-73-10—കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി—അംശദാനം—സംഭാവന

2015-2016-ലെ പെൻഷൻ കുടിശ്ശികയും 2016-2017-ലെ പെൻഷനും വിതരണം ചെയ്യുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 204.94 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തെ കുടിശ്ശികകൾ ഉൾപ്പെടെ പെൻഷൻ വിതരണത്തിന് ആകെ 2,23,12,000 രൂപ അനുവദിച്ചിട്ടുള്ളതുമാണ്. 2016-17 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ ശിപാർശ നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-01-103-71-10—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ് അംശദാനം—സംഭാവന

2015-16-ലെ പെൻഷൻ കുടിശ്ശികയും, 2016-17-ലെ പെൻഷനും വിതരണം ചെയ്യുന്നതിന് 896.40 ലക്ഷം രൂപ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 723.60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം 8,69,18,000 രൂപ കൂടി അഡീഷണൽ ആതറൈസേഷനായി അനുവദിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം അവസാനിച്ചതിനാലും 2017-18-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയതിനാലും ഖണ്ഡിക പ്രകാരമുള്ള ശിപാർശ നടപ്പിലാക്കാൻ കഴിയില്ല.

ശിപാർശ

2230-01-103-70—പൂട്ടിക്കിടക്കുന്ന കമ്പനികളിലെയും എസ്റ്റേറ്റുകളിലെയും തൊഴിലാളികൾക്ക് നൽകി വരുന്ന പ്രത്യേക ഉത്സവ ആനുകൂല്യം

പൂട്ടിക്കിടക്കുന്ന കമ്പനികളിലെയും എസ്റ്റേറ്റുകളിലെയും തൊഴിലാളികൾക്ക് നൽകി വരുന്ന ഉത്സവ ബത്തയിൽ വർഷം തോറും ആനുകാലിക വർദ്ധനവ് വരുത്തുന്നതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

2016-17-ൽ ഫാക്ടറി തൊഴിലാളികൾക്ക് 2,300 രൂപ ക്രമത്തിലും എസ്റ്റേറ്റ് തൊഴിലാളികൾക്ക് 1,250 രൂപ ക്രമത്തിലും, കയർ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 750 രൂപ ക്രമത്തിലുമാണ് സാമ്പത്തിക സഹായം അനുവദിച്ചത്. ഇതിനായി 2016-17 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 2,17,45,950 രൂപ പിൻവലിക്കുകയും 1,80,69,600 രൂപ ചെലവഴിക്കുകയും ചെയ്തു. വിതരണത്തിന് ശേഷം ബാക്കി വന്ന 36,76,350 രൂപ ജില്ലാ ലേബർ ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ ട്രഷറികളിൽ തിരികെ അടച്ചിട്ടുണ്ട്.

വർഷംതോറും ആനുകാലിക വർദ്ധനവ് വരുമെന്നതിനാലും ബെനിഫിഷറീസിന്റെ എണ്ണത്തിൽ വർദ്ധനവ് വരുമെന്നതിനാലുമാണ് 50 ലക്ഷം രൂപ കൂടി അധികം തുകയിൽ വകയിരുത്തുന്നതിനായി ശിപാർശ ചെയ്തിരുന്നത്. എന്നാൽ അതിന്റെ ആവശ്യം വന്നില്ല.

ശിപാർശ

2230-01-103-62-10—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി—സംഭാവന

തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട്, ഇടുക്കി എന്നീ ജില്ലകളില പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടിയാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. നിലവിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾക്കു പുറമേ ഒരു തോട്ടംകൂടി പൂട്ടിയ സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക സമാശ്വാസപ്രവർത്തനങ്ങൾക്ക് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 450 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള 2,09,99,959 രൂപ (രണ്ട് കോടി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി തൊള്ളായിരത്തി അൻപത്തി ഒൻപത് രൂപ മാത്രം) പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ അക്കൗണ്ടിൽനിന്നും വിനിയോഗിക്കുന്നതിനായി ഭരണാനുമതി നൽകിയ സാഹചര്യത്തിൽ 2016-17 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും 96,40,835 രൂപയ്ക്ക് ആവശ്യപ്പെട്ട ഭരണാനുമതി നൽകണമെന്ന നിർദ്ദേശം പരിഗണിക്കാനാവില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2230-01-103-16—<u>അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി</u>

ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം നൽകുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പ് വീടുകൾ നിർമ്മിച്ച് ചെറിയ പ്രതിശീർഷക വാടക ഈടാക്കി നൽകുന്നതിനുള്ള ഒരു പദ്ധതി 'അപ്നാഘർ' എന്ന പേരിൽ ആരംഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതിന്റെ ആദ്യ ഘട്ടമായി പാലക്കാട് കഞ്ചിക്കോട് ആരംഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ 2016 ഒക്ടോബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രസ്തുത പദ്ധതിയുടെ അടുത്തഘട്ടം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ഒരു കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 600 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42, 43)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ 2016-17-ലെ വിഷയനിർണ്ണയ സമിതി VII പ്രകാരം അപ്നാഘർ പദ്ധതിക്ക് അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ച സാഹചര്യത്തിൽ അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

ശിപാർശ

2230-02-001-99—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>

(04)(1)—<u>യാത്രാബത്ത</u>

2015-16 വർഷത്തെ യാത്രാപ്പടി ഉൾപ്പെടെ നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമാക്കി ധനകാര്യ വകുപ്പിന്റെ അനുമതി തേടുകയുണ്ടായി. ഓരോ ഇനത്തിനും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക, അധികമായി ചെലവഴിക്കുവാൻ അനുമതി ലഭിച്ച തുക, ഇതുവരെ ചെലവഴിച്ച തുക, ഇനി അത്യാവശ്യം വേണ്ട അധിക തുക, എന്നീ വിവരങ്ങൾ സഹിതം അധിക തുകയുള്ള നിർദ്ദേശം സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ഇതിന്മേൽ എംപ്ലോയ്മെന്റ് ഡയറക്ടറോട് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയുമുണ്ടായി. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (അതായത് 2016-17) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഒരു ഇനത്തിലും അധിക തുക ആവശ്യമില്ല എന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ആയതിനാൽ സമിതിയുടെ ശിപാർശ പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

04-(4)—<u>അവധിയാത്രാനുകൂല്യം</u>

15 വർഷം സർവ്വീസ് പൂർത്തീകരിച്ച 300-ഓളം ഉദ്യോഗസ്ഥർ ഈ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിനാൽ ഈ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ഈ ഇനത്തിൽ 3 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

05-(2) —<u>വൈദ്യുതി ചെലവ്</u>

വൈദ്യുതി ചാർജ്ജ് നിരക്കിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് വൈദ്യുതി ചാർജ്ജിനത്തിൽ 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 3 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

05-3—<u>ടെലഫോൺ ചെലവ്</u>

ഇന്റർനെറ്റ്, ടെലഫോൺ ചെലവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി (45-47)</u>

സമിതിയുടെ ശിപാർശ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടറിൽനിന്നും പ്രപ്പോസലുകൾ ലഭ്യമാക്കി ധനകാര്യവകുപ്പിന്റെ അനുമതി തേടുകയുണ്ടായി. ഓരോ ഇനത്തിനും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക, അധികമായി ചെലവഴിക്കുവാൻ അനുമതി ലഭിച്ച തുക, ഇതുവരെ ചെലവഴിച്ച തുക, അത്യാവശ്യംവേണ്ട അധിക തുക, എന്നീ വിവരങ്ങൾ സഹിതം അധികതുകയ്ക്കുള്ള നിർദ്ദേശം സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ഇതിൻമേൽ എംപ്ലോയ്മെന്റ് ഡയറക്ടറോട് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (അതായത് 2016-17 നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഒരു ഇനത്തില അധികതുക ആവശ്യമില്ല എന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ആയതിനാൽ സമിതിയുടെ 45, 46, 47 എന്നീ ഖണ്ഡികകളിൽ ശിപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

05-4—<u>മറ്റിനങ്ങൾ</u>

2016-17 സാമ്പത്തിക വർഷം 38.72 ലക്ഷം രൂപ മാത്രമാണ് ഈ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ളത്. ഈ തുക 2016-17 സാമ്പത്തികവർഷത്തേക്ക് പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടറിൽനിന്നും പ്രപ്പോസലുകൾ ലഭ്യമാക്കി ധനകാര്യവകുപ്പിന്റെ അനുമതി തേടുകയുണ്ടായി. ഓരോ ഇനത്തിനും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക, അധികമായി ചെലവഴിക്കുവാൻ അനുമതി ലഭിച്ച തുക, ഇതുവരെ ചെലവഴിച്ച തുക, ഇനി അത്യാവശ്യംവേണ്ട അധിക തുക, എന്നീ വിവരങ്ങൾ സഹിതം അധിക തുകയ്ക്കുള്ള നിർദ്ദേശം സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ഇതിൻമേൽ എംപ്ലോയ്മെന്റ് ഡയറക്ടറോട് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (അതായത് 2016-17) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഒരു ഇനത്തിലും അധികതുക ആവശ്യമില്ല എന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ആയതിനാൽ സമിതിയുടെ ശിപാർശപ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

26—ഔദ്യോഗിക ഭാഷാ പ്രയോഗം

ഈ ഇനത്തിൽ 70,000 രൂപ കൂടി ഈ വർഷത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ വഴി 1,20,000 രൂപ അനുവദിച്ചിട്ടുണ്ട്. [G.O. (Rt.) No.8797/2016/Fin. dated 8-11-2016].

ശിപാർശ

97—വാഹനങ്ങളുടെ വാടക

14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും 3 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും വാഹനം വാങ്ങുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.5 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻവഴി 3,60,000 രൂപ അനുവദിച്ചിട്ടുണ്ട്. [G.O (Rt.) No.8797/2016/Fin. Dated 8-11-2016].

ശിപാർശ

99—വിവരസാങ്കേതികവിദ്യ

കമ്പ്യൂട്ടർവൽക്കരണത്തിനും അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനും 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവൽക്കരണം

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നൽകിവരുന്ന

എല്ലാ സേവനങ്ങളും ഓൺലൈൻ വഴി നൽകുന്നതിനുമായി ഇപ്പോൾ ഉപയോഗിക്കുന്ന 'തൊഴിൽ' (Thozhil) എന്ന സോഫ്റ്റ്‌വെയറിന് പകരം പുതിയ സോഫ്റ്റ്‌വെയർ എൻ.ഐ.സി. കേരള മുഖേന (ഇ-ഓഫീസ് ഫെയിസ്—II) വകുപ്പ് വികസിപ്പിച്ചുവരികയാണെന്നും 23 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. 2016-17-ൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52 &53)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിന്നും പ്രപ്പോസലുകൾ ലഭ്യമാക്കി ധനകാര്യവകുപ്പിന്റെ അനുമതി തേടുകയുണ്ടായി. ഓരോ ഇനത്തിനും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക, അധികമായി ചെലവഴിക്കുവാൻ അനുമതി ലഭിച്ച തുക, ഇതുവരെ ചെലവഴിച്ച തുക, ഇനി അത്യാവശ്യം വേണ്ട അധിക തുക, എന്നീ വിവരങ്ങൾ സഹിതം അധിക തുകയുള്ള നിർദ്ദേശം സമർപ്പിക്കുവാൻ ധനകാര്യവകുപ്പ് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ഇതിൻമേൽ എംപ്ലോയ്മെന്റ് ഡയറക്ടറോട് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (അതായത് 2016-17) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഒരു ഇനത്തിലും അധികതുക ആവശ്യമില്ല എന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ആയതിനാൽ 51, 52, 53 ഖണ്ഡികകളിൽ സമിതി ശിപാർശ ചെയ്തിട്ടുള്ള അധിക തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2230-02-101-98—തൊഴിലില്ലാത്തവർക്ക് സഹായം നൽകാനുള്ള പദ്ധതിയും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലില്ലാത്തവർക്ക് വേണ്ടി കേരള സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയും

2015-16 സാമ്പത്തിക വർഷത്തിൽ സ്വയം തൊഴിൽ പദ്ധതിയുടെ പ്രചരണത്തിന്റെ ഭാഗമായി 14 ജില്ലകളിലേയും താലൂക്ക് കേന്ദ്രങ്ങളിൽ സ്വയംതൊഴിൽ പദ്ധതി ബോധവത്ക്കരണ ശിൽപ്പശാലയും അപേക്ഷ വിതരണവും നടത്തിയിരുന്നതായും ഇതിന്റെ ഭാഗമായി പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിനുള്ള ധാരാളം അപേക്ഷകൾ 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലും ലഭിക്കുകയും തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. അപേക്ഷകർക്ക് പൂർണ്ണമായും

സബ്സിഡി നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 16.90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടറിൽനിന്നും പ്രപ്പോസലുകൾ ലഭ്യമാക്കി ധനകാര്യവകുപ്പിന്റെ അനുമതി തേടുകയുണ്ടായി. ഓരോ ഇനത്തിനും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക, അധികമായി ചെലവഴിക്കുവാൻ അനുമതി ലഭിച്ച തുക, ഇതുവരെ ചെലവഴിച്ച തുക, ഇനി അത്യാവശ്യം വേണ്ട അധിക തുക, എന്നീ വിവരങ്ങൾ സഹിതം അധിക തുകയുള്ള നിർദ്ദേശം സമർപ്പിക്കുവാൻ ധനകാര്യവകുപ്പ് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ഇതിൻമേൽ എംപ്ലോയ്മെന്റ് ഡയറക്ടറോട് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (അതായത് 2016-17) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഒരു ഇനത്തിലും അധികതുക ആവശ്യമില്ല എന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ആയതിനാൽ സമിതിയുടെ ശിപാർശ പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2230-02-101-97—വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

04(1)— യാത്രാബത്ത

2016-17 സാമ്പത്തിക വർഷത്തിൽ 10,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

04-(2)—സ്ഥലംമാറ്റബത്ത

2016-17 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

05(04)—<u>മറ്റിനങ്ങൾ</u>

2016-17 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സർക്കാർ സ്വീകരിച്ച നടപടി (55-57)</u>

സമിതിയുടെ ശിപാർശ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിന്നും പ്രപ്പോസലുകൾ ലഭ്യമാക്കി ധനകാര്യവകുപ്പിന്റെ അനുമതി തേടുകയുണ്ടായി. ഓരോ ഇനത്തിനും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക, അധികമായി ചെലവഴിക്കുവാൻ അനുമതി ലഭിച്ച തുക, ഇതുവരെ ചെലവഴിച്ച തുക, ഇനി അത്യാവശ്യം വേണ്ട അധിക തുക, എന്നീ വിവരങ്ങൾ സഹിതം അധിക തുകയുള്ള നിർദ്ദേശം സമർപ്പിക്കുവാൻ ധനകാര്യവകുപ്പ് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ഇതിൻമേൽ എംപ്ലോയ്മെന്റ് ഡയറക്ടറോട് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (അതായത് 2016-17) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഒരു ഇനത്തിലും അധികതുക ആവശ്യമില്ല എന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ആയതിനാൽ 55, 56, 57 എന്നീ ഖണ്ഡികകളിൽ സമിതി ശിപാർശ ചെയ്തിട്ടുള്ള പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2230-02-101-96—<u>അംഗവൈകല്യം ബാധിച്ചിട്ടുള്ളവർക്കുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സ്പെഷ്യൽ സെൽ</u>

04(1)—<u>യാത്രാബത്ത</u>

2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാകയാൽ 30,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

04(2)—<u>സ്ഥലംമാറ്റബത്ത</u>

2016-17 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

## സർക്കാർ സ്വീകരിച്ച നടപടി (58 & 59)

സമിതിയുടെ ശിപാർശ പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടറിൽനിന്നും പ്രപ്പോസലുകൾ ലഭ്യമാക്കി ധനകാര്യവകുപ്പിന്റെ അനുമതി തേടുകയുണ്ടായി. ഓരോ ഇനത്തിനും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക, അധികമായി ചെലവഴിക്കുവാൻ അനുമതി ലഭിച്ച തുക, ഇതുവരെ ചെലവഴിച്ച തുക, ഇനി അത്യാവശ്യം വേണ്ട അധിക തുക എന്നീ വിവരങ്ങൾ സഹിതം അധിക തുകയ്ക്കുള്ള നിർദ്ദേശം സമർപ്പിക്കുവാൻ ധനകാര്യവകുപ്പ് ആവശ്യപ്പെടുക യുണ്ടായി. തുടർന്ന് ഇതിൻമേൽ എംപ്ലോയ്മെന്റ് ഡയറക്ടറോട് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (അതായത് 2016-17) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഒരു ഇനത്തിലും അധികതുക ആവശ്യമില്ല എന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ആയതിനാൽ 58, 59 എന്നീ ഖണ്ഡികകളിൽ സമിതി ശിപാർശ ചെയ്തിട്ടുള്ള പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

### 2230-02-101-89—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

05(4)—മറ്റിനങ്ങൾ

കോച്ചിംഗ് നടത്തുന്നതിനാവശ്യമായ ഫർണിച്ചറുകൾ കാലപ്പഴക്കം ചെന്ന് റിപ്പയർ ചെയ്യാൻ പറ്റാത്ത അവസ്ഥയിലാണെന്നും ടി ഫർണിച്ചറുകൾ മാറ്റി പുതിയത് വാങ്ങുന്നതിന് ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഫർണിച്ചറുകൾ വാങ്ങുന്നതിനായി 2 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

## സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ വഴി 80,000 രൂപ അനുവദിക്കുകയുണ്ടായി. [G.O. (Rt.) No. 8797/2016/Fin. dated 8-11-2016] ഈ ഇനത്തിൽ അധികതുക ആവശ്യമില്ലെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി ഇനത്തിൽ അധികതുക അനുവദിച്ചിട്ടില്ല.

ശിപാർശ

34—മറ്റു ചെലവുകൾ

ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റുകളും, ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.50 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ വഴി 2,50,000 രൂപ [G.O.(Rt.) No.8797/2016/Fin. dated 8-11-2016] അനുവദിക്കുകയുണ്ടായി. ഈ ഇനത്തിൽ അധികതുക ആവശ്യമില്ലെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി ഇനത്തിൽ അധികതുക അനുവദിച്ചിട്ടില്ല.

ശിപാർശ

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

ട്രെയിനിംഗ് ഡയറക്ടറേറ്റിന് യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹന റിപ്പയറിംഗ് തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30.47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ് എന്ന മുഖ്യ ശീർഷകത്തിന് കീഴിൽ 2230-03-001-99-00-4—എൽ.ടി.സി. ഇനത്തിൽ 2,50,000 (രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

യാത്രാ ചെലവുകൾ, ടെലിഫോൺ ചാർജ്ജ്, മൈനർ വർക്ക്സ്, ഇലക്ട്രിസിറ്റി ചാർജസ് തുടങ്ങിയവയ്ക്കായി 2016-17 ബജറ്റിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ എന്ന ശീർഷകത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 50,000 (അൻപതിനായിരം രൂപ) അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-001-96—വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി

കേരള അക്കാഡമി ഫോർ സ്കിൽസ് എക്സ്‌ലൻസ് എന്ന ഒരു നോൺ പ്രോഫിറ്റ് കമ്പനിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ സ്കിൽ ഡെവലപ്പ്മെന്റിന് 2016-17 വർഷം, IIIC കൺസ്ട്രക്ഷൻ, നഴ്സിംഗ്, സെക്യൂരിറ്റി എന്നീ അക്കാഡമികൾ, ഹോസ്പിറ്റാലിറ്റി, ബാങ്കിംഗ്, ഫിനാൻസ്, ഓട്ടോമോട്ടീവ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ്, ഹൈടെക് ഓട്ടോമേഷൻ ആന്റ് മെക്കാട്രോണിക്സ്, എന്റർപ്രെണർഷിപ്പ് ഡെവലപ്പ്മെന്റ്, കോമൺ ഫെസിലിറ്റി, നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ് 2017, സ്കിൽ ഫിയസ്റ്റ 2017, നാഷണൽ/ഇന്റർനാഷണൽ എംപ്ലോയ്മെന്റ് ഓപ്പർച്യൂണിറ്റി റിസർച്ച്/പ്ലേസ്മെന്റ് ഡിവിഷൻ, കൗശൽ കേന്ദ്രം സ്ഥാപിക്കൽ, ഹാന്റ്ലിംഗ് ഇടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കുക ഇടങ്ങി കമ്പനിയുടെ വിപുലവും വൈവിദ്ധ്യവുമാർന്ന പ്രവർത്തനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2800 ലക്ഷം രൂപ അധികം വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

ഫണ്ടിന്റെ അപര്യാപ്തതമൂലം തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

2230-03-003-98—തൊഴിലുകളുടെ വൈവിദ്ധ്യവത്ക്കരണം

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 17,000 രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക പര്യാപ്തമായതിനാൽ അധിക തുക അനുവദിച്ചില്ല.

ശിപാർശ

2230-03-003-97—കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്നവ്യക്തികൾക്കുള്ള പരിശീലനം

ഈ ശീർഷകത്തിൽ ശമ്പളം, യാത്രാചെലവുകൾ എന്നീ ഇനങ്ങളിൽ 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്കു പുറമെ 1.95 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക പര്യാപ്തമായതിനാൽ അധിക തുക അനുവദിച്ചില്ല.

ശിപാർശ

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ മൈനർ വർക്ക്, ടെലിഫോൺ ചാർജ്ജസ്, സ്റ്റൈപ്പന്റ്, യാത്രാചെലവുകൾ, മലയാള ഭാഷ നടത്തിപ്പ്, മറ്റിനങ്ങൾ തുടങ്ങിയവയ്ക്കായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 494.47 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ എന്ന ശീർഷകത്തിലെ വിവിധ ഉപശീർഷകങ്ങളിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 1,83,72,000 (ഒരു കോടി എൺപത്തി മൂന്നു ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ) അനുവദിച്ച ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

ഈ ശീർഷകത്തിൽ ശമ്പളം, വേതനം, യാത്രാചെലവുകൾ, ടെലിഫോൺ ചാർജ്ജ്, മറ്റിനങ്ങൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 29.01 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സർക്കാർ സ്വീകരിച്ച നടപടി

2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം എന്ന ശീർഷകത്തിലെ ഏതാനും ഉപശീർഷകങ്ങളിൽ അഡീഷണൽ ആതറൈസേഷൻ മുഖേന ഫണ്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം വാട്ടർ ചാർജ്ജിനത്തിൽ 5,000 രൂപ (അയ്യായിരം രൂപ) മാത്രമാണ് അനുവദിക്കാൻ കഴിഞ്ഞത്.

ശിപാർശ

2230-03-101-94—മോഡൽ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ (70% കേന്ദ്രസഹായം)

ഐ.ടി.ഐ.-കൾ വഴി മേന്മയുള്ള തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനായി നിലവിലുള്ള സർക്കാർ ഐ.ടി.ഐ.-കളിൽ നിന്നും മിനിമം ഒരു ഐ.ടി.ഐ. വീതം എല്ലാ സംസ്ഥാനങ്ങളിലും മോഡൽ ഐ.ടി.ഐ. ആക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെ പുതിയ പദ്ധതിയാണിത്. പ്രസ്തുത മോഡൽ ഐ.ടി.ഐ.-കൾ പ്രാദേശിക വ്യവസായങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള വൈദഗ്ധ്യവും പരിശീലനവും നൽകുന്നതിനുവേണ്ടിയുള്ള 'ഡിമാന്റ് സെന്റർ'കളായി പ്രവർത്തിക്കുന്ന ഈ പദ്ധതിയിൻ കീഴിൽ നിലവിലുള്ള ഗവൺമെന്റ് കളമശ്ശേരി ഐ.റ്റി.ഐ.-യെ ഇത്തരത്തിൽ മോഡൽ ഐ.ടി.ഐ. ആക്കുന്നതിന് വേണ്ടിയുള്ള തുകയുടെ സംസ്ഥാന വിഹിതമായി 2016-17 വർഷം ടോക്കൺ തുക മാത്രം വകയിരുത്തിയിരിക്കുന്നതിനാൽ പദ്ധതിയുടെ നടത്തിപ്പിന് ഈ ഇനത്തിൽ 499.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

2230-03-101-94—മോഡൽ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ (70% കേന്ദ്രസഹായം) ശീർഷകത്തിൽ 2,50,00,000 രൂപ (രണ്ടു കോടി അൻപത് ലക്ഷം രൂപ) അധികമായി അനുവദിക്കുകയും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2230-03-101-83—ഐ.ടി.ഐ.കൾ ഉത്കൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (75% കേന്ദ്രസഹായം)

സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി.ഐ.-കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ അഞ്ച് ഐ.ടി.ഐ.-കൾ ആഭ്യന്തര ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ടെന്നും ഏഴ് ഐ.ടി.ഐ.-കൾ

വേൾഡ് ബാങ്ക് പദ്ധതിയിൻ കീഴിൽ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി നടപ്പിലാക്കിവരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. 25% സംസ്ഥാന സർക്കാർ വിഹിതവും 75% കേന്ദ്രസർക്കാർ വിഹിതവുമുള്ള ഈ പദ്ധതിയ്ക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ഉപകരണ സംഭരണങ്ങൾക്കായി 225 ലക്ഷം രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 225 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2230-03-101-83—ഐ.ടി.ഐ.-കൾ ഉത്കൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (75% കേന്ദ്രസഹായം) എന്ന ശീർഷകത്തിൽ 1,55,75,000 രൂപ (രണ്ടു കോടി അൻപത്തിയഞ്ചു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ) അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-101-80—<u>പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ</u>

2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പുതിയ ഐ.റ്റി.ഐ.കളിലെ ചെലവുകൾ വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ 180.05 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പുതിയ ഐ.ടി.ഐ.-കൾ അനുവദിച്ചപ്പോൾ ടി ഐ.ടി.ഐ.കളിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 2230-03-101-99 എന്ന ശീർഷകത്തിൽ നിന്നും വഹിക്കാൻ ഉത്തരവു നൽകിയിരുന്നു. ആയതിനാൽ സമിതി ശിപാർശ ചെയ്ത തുക 2230-03-101-80 ശീർഷകത്തിൽ അധികമായി അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

2230-03-101-76—<u>വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം</u>

ഈ ശീർഷകത്തിൽ വിവിധ ഇനങ്ങളിലായി 2016-17 ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 17.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സർക്കാർ സ്വീകരിച്ച നടപടി

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽപരിശീലനം എന്ന ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നു എങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം 2230-03-101-76-34-3—മറ്റിനങ്ങൾ എന്ന ഉപശീർഷകത്തിൽ 20,000 (ഇരുപതിനായിരം രൂപ) മാത്രം അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

2230-03-101-74—വനിതാ ഐ.റ്റി.ഐ.-കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കൽ)

2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ ശീർഷകത്തിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 24.90 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സർക്കാർ സ്വീകരിച്ച നടപടി

2230-03-101-74 വനിതാ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കൽ) എന്ന ശീർഷകത്തിലെ ഏതാനും ഉപശീർഷകങ്ങളിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 2,15,000 (രണ്ടു ലക്ഷത്തി പതിനയ്യായിരം രൂപ) അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

4202-02-800-95 (01)—പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ

പരിശീലന സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാരിന്റെ നൈപുണ്യ വികസന ദൗത്യത്തിനനുസൃതമായി പേരാമ്പ്ര (കോഴിക്കോട്), പെരുമാട്ടി (ചിറ്റൂർ, പാലക്കാട്), വാമനപുരം (തിരുവനന്തപുരം), കല്യാട് (കണ്ണൂർ) എന്നിവിടങ്ങളിൽ പുതുതായി ആരംഭിക്കുന്ന ഐ.ടി.ഐ.-കൾക്കായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അടിസ്ഥാന സൗകര്യ വികസനത്തിനും നൈപുണ്യ വികസനത്തിനും തീർത്തും അപര്യാപ്തമാണ്. പ്രസ്തുത ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിന് 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഫണ്ടിന്റെ അപര്യാപ്തതമൂലം തുക അനുവദിക്കാൻ കഴിഞ്ഞില്ല. പേരാമ്പ്രയിൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കുകയും 8 തസ്തികകൾ അനുവദിക്കുകയും ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്കൽ അഗ്രികൾച്ചർ മെഷീനറി എന്നീ ട്രേഡുകളിൽ 2016-17 അദ്ധ്യയന വർഷം ക്ലാസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

നിലവിൽ കേന്ദ്രസർക്കാർ നിർത്തലാക്കിയ സ്കിൽ ഡെവലപ്മെന്റ് ഇൻഷ്യേറ്റീവ് സ്കീമിൽ (2230-03-101-67) (100% കേന്ദ്രസഹായം) സംസ്ഥാന സർക്കാർ വിഹിതമായി വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 1998 ലക്ഷം രൂപ വകമാറ്റി പുതിയ ഐ.റ്റി.ഐ.-കൾ സ്ഥാപിക്കുക എന്ന ഈ ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഫണ്ടിന്റെ അപര്യാപ്തതമൂലം തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ഒരു ഐ.ടി.ഐ. സ്ഥാപിക്കണമെന്നും അതിനായി 5 കോടി രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെടുകയും താല്ക്കാലിക ഭൗതിക സൗകര്യങ്ങൾ നൽകാമെന്ന് അറിയിപ്പ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥിര ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സ്ഥല ലഭ്യത സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അധികൃതരിൽ നിന്നും സമ്മതപത്രം ലഭിച്ചിട്ടില്ല. ആയതിനാൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല.

റ്റി. പി. രാമകൃഷ്ണൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2018 ജൂൺ 19 .

അനുബന്ധം

## 2017 ഏപ്രിൽ മാസം 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2017 ഏപ്രിൽ 5-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-എ സമ്മേളനഹാളിൽ യോഗം ചേർന്നു. ബഹു. ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 184 (3) അനുസരിച്ച് സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ.എം.എം. മണിയെ സമിതിയുടെ അധ്യക്ഷനായി ഹാജരായ അംഗങ്ങൾ തിരഞ്ഞെടുത്തു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഇ.എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ, എം., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. കെ. ഇളങ്കോവൻ, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്
2. ശ്രീ. എൻ. എസ്. പിള്ള, ഡയറക്ടർ (ഫിനാൻസ്), കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്.
3. ശ്രീമതി വി. രത്നമ്മ, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
4. ശ്രീ. ഒ. അശോകൻ, ഡയറക്ടർ (കോർപ്പറേറ്റ് പ്ലാനിംഗ് ആന്റ് സപ്ലൈചെയിൻ മാനേജ്മെന്റ്) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്

5. ശ്രീ. എസ്. രാജീവ്, ഡയറക്ടർ (ജനറേഷൻ -സിവിൽ ആന്റ് എച്ച്.ആർ.എം.), കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്

6. ശ്രീമതി പി. വിജയകുമാരി, ഡയറക്ടർ (ട്രാൻസ്മിഷൻ ആന്റ് സിസ്റ്റം ഓപ്പറേഷൻ), കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്

7. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ

8. ഡോ. ആർ. ഹരികുമാർ, ഡയറക്ടർ, അനെർട്ട്

9. ശ്രീ. എ. അജിത് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

10. ശ്രീമതി ആർ. ശ്രീലത സുകുമാരൻ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

11. ശ്രീ. വി. സി. അനിൽ തോമസ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

12. ശ്രീ. വിനോദ് ജേക്കബ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്

13. ശ്രീമതി റ്റി. നീത കുമാരി, ഫിനാൻസ് മാനേജർ, അനെർട്ട്.

സമിതി 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ—XXXIX (വൈദ്യുത പദ്ധതികൾ)-ന്റെ കീഴിലുള്ള വിവിധ ശീർഷകങ്ങൾ പരിഗണിക്കുകയും, ഊർജ്ജ വകുപ്പ്, ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും, താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

### 1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനായി ബോർഡിന് അനുവദിച്ച സബ്സിഡി ഇനത്തിൽ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ലഭിക്കേണ്ട തുക സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ, ആയതിലേയ്ക്ക് 2017-18 വർഷത്തിൽ ഈ ഇനത്തിൽ 768,24,00,000 രൂപയും, കൂടാതെ പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി 2017-18 സാമ്പത്തിക വർഷം തുടരുന്നതിലേയ്ക്ക് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ, ഈ ഇനത്തിൽ 40,00,000 രൂപയും ഉൾപ്പെടെ ആകെ 7,68,64,00,000 രൂപ 'വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-സബ്സിഡികൾ' എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് എല്ലാ വർഷവും നൽകുന്ന ധനസഹായമായ 52.40 കോടി രൂപയിൽ 2015-16-ൽ 10 കോടി മാത്രമെ ലഭിച്ചുള്ളൂയെന്നും ബാക്കി തുകയായ 42.40 കോടി രൂപ E-LAMS-ൽ ഉൾപ്പെടുത്തുകയാണുണ്ടായതെന്നും കണ്ടെത്തിയ സമിതി 2016-17-ൽ ബഡ്ജറ്റ് വിഹിതം വകയിരുത്തുകയുണ്ടായെങ്കിലും നാളിതുവരെ പ്രസ്തുത തുക ബോർഡിന് നൽകിയിട്ടില്ലാത്തതിനാൽ 'കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം' എന്ന ശീർഷകത്തിൽ 42,40,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഗ്രീൻ ബുക്ക് പദ്ധതി പ്രകാരം 2016-17-ലെ ബഡ്ജറ്റിൽ പൂവാർ ഫിഷർമെൻ കോളനിയിൽ 1 മെഗാവാട്ട് ശേഷിയുള്ള മൈക്രോവിൻഡ് പൈലറ്റ് പദ്ധതി സ്ഥാപിക്കുന്നതിനായി അനുവദിച്ച 6 കോടി രൂപ, പുതുക്കിയ ബഡ്ജറ്റിൽ 3 കോടി രൂപയായി കുറച്ചിട്ടുള്ളതിനാൽ ഈ പദ്ധതി സ്ഥാപിക്കുവാൻ ലഭിച്ച പ്രൊപ്പോസലുകളുടെ സൂക്ഷ്മപരിശോധന ആരംഭിച്ച സാഹചര്യത്തിൽ 'ഗ്രീൻ ബുക്ക് പദ്ധതി (കെ.എസ്.ഇ.ബി.എൽ.) 'എന്ന ശീർഷകത്തിൽ 3,00,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

തിരുവനന്തപുരം മുട്ടത്തറയിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി 13-2-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 45.26 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും 2015-16 സാമ്പത്തിക വർഷത്തിൽ 3.6281 കോടി രൂപ മാത്രമെ ലഭ്യമാക്കിയുള്ളൂവെന്ന് കണ്ടെത്തിയ സമിതി, പദ്ധതി നടപ്പിലാക്കുന്നതിനായി ബാക്കി തുകയായ 41,63,19,000 രൂപ 'കെ.എസ്.ഇ.ബി. ലിമിറ്റഡ്-നിക്ഷേപങ്ങൾ' എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഡ്രിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പുസാമ്പത്തിക വർഷം ഏകദേശം 46 കോടി രൂപയുടെ പ്രവർത്തികളാണ് നടന്നുവരുന്നത്. 2016-17 വർഷ കാലയളവിൽ 40 കോടി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നുവെങ്കിലും പുതുക്കിയ ബഡ്ജറ്റിൽ 25 കോടി മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ആയതിനാൽ ഈ വർഷം വകയിരുത്തിയിട്ടുള്ള 40.1 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഡ്രിപ്പിന്റെ കാലാവധി 2018-ൽ അവസാനിക്കുന്നതിനാലും കഴിഞ്ഞ വർഷം പൂർത്തീകരിച്ചതും ഈ വർഷം നടന്നുവരുന്നതുമായ ജോലികൾക്കായി തുക നൽകേണ്ടതിനാലും 'ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവർത്തികൾ (വിദേശ സഹായ പദ്ധതികൾ)' എന്ന ശീർഷകത്തിൽ 18,95,20,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2. <u>എനർജി മാനേജ്മെന്റ് സെന്റർ, കേരള</u>

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് 'എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം' എന്ന ശീർഷകത്തിൽ 2,40,68,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

3. <u>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്</u>

ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 'മീറ്റർ ടെസ്റ്റിംഗ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയുടെ നവീകരണ പദ്ധതി മരാമത്ത് പണികൾ എന്ന ശീർഷകത്തിൽ 4,26,07,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

4. <u>ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)</u>

അനർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണചെലവുകൾക്കുള്ള തുക അപര്യാപ്തമായതിനാൽ, 'ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനർട്ട്) ധനസഹായം' എന്ന ശീർഷകത്തിൽ 4,82,60,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

സമിതിയുടെ അടുത്ത യോഗം 2017 ഏപ്രിൽ 11-ാം തീയതി തിരുവനന്തപുരത്തു വച്ച് കൂടാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.40-ന് പിരിഞ്ഞു.

## 2017 ഏപ്രിൽ മാസം 11-ാം തീയതിയിലെ യോഗ നടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2017 ഏപ്രിൽ 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-ബി സമ്മേളനഹാളിൽ ബഹു. ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 184 (3) അനുസരിച്ച് ബഹു. ചെയർമാന്റെ അസാന്നിധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുമായ ശ്രീ. എം. എം. മണിയെ സമിതിയുടെ അദ്ധ്യക്ഷനായും, ചട്ടം 202 (2) പ്രകാരം റിപ്പോർട്ടിൽ ഒപ്പിടുന്നതിനും യോഗത്തിൽ ഹാജരായ അംഗങ്ങൾ തിരഞ്ഞെടുത്ത് സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം.എം. മണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

2. ശ്രീ. കെ. ദാസൻ, എം.എൽ.എ.

3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

4. ശ്രീ. പി. ഉണ്ണി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

സമിതി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും, XXXIX—വൈദ്യുതപദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു.

ഇതര സംസ്ഥാന തൊഴിലാളികളുടെ പുനരധിവാസ പദ്ധതി സംബന്ധിച്ച ഖണ്ഡിക (24)-ലെ ശിപാർശയിന്മേൽ, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 'അപ്നാഘർ' പദ്ധതി നടപ്പിലാക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയും ആയത് സംബന്ധിച്ച ശിപാർശ ഇതര സംസ്ഥാന തൊഴിലാളികളുടെ പാർപ്പിട പ്രശ്നങ്ങൾ സംബന്ധിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച റിപ്പോർട്ട് ചട്ടം 235 (എ) പ്രകാരം കൂടിയ യോഗത്തിന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുമ്പോൾ ആയതിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

പുതിയ ഐ.റ്റി.ഐ.-കൾ സ്ഥാപിക്കൽ സംബന്ധിച്ച ഖണ്ഡിക (31-ലെ ശിപാർശയിൽ രണ്ടാമത്തെ വരിയിൽ സൂചിപ്പിച്ച 'പേരാമ്പ്ര, പെരുമാട്ടി, വാമനപുരം എന്നിവിടങ്ങളിൽ' എന്നത് 'പടിയൂർ, പേരാമ്പ്ര, പെരുമാട്ടി, വാമനപുരം എന്നിവിടങ്ങളിൽ ' എന്ന് ഭേദഗതി വരുത്താൻ തീരുമാനിച്ചു.

വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ സംബന്ധിച്ചുള്ള ഖണ്ഡിക (48)-ലെ ശിപാർശയിൽ 'വിഹിതം: 8,98,61,000 രൂപ (പദ്ധതിയേതരം)' എന്നത് 'വിഹിതം 53,91,000 രൂപ (പദ്ധതിയേതരം)' എന്ന് ഭേദഗതി വരുത്താൻ തീരുമാനിച്ചു. [കൂടാതെ, ഖണ്ഡിക (48) ആയി വ്യവസായിക ട്രൈബ്യൂണൽ, തിരുവനന്തപുരം സംബന്ധിച്ച ശിപാർശ ഉൾപ്പെടുത്തുവാനും തുടർന്നുള്ള ശിപാർശകൾ പുനഃരക്കം ചെയ്യുന്നതിനും തീരുമാനിച്ചു].

യോഗം ഉച്ചയ്ക്ക് ശേഷം 12.15-ന് പിരിഞ്ഞു.

## 2017 മേയ് 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII 2017 മേയ് മാസം 15-ാം തീയതി തിങ്കളാഴ്ച, സഭാസമ്മേളനത്തിനുശേഷം 3.45-ന് നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. ടി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം. മണി ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ ദാസൻ, എം.എൽ.എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
4. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ഡോ. കെ. ഇളങ്കോവൻ, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്.
3. ശ്രീമതി. വി. രത്നമ്മ, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.
4. ശ്രീ. ഡി. ലാൽ, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
5. ശ്രീ. എൻ. എസ്. പിള്ള, ഡയറക്ടർ (ഫിനാൻസ്), കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്.
6. ശ്രീ. എസ്. രാജീവ്, ഡയറക്ടർ (ജനറേഷൻ-സിവിൽ ആന്റ് എച്ച്.ആർ.എം. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്)

7. ശ്രീ. എൻ. വേണുഗോപാൽ, ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ), കേരള സ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്

8. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ

9. ഡോ. ആർ. ഹരികുമാർ, ഡയറക്ടർ, അനെർട്ട്

10. ഡോ. ആർ. അജിതാ നായർ, ഡയറക്ടർ, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ

11. ശ്രീ. ജെ. എൻ. കിരൺ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (KILE)

12. ശ്രീ. വി. സി. അനിൽ തോമസ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

13. ശ്രീ. എൽ. ബിജു, ലേബർ കമ്മീഷണർ

14. ശ്രീ. വി. എസ്. ഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി, തൊഴിൽ വകുപ്പ്

15. ശ്രീ. എ. അലക്സാണ്ടർ, അഡീഷണൽ ലേബർ കമ്മീഷണർ

16. ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ ലേബർ കമ്മീഷണർ

17. ശ്രീമതി ഇ. എച്ച്. റംല, ചീഫ് എഞ്ചിനീയർ, അഗ്രിക്കൾച്ചറൽ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്

18. ശ്രീ. പി. എം. രഞ്ജിത്ത്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെയിലറിംഗ് വർക്കേഴ്സ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം

19. ശ്രീമതി കെ. സോഫിയ, സീനിയർ ഫിനാൻസ് ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

20. ശ്രീമതി പ്രീതി ലിയണോൾഡ്, ഫിനാൻസ് ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

21. ശ്രീ. ബി. അശോകൻ, ഫിനാൻസ് ഓഫീസർ, കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

I. സമിതി 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 1, 2, 3, 13, 14, 19, 23, 25, 28, 33, 35, 39, 41, 54, 60, 61, 62, 78, 82, 87, 98, 99, 101, 102, 105, 106 എന്നീ ഖണ്ഡികകളിലെ/ശിപാർശ

ഖണ്ഡികകളിന്മേൽ വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകൾ പരിഗണിച്ച് അംഗീകരിക്കുകയും, താഴെപ്പറയുന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു:

ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്-സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയുമായി ബന്ധപ്പെട്ട ഈ ശീർഷകം സംബന്ധിച്ച സർക്കാർ മറുപടി പരിഗണിക്കവേ ഖണ്ഡിക 1-ലെ ശിപാർശയ്ക്ക് സമിതി ശിപാർശ ചെയ്ത 1532 ലക്ഷം രൂപ ഉൾപ്പെടെ 31 കോടി രൂപയും ഖണ്ഡിക 2-ലെ ശിപാർശയ്ക്ക് സമിതി ശിപാർശ ചെയ്ത 1500 ലക്ഷം രൂപ ഉൾപ്പെടെ 1920 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ടെന്ന് ഇ.എസ്.ഐ. ഡയറക്ടർ അറിയിച്ചപ്പോൾ 29-12-2016-ൽ സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ ഇതുൾപ്പെട്ടിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ആയതും കൂടി ഉൾപ്പെടുത്തി സാമ്പത്തിക വർഷം അവസാനിച്ച ഘട്ടത്തിലെ സ്ഥിതിയനുസരിച്ചുള്ള മറുപടി ലഭ്യമാക്കാൻ നിർദ്ദേശം നൽകി.

ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്-മെഡിക്കൽ ക്ലെയിംസിന്റെ 'റീ-ഇംബേഴ്സ്മെന്റ്' ശീർഷകവുമായി ബന്ധപ്പെട്ട ഖണ്ഡിക 3-ലെ ശിപാർശയ്ക്കുള്ള മറുപടി പരിഗണിച്ചപ്പോഴും, പ്രസ്തുത ശീർഷകത്തിൽ രണ്ടരകോടി രൂപ 2016-17 വർഷത്തിൽ ലഭിച്ചിട്ടുണ്ടെന്നുള്ള ഡയറക്ടറുടെ മറുപടി ഉൾപ്പെടുത്തി ലേറ്റസ്റ്റ് റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് മുഖേന സമിതിക്ക് ലഭ്യമാക്കുവാൻ ചെയർമാൻ നിർദ്ദേശിച്ചു.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ആകെയുള്ള 79 ശിപാർശകളിൽ 13 എണ്ണത്തിനു മാത്രമെ മറുപടി ലഭിച്ചിട്ടുള്ളുവെന്നും 74-ൽ 13 എണ്ണത്തിൽ മാത്രമെ ലഭിച്ചിട്ടുള്ളതെന്നും സമിതിയുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറി സമിതിയെ ധരിപ്പിക്കുകയുണ്ടായി. ആയതിന് മറുപടി എത്രയും പെട്ടെന്ന് ലഭ്യമാക്കാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

മരം കയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായവുമായി ബന്ധപ്പെട്ട ഖണ്ഡിക 14-ലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കുന്നതിനുള്ള ധനപുനർവിനിയോഗ ശിപാർശ സമർപ്പിക്കുവാൻ 2016-17 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ സാധിക്കില്ലെന്ന വകുപ്പിന്റെ മറുപടിയിന്മേൽ, മരംകയറ്റ തൊഴിലാളികളുടെ അപകട ഇൻഷ്വറൻസിന്റെ കാര്യത്തിൽ കാലതാമസം വരുത്തുന്നത് ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

ശിപാർശ ഖണ്ഡിക 19-നുള്ള മറുപടി സമിതി അംഗീകരിക്കുകയുണ്ടായി.

കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിനുള്ള അംശദാനവുമായി ബന്ധപ്പെട്ട ഖണ്ഡിക 25-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കുവാൻ ധനപുനർവിനിയോഗ ശിപാർശ സമർപ്പിക്കുവാൻ 2016-17 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ സാധിക്കില്ലെന്ന വകുപ്പിന്റെ മറുപടിയിന്മേൽ, പലപ്പോഴും പല വകുപ്പുകളുടെയും കൈവശം വിനിയോഗിക്കാത്ത ഫണ്ട് ഉണ്ടായിരിക്കുകയും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം നൽകാതെ സമിതിയെകൊണ്ട് വീണ്ടും ഫണ്ടിനായി ശിപാർശ ചെയ്യിക്കുകയും ചെയ്യുന്ന പ്രവണത ശരിയല്ലെന്നും, ഈ വിഷയം ചർച്ചയ്ക്ക് വരുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വകുപ്പിന്റെ പക്കലുള്ള ചെലവഴിക്കാത്ത പണം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും, വകുപ്പിന്റെ പക്കൽ ഫണ്ട് ഉണ്ടെന്നും അനുവദിച്ചിട്ടുള്ള പണം പൂർണ്ണമായി ചെലവാക്കാത്തതുകൊണ്ട് സമിതിയുടെ ശിപാർശ തള്ളുന്നുവെന്ന ധനകാര്യ വകുപ്പ് നൽകുന്ന മറുപടി സമിതിയുടെ പരിഗണനയ്ക്ക് വരുന്ന സാഹചര്യം ഒരു നല്ല കീഴ്വഴക്കമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. മരംകയറ്റക്കാർ, കർഷകത്തൊഴിലാളികൾ, തയ്യൽത്തൊഴിലാളികൾ തുടങ്ങിയ പാവപ്പെട്ട ജനങ്ങൾക്ക് ഫണ്ട് കൃത്യമായി കിട്ടിയില്ലെങ്കിൽ നഷ്ടപരിഹാരം കൊടുക്കുവാൻ വ്യവസ്ഥയില്ലെന്നതാണ് പ്രധാന വിഷയമെന്ന് സമിതി നിരീക്ഷിച്ചു.

ശിപാർശ ഖണ്ഡിക നമ്പർ 28, 35 എന്നിവയ്ക്ക് ലഭ്യമാക്കിയ സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

കേരള ചുമട്ടുത്തൊഴിലാളി (വിഭിന്നമേഖലയിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതിക്കായുള്ള ഖണ്ഡിക 39-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ, അനുവദിച്ച തുക വിനിയോഗിക്കാതെ ബാക്കിയുള്ള സാഹചര്യത്തിൽ പദ്ധതിക്ക് സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക ഈ വർഷം അനുവദിക്കാനാവില്ലെന്ന് ധനകാര്യവകുപ്പ് അറിയിച്ചിട്ടുണ്ടെന്ന വകുപ്പിന്റെ മറുപടിയിന്മേൽ, 2016 ഒക്ടോബർ വരെയുള്ള പെൻഷൻ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ എന്നതും, 2017 മാർച്ച് വരെ തൊഴിലാളികൾക്ക് പെൻഷൻ നൽകിയിട്ടില്ല എന്നതും ശ്രീമതി ബിജിമോൾ, എം.എൽ.എ. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. എന്നാൽ അധിക തുക ധനകാര്യ വകുപ്പ് അനുവദിച്ചില്ലെങ്കിലും വകുപ്പിന്റെ പക്കൽ തുക ബാലൻസ് നിൽക്കുന്നു എന്ന സാഹചര്യം വകുപ്പിന്റെ പ്രവർത്തനത്തിൽ പ്രശ്നമുണ്ടെന്നു കാണിക്കുന്നതായി സമിതി നിരീക്ഷിച്ചു. ഗവൺമെന്റ്, ബോർഡിന് നൽകിയ തുക വിതരണം ചെയ്തു കഴിഞ്ഞു എന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന്, ബാങ്ക് മുഖേന പെൻഷൻ വിതരണം ചെയ്യുന്നതുകൊണ്ട് ബാങ്ക് അധികൃതർ ആധാറുമായി ലിങ്ക് ചെയ്ത ആളുകൾക്ക്

മാത്രമേ പണം വിതരണം ചെയ്യുകയുള്ളൂ എന്നും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

ഇവിടുള്ള വിഷയം തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് പണം ബോർഡ് കൊടുത്തിട്ടില്ല എന്നതാണെന്ന് ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ. അറിയിച്ചതിനെത്തുടർന്ന് ബോർഡുകളിൽ പെൻഷൻ കൊടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ സർക്കാർ ഉത്തരവ് പ്രകാരം ആധാർ ലിസ്റ്റ് ചെയ്തശേഷം ഐ.കെ.എം. സോഫ്റ്റ്‌വെയറിൽ ഡ്യൂപ്ലിക്കേഷൻ വെരിഫൈ ചെയ്തതിനുശേഷമാണെന്നും, ഈ നടപടിക്രമത്തിലൂടെ മാത്രമേ പെൻഷൻ കൊടുക്കാൻ സാധിക്കുകയുള്ളൂ എന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു ഒന്നിൽ കൂടുതൽ ബോർഡുകളിൽ നിന്നും ആരെങ്കിലും പെൻഷൻ വാങ്ങുന്നത് തടയുന്നതിനുവേണ്ടിയുള്ള ഈ സോഫ്റ്റ്‌വെയറിന്റെ പ്രോസസ്സിംഗ് പൂർത്തീകരിക്കാൻ സാധിക്കാത്ത ബോർഡുകളിലാണ് പെൻഷൻ വിതരണം പെൻഡിംഗ് വന്നതെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയുണ്ടായി.

ആധാർ മാനദണ്ഡമായി എടുത്തിട്ടുണ്ടെങ്കിലും ഈ കാരണം കൊണ്ടു മാത്രം പെൻഷൻ ഒഴിവാക്കാൻ കഴിയുകയില്ലെന്നും, പരാതികൾ പരിശോധിച്ച് അർഹതയുള്ളവർക്ക് പെൻഷൻ വിതരണം ചെയ്യുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു മരണമടഞ്ഞ തൊഴിലാളികളുടെ ആശ്രിതർക്കുള്ള പെൻഷൻ വിതരണത്തിനും സാങ്കേതികമായ തടസ്സങ്ങൾ പരിഹരിക്കുന്നതിനും, പെൻഷൻ ഡ്യൂപ്ലിക്കേഷൻ പരമാവധി ഒഴിവാക്കുന്നതിനും വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു. സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി സംബന്ധിച്ച ഖണ്ഡിക 41-ലെ ശിപാർശയിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ ഈ പദ്ധതിയിൽ സർക്കാർ വിഹിതം നൽകണമെന്നത് സംബന്ധിച്ച് വ്യവസ്ഥകളൊന്നുമില്ലാത്തതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക അനുവദിക്കാനാവില്ലെന്ന ധനകാര്യ വകുപ്പിന്റെ മറുപടി ഒഴിവാക്കേണ്ടതായിരുന്നു എന്നും, സബ്ജക്ട് കമ്മിറ്റി സ്ക്രൂട്ടണി ചെയ്യുന്ന അവസരത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇത് ഗവൺമെന്റ് നയപരമായി തീരുമാനിക്കേണ്ട കാര്യമാണെന്നും ഇക്കാര്യത്തിൽ മാറ്റാനാണെന്നും, നിയമഭേദഗതി ആവശ്യമാണെന്നതും സമിതി ശിപാർശ ചെയ്താലും ധനകാര്യവകുപ്പ് നിരസിക്കാനുള്ള സാദ്ധ്യത ഉണ്ടെന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു. സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

തൊഴിലില്ലാത്തവർക്ക് സഹായം നൽകാനുള്ള പദ്ധതിയും, സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയും സംബന്ധിച്ച ഖണ്ഡിക 54-ലെ ശിപാർശയിൻമേൽ 2016-17 വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയ തുക പര്യാപ്തമായതിനാൽ അധികതുക ആവശ്യമില്ലെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ എല്ലാ ജില്ലകളിലും ട്രെയിനിംഗ് പ്രോഗ്രാം നടത്തുന്നതിന് ജനപ്രതിനിധികൾ സമീപിക്കുമ്പോൾ ഫണ്ടില്ലെന്ന മറുപടിയാണ് ലഭിക്കുന്നതെന്ന് ശ്രീമതി ഇ. എസ്. ബിജിമോൾ, എം. എൽ. എ. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. 'കെസ്റു'-വിന് കൊടുക്കുന്ന ഫണ്ട് ഉപയോഗിച്ച് പരിശീലന പരിപാടികൾ നടത്തുന്നതിന് ഇവർക്ക് കോമ്പീറ്റന്റായ ആളുകളില്ലെന്നും, ഫോളോ-അപ്പ് ഇല്ലാതെ ചടങ്ങിനൊരു ട്രെയിനിംഗ് പ്രോഗ്രാമായി മാറുന്ന അവസ്ഥയാണുള്ളതെന്നും, തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്താനുള്ള യാതൊരു സാഹചര്യവും ഈ പ്രോഗ്രാമുകൾ ഒരുക്കുന്നില്ലെന്നും, കമ്മിറ്റഡായിട്ടുള്ളവർ ഇത്തരം പ്രോഗ്രാമുകൾ ഏറ്റെടുത്ത് ചെയ്യുകയോ, കഴിവുള്ള ഏജൻസികൾക്ക് ഔട്ട് സോഴ്സ് ചെയ്യിക്കുകയോ വേണമെന്നും സമിതി അഭിപ്രായപ്പെട്ടു.

സ്വന്തമായി തൊഴിൽ കണ്ടെത്താൻ കേരളത്തിലെ ചെറുപ്പക്കാർക്ക് വിമുഖത ഉണ്ടെന്നും എന്നിരുന്നാലും ഈ വർഷം കൂടുതൽ വിപുലമായ പ്രോഗ്രാമുകൾ സംഘടിപ്പിക്കുമെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ/ലോക്കൽ ബോഡീസിനെ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി, ജില്ലകളിലെ എംപ്ലോയ്ബിലിറ്റി സെന്ററുകൾ വഴി ജോബ് ഫെയറുകൾ സംഘടിപ്പിക്കണമെന്നും എല്ലാ ജില്ലകളിലും ഇത് വ്യാപകമാക്കുകയും, എം.എൽ.എ.-മാരുടെ സഹായത്തോടെ ഇത് വിപുലമാക്കിയും, കേരളത്തിലുടനീളം തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളെ സ്വകാര്യമേഖലകളിൽ കൂടി കൊണ്ടുവരുന്നതിനും ശ്രമിക്കണമെന്നും സമിതി നിർദ്ദേശിച്ചു. സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമപ്രവർത്തനവും(കൈവല്യ) പദ്ധതി സംബന്ധിച്ച ഖണ്ഡിക 60-ലെ ശിപാർശയുമായി ബന്ധപ്പെട്ട് ടി പദ്ധതിക്ക് ഭേദഗതി പത്രികയിൽ 50 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതിനാൽ, അധികതുക ആവശ്യമില്ലെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം സമിതി പരിഗണിക്കവേ, കൈവല്യ പദ്ധതിക്ക് പ്രചരണത്തിന്റെ കുറവുള്ളതായും ഇതു പരിഹരിക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു. ടെലിവിഷൻ, എഫ്.എം. റേഡിയോ തുടങ്ങിയവ വഴി പ്രചരണത്തിനും പരസ്യത്തിനും കുറച്ച് തുക ചെലവാക്കണമെന്നും, കൂടുതൽ പേരെ രജിസ്റ്റർ ചെയ്യിപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ നടപ്പിലാക്കി വരുന്ന

പദ്ധതികളെക്കുറിച്ച് എം.എൽ.എ.മാർക്കായി ഒരു പ്രസന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കാമെന്നും ചെയർമാൻ അറിയിച്ചു. ഖണ്ഡിക 60-നുള്ള മറുപടി സമിതി ഖണ്ഡിക 61-നുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

ശരണ്യ പദ്ധതിയുമായി ബന്ധപ്പെട്ട് 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ഖണ്ഡിക 62-ലെ ശിപാർശയ്ക്ക് പണം അനുവദിക്കാൻ കഴിയില്ലെന്ന ധനകാര്യ വകുപ്പിന്റെ മറുപടി പരിഗണിക്കവെ, സേവിംഗ്സ് മേജർ ഹെഡ്ഡിൽ നിന്നും കണ്ടെത്തണമെന്നും, അധിക തുക നൽകുവാൻ നിവൃത്തിയില്ലെന്നുമാണ് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളതെന്നും, മേജർ ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽ പണമുണ്ടെങ്കിൽ അത് റീ- റ്റ്ട്ട് ചെയ്യാൻ സാധിക്കുകയില്ലെന്നും, വർഷാവസാനം ലഭ്യമായ ഫണ്ട് നോക്കിയാണ് മറുപടി തരുന്നതെന്നും തൊഴിലും നൈപുണ്യവും വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ എംപ്ലോയ്മെന്റ് (കിലെ) സഹായധനവുമായി ബന്ധപ്പെട്ട <u>ഖണ്ഡിക 78</u>-ലെ ശിപാർശയിൻമേൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യത്തിൽ അധികതുക അനുവദിച്ചില്ലെന്ന മറുപടി പരിഗണിക്കവെ, 'കിലെ'യുടെ പ്രവർത്തനം വളരെ മോശമായതിനാൽ, എല്ലാവരുടെയും പങ്കാളിത്തത്തോടുകൂടി അത് ശക്തിപ്പെടുത്തണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു. സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം സംബന്ധിച്ച <u>ഖണ്ഡിക 13</u>-ലെ ശിപാർശയിന്മേൽ, 2016-17-ലെ ബഡ്ജറ്റ് വിഹിതമായ 240 ലക്ഷം രൂപ കൂടാതെ അധികമായി അനുവദിച്ച 5487.68 ലക്ഷം രൂപ ഉപയോഗിച്ചു. 2016 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ വിതരണം നടത്തി എന്നുള്ള സർക്കാരിൽ നിന്നുള്ള മറുപടി പരിഗണിക്കവേ കടിശ്ശിക കൊടുത്തു തീർക്കാൻ എത്ര കോടി രൂപ സംസ്ഥാന ഗവൺമെന്റ് വിവിധ ക്ഷേമനിധി ബോർഡുകളിലായി കൊടുത്തിട്ടുണ്ടെന്നുള്ളതിന്റെ ഡീറ്റെയിൽസ് ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ. ആവശ്യപ്പെടുകയും, തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആയതു നൽകാമെന്ന് സമിതിയെ അറിയിക്കുകയും ചെയ്തു.

ഖണ്ഡിക 13, 23, 33 എന്നിവയ്ക്കുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

തുടർന്ന്, സമിതി ഊർജ്ജവകുപ്പ് ലഭ്യമാക്കിയ നടപടിക്കുറിപ്പുകൾ പരിഗണിക്കുകയും ഖണ്ഡിക നമ്പർ 87, 97, 98, 99, 101, 102, 105, 106 എന്നിവയ്ക്കുള്ള സർക്കാർ മറുപടി അംഗീകരിക്കുകയുണ്ടായി.

II. സമിതി വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

III. ശ്രീമതി ഇ. എസ്. ബിജിമോൾ, എം. എൽ. എ. ബഹു. സമിതി ചെയർമാനോട് തോട്ടം പാക്കേജിനെപ്പറ്റി ആരായുകയും, ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോൾ പൂട്ടിക്കിടക്കുന്ന 13 തോട്ടങ്ങൾ തുറക്കുന്നതിനും, പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന തോട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും തോട്ടം മേഖലയുമായി ബന്ധപ്പെട്ട പാക്കേജ് പ്രഖ്യാപിച്ചിരുന്നെങ്കിലും തുക പറഞ്ഞിരുന്നില്ല എന്നറിയിക്കുകയും ചെയ്തു. പഴയ പാക്കേജുകളെല്ലാം പരിശോധിച്ചതിനുശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്നതിനെക്കുറിച്ചും മറ്റ് വിശദാംശങ്ങളെക്കുറിച്ചും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതാണെന്നും, പ്ലാന്റേഷന്റെ ക്രൈസിസ് പരിഹരിക്കുന്നതിനായി റിപ്പോർട്ടുകളെല്ലാം പരിശോധിച്ച് ഗവൺമെന്റ് ചെയ്യാനുള്ള കാര്യങ്ങളെക്കുറിച്ച് നിർദ്ദേശം തയ്യാറാക്കുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും, പ്ലാന്റേഷൻ മേഖലയിലുള്ളത് ഒരു Burning Issue ആണെന്നും, പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ഉടമകളെയും, ട്രേഡ് യൂണിയൻകാരെയും വിളിച്ച് കാര്യങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ചെയർമാൻ മറുപടിയായി അറിയിച്ചു.

യോഗം വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.

## 2017 ജൂലൈ 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, ജൂലൈ 27-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V 'എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി.പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. കെ. ദാസൻ, എം.എൽ.എ.
2. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
3. ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി.
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ജയശ്രീ, എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീമതി പി. കെ. സീതാ ലക്ഷ്മി, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
3. ശ്രീമതി എൽ. ഗീത, അഡീഷണൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
4. ഡോ. ആർ. അജിതാ നായർ, ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.
5. ശ്രീ. ശ്രീറാം വെങ്കട്ടരാമൻ, ഡയറക്ടർ, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്.
6. ശ്രീ. പി. പ്രമോദ്, ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്.
7. ഡോ. ആർ.എൽ. സരിത, ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്.
8. ശ്രീ. കെ. ബിജു, ലേബർ കമ്മീഷണർ.
9. ശ്രീ. കെ. ഒ. ജോർജ്ജ്, അഡീഷണൽ ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്.
10. ശ്രീ. എ. അലക്സാണ്ടർ, അഡീഷണൽ ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്.
11. ശ്രീ. ബി. ശ്രീകമാർ, അഡീഷണൽ ഡയറക്ടർ, വ്യവസായിക പരിശീലനം.
12. ശ്രീ. കെ. എൽ. ഷാജിമോൻ, ഫിനാൻസ് ഓഫീസർ, തൊഴിൽ വകുപ്പ്.
13. ശ്രീമതി കെ. സോഫിയ, സീനിയർ ഫിനാൻസ് ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റ്.

2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലും 2016-17 സാമ്പത്തികവർഷത്തെ

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലും സർക്കാരിൽ നിന്നു ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ, പാർപ്പിട, സുരക്ഷാ, രജിസ്ട്രേഷൻ സംബന്ധിച്ച 28-12-2016-ലെ യോഗത്തിൽ സമിതിയുടെ നിർദ്ദേശങ്ങളിന്മേൽ ലഭ്യമായ മറുപടികൾ എന്നിവ സമിതി പരിഗണിക്കുകയും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

## I. സമിതി പരിഗണിച്ച മറുപടി സ്റ്റേറ്റുമെന്റുകൾ

1. 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകൾ

(ഫയൽ നമ്പർ 3511/സബ്.സി.സി1/2015/നി.സെ.)

<u>തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്</u>

ശിപാർശ ഖണ്ഡിക നമ്പർ 1,2,3,4,5,6,7 എന്നിവയുളള നടപടി സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു.

<u>തൊഴിലും നൈപുണ്യവും (ബി) വകുപ്പ്</u>

ശിപാർശ ഖണ്ഡിക നമ്പർ 36 സംബന്ധിച്ച അധിക വിവരത്തിന് ലഭിച്ച മറുപടി 40,41,42 എന്നീ ഖണ്ഡികകൾ സംബന്ധിച്ച നടപടി സ്റ്റേറ്റുമെന്റുകൾ എന്നിവ സമിതി അംഗീകരിച്ചു.

2. 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 4802/സബ്.സി.സി1/2016/നി.സെ.)

<u>തൊഴിലും നൈപുണ്യവും (ജി) വകുപ്പ്</u>

ശിപാർശ ഖണ്ഡിക നമ്പർ 4,5,6,7,8,9,10,11,12 എന്നിവകളുള്ള നടപടി സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു.

<u>തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്</u>

ചുവടെപ്പറയുന്ന ശിപാർശ ഖണ്ഡികകൾക്ക് സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റ് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം അംഗീകരിക്കുകയും ചെയ്തു :

<u>ഖണ്ഡിക നമ്പർ 15</u>

തൊഴിലിനിടയിൽ അപകടം സംഭവിക്കുന്ന മരംകയറ്റത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകി വരുന്ന ധനസഹായം ഉയർത്തുന്നത് സംബന്ധിച്ച നടപടികളെ കുറിച്ച് ചെയർമാൻ ആരാഞ്ഞതിന് മരംകയറ്റത്തൊഴിലാളികളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരികയാണെന്നും ആയതിനുശേഷം ടി ശിപാർശയിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്നും തൊഴിലും നൈപുണ്യവും വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

<u>ഖണ്ഡിക നമ്പർ 16</u>

2016-17-ലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് 2017 മാർച്ച് വരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ടെന്നും ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനായി ധനകാര്യ വകുപ്പിനോട് അഡീഷണൽ ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

<u>തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്</u>

ചുവടെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകൾക്ക് സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം അംഗീകരിക്കുകയും ചെയ്തു:

<u>ഖണ്ഡിക നമ്പർ 17</u>

തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും എന്ന ശീർഷകം സംബന്ധിച്ച ശിപാർശയ്ക്ക് സർക്കാരിൽ നിന്നു ലഭ്യമാക്കിയ മറുപടി പരിശോധിച്ച സമിതി പ്രസ്തുത ഹെഡ്ഡിലേക്ക് സമിതി അധികമായി ശിപാർശ ചെയ്തിരുന്ന 50 ലക്ഷം രൂപ ലഭിക്കുന്നതിന് ലേബർ കമ്മീഷണർ ശിപാർശ സമർപ്പിക്കാത്തതു സംബന്ധിച്ച് ആരാഞ്ഞതിന് കെൽട്രോൺ സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്തത് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ടായതിനാൽ പേയ്മെന്റ് നടത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഡിലേ ഉണ്ടായെങ്കിലും ഐ.ടി. മിഷനുമായി ചർച്ച ചെയ്ത് പ്രസ്തുത വിഷയം പരിഹരിച്ചിട്ടുണ്ടെന്നും ഇങ്ങനെയൊരു പ്രശ്നം നിലനിന്നതുകൊണ്ടാണ് അഡീഷണൽ ഫണ്ടിനായി ശിപാർശ സമർപ്പിക്കുവാൻ സാധിക്കാതിരുന്നതെന്നും തൊഴിലും നൈപുണ്യവും വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

ഖണ്ഡിക നമ്പർ 20

സംസ്ഥാനത്ത് സാമ്പത്തിക മാന്ദ്യം നിലനിൽക്കുന്നതിനാൽ ബോധവൽക്കരണ പരിപാടികളുടെ എണ്ണം കുറയ്ക്കണമെന്ന് ധനകാര്യവകുപ്പിന്റെ ഭാഗത്തു നിന്നും നിർദ്ദേശമുണ്ടായ സാഹചര്യത്തിൽ ഇതു സംബന്ധിച്ച തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് തൊഴിലും നൈപുണ്യവും വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിക്കുകയും ഈയിനത്തിൽ അടിയന്തരമായി ഫണ്ട് അനുവദിക്കുവാൻ ധനകാര്യവകുപ്പിനോട് ശിപാർശ ചെയ്യാമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

ഖണ്ഡിക നമ്പർ 22

സംസ്ഥാനത്ത് 60 വയസ് പൂർത്തിയാക്കിയ എത്ര ചുരുട്ട തൊഴിലാളികളുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് 60 വയസ്സ് തികഞ്ഞ 3011 ബീഡി തൊഴിലാളികൾക്കും 165 സിഗാർ തൊഴിലാളികൾക്കുമാണ് പെൻഷൻ നൽകുന്നതെന്നും ബീഡി-ചുരുട്ട തൊഴിലാളികൾക്ക് 2017 മാർച്ച് മാസം വരെയുള്ള പെൻഷൻ പൂർണ്ണമായും കൊടുത്തു കഴിഞ്ഞുവെന്നും ഓണം വരെയുള്ള പെൻഷൻ തുക നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

ഖണ്ഡിക നമ്പർ 24

2017 മാർച്ച് മാസം വരെയുള്ള ബീഡി-സിഗാർ തൊഴിലാളി ക്ഷേമ നിധി പെൻഷൻ കുടിശ്ശിക വിതരണം ചെയ്തു കഴിഞ്ഞുവെന്ന് അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

ഖണ്ഡിക നമ്പർ 26

ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളികൾക്ക് 2017 മാർച്ച് 31 വരെയുള്ള പെൻഷൻ കുടിശ്ശിക പൂർണ്ണമായി കൊടുത്തു കഴിഞ്ഞുവെന്നും മാർച്ചിനുശേഷം അടുത്ത സാമ്പത്തിക വർഷമായതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക മാത്രമേ വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂവെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

ഖണ്ഡിക നമ്പർ 27

പൂട്ടിക്കിടക്കുന്ന കമ്പനികളിലെയും എസ്റ്റേറ്റുകളിലെയും തൊഴിലാളികൾക്ക് നൽകി വരുന്ന പ്രത്യേക ഉത്സവ ആനുകൂല്യം നൽകുന്നതിനായി സമിതി ശിപാർശ ചെയ്ത 50 ലക്ഷം രൂപ ആവശ്യമായി വന്നില്ലായെന്നും, ബജറ്റിൽ അനുവദിച്ച തുകയിൽ ബാക്കിവന്ന തുക ട്രഷറിയിൽ തിരിച്ചടച്ചുവെന്നുമുള്ള സർക്കാർ മറുപടി സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് ജില്ലാ ലേബർ ഓഫീസർ നൽകുന്ന

കണക്കപ്രകാരം മുഴുവൻ ഗുണഭോക്താക്കൾക്കും പെൻഷൻ അനുവദിക്കുമെങ്കിലും, ഫാക്ടറി തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനായി അനുവദിക്കുന്ന തുക പൂർണ്ണമായി വിനിയോഗിക്കാറുണ്ടെന്നും എന്നാൽ കാഷ്വൽ കയർ തൊഴിലാളികൾ പലപ്പോഴും പെൻഷൻ വാങ്ങാൻ വരാറില്ലെന്നും അത്തരം സാഹചര്യങ്ങളിൽ വിതരണത്തിനുശേഷമുള്ള തുക ജില്ലാ ട്രഷറികളിൽ തിരിച്ചടയ്ക്കാറുണ്ടെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

ഖണ്ഡിക നമ്പർ 29

തിരുവനന്തപുരത്തെ ബോണക്കാട് എസ്റ്റേറ്റ്, പൂട്ടിയ പതിമൂന്ന് തോട്ടങ്ങളിൽ ഉൾപ്പെട്ടതാണെന്നും ഇവിടുത്തെ ലയങ്ങളിൽ ഇപ്പോഴും കുറച്ച് താമസക്കാരുണ്ടെന്നും പ്രസ്തുത ലയങ്ങളുടെ പുനരുദ്ധാരണത്തിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിക്കുന്ന പ്രോജക്ടുകളിന്മേൽ പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം ടി ഫണ്ട് വിനിയോഗിക്കുന്നതിനായി ഭരണാനുമതി നൽകുന്നതെന്നും വയനാട്ടിലെ ചെമ്പറ ടീ എസ്റ്റേറ്റ് 2016-17-ൽ പൂട്ടിയ തോട്ടങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണത്തിന് എക്സ്ഗ്രേഷ്യ പേമെന്റ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

ഖണ്ഡിക നമ്പർ 42, 43

അപ്നാഘർ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് കഞ്ചിക്കോട് ആരംഭിച്ച നിർമ്മാണ പ്രവൃത്തികൾ 2016 ഒക്ടോബർ മാസത്തോടുകൂടി പൂർത്തീകരിക്കുമെന്നാണ് പറഞ്ഞിരുന്നതെങ്കിലും 2017 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി മാത്രമേ ടി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു

പ്രസ്തുത പദ്ധതിക്കായി അധികം ആവശ്യപ്പെട്ട ഫണ്ട് അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് വീണ്ടും ആവശ്യപ്പെടണമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

ശിപാർശ ഖണ്ഡിക നമ്പർ 44, 45, 46, 47, 48, 49, 50 എന്നിവയ്ക്ക് സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ചുവടെ കൊടുത്തിരിക്കുന്ന ശിപാർശ ഖണ്ഡികകൾക്ക് സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം അംഗീകരിക്കുകയും ചെയ്തു:

<u>ഖണ്ഡിക നമ്പർ 51, 52, 53</u>

2016-17 വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഒരു ഇനത്തിലും അധിക തുക ആവശ്യമില്ല എന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചതിനാൽ അധിക തുക അനുവദിച്ചിട്ടില്ല എന്ന സർക്കാർ മറുപടി സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും സബ് ഓഫീസുകൾ കമ്പ്യൂട്ടർ വത്കരിക്കാൻ അധികമായി തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും എൻ.ഐ.സി. (NIC) യുടെ സോഫ്റ്റ്‌വെയർ ആയതുകൊണ്ട് ചുരുങ്ങിയ ചെലവിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചുവെന്നും അവസാന സ്റ്റേജായ സെലക്ഷൻ പ്രോസസ്സ് മാത്രമാണ് ബാക്കിയുള്ളതെന്നും ആയതിനാലാണ് സമിതി ശിപാർശ ചെയ്തിട്ടും അധികതുക ആവശ്യമില്ലായെന്ന് റിപ്പോർട്ട് നൽകിയതെന്നും പ്രസ്തുത വിവരം സമിതിയെ അറിയിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടെന്നും ഇക്കാര്യം ഇനിമുതൽ പ്രത്യേകം ശ്രദ്ധിക്കാമെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

<u>ഖണ്ഡിക നമ്പർ 54, 55, 56, 57, 58, 59</u>

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ എല്ലാ ഇനത്തിലും അധികമായി തുക ആവശ്യമില്ലെന്ന് മറുപടി നൽകുവാനുള്ള കാരണം സമിതി ആരാഞ്ഞതിന് ഇത് ബാങ്ക് വഴി നടത്തുന്ന പ്രോഗ്രാമാണെന്നും അവസാനഘട്ടത്തിൽ ബാങ്കിൽ നിന്നും നിശ്ചിത തുക ലോണായി ആവശ്യപ്പെട്ടെങ്കിലും ടി പ്രോജക്ട് വയബിളല്ലെന്ന കാരണത്താൽ ബാങ്കിൽ നിന്നും ലോൺ അനുവദിക്കുകയുണ്ടായില്ലെന്നും പെൻഡിംഗിലുണ്ടായിരുന്ന എൺപതോളം അപേക്ഷകൾ തീർപ്പാക്കുന്നതിനുവേണ്ടിയാണ് മുൻകൂറായി തുക ആവശ്യപ്പെട്ടതെന്നും പക്ഷേ മാർച്ച് മാസം അവസാനമായിട്ടും ഡി.എൽ.സി. സമർപ്പിച്ച അപേക്ഷകൾ പാസ്സാക്കാൻ ബാങ്ക് അധികൃതർ തയ്യാറായില്ലായെന്നും വ്യാവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

എന്നാൽ ഇക്കാര്യങ്ങൾ സമിതി മുമ്പാകെ സമർപ്പിച്ച കുറിപ്പിൽ ഉൾപ്പെടുത്തിയില്ലായിരുന്നുവെന്നും ആയതിൽ പറയുന്ന കാര്യങ്ങൾക്ക് വ്യക്തതയുണ്ടാവണമെന്നും സമിതി നിർദ്ദേശിച്ചു. കൈവല്യ പദ്ധതിക്കായി 50 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നതെന്നും പ്രസ്തുത തുക പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ടെന്നും കൂടാതെ ഈ വർഷത്തിൽ തന്നെ 12 കോടി രൂപയുടെ ഡിമാന്റ് വന്നിട്ടുണ്ടെന്നും അതിനായി കഴിഞ്ഞ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ 5 കോടി അധികമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും വ്യാവസായിക പരിശീലന വകുപ്പ് അഡിഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

പലപ്പോഴും സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് ധനകാര്യവകുപ്പ് അധികവിവരങ്ങൾ ആരായുന്നതെന്നും ആ ഘട്ടത്തിൽ ബന്ധപ്പെട്ട ഡയറക്ടർമാർ ഫീൽഡ് ഓഫീസർമാരോട് അഡീഷണലായി തുക ആവശ്യമുണ്ടോ എന്ന് ആരാഞ്ഞതിനു ശേഷമാണ് അധികമായി തുക ലഭ്യമാക്കുന്നതെന്നും അത്തരത്തിൽ തുക ലഭിക്കുമ്പോൾ അത് ചെലവഴിക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നതുകൊണ്ടാണ് അധികതുക ആവശ്യമില്ലായെന്ന മറുപടി നൽകുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

മേൽപ്പറഞ്ഞ അവസ്ഥയിൽ ഒന്നരമാസംകൊണ്ട് ചെയ്തു തീർക്കേണ്ട പ്രോജക്ടുകൾക്കെങ്കിലും ടി തുക പൂർണ്ണമായും ചെലവഴിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

പല പ്രോജക്ടുകളും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിനുശേഷം അസംബ്ലിയിൽ പാസ്സാക്കി അതിനുള്ള ക്ലിയറൻസ് കൊടുക്കുന്ന നടപടിയാണ് തുടർന്നുവരുന്നതെന്നും പിന്നീട് സമിതിയിൽ നിന്നുള്ള പ്രൊപ്പോസൽ വരുമ്പോൾ അഡീഷണൽ റിക്വസ്റ്റിന് ധനകാര്യ വകുപ്പിൽ നിന്നും മറുപടി ലഭിക്കുന്നത് ഡിസംബർ മാസത്തോടുകൂടി യായിരിക്കുമെന്നും ശേഷിക്കുന്ന രണ്ട് മാസത്തിനുള്ളിൽ മാത്രമാണ് ധനകാര്യവകുപ്പ് ഫണ്ട് പ്രൊവൈഡ് ചെയ്യുന്നതെന്നും ചില പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രമാണ് ഫണ്ട് അലോട്ട് ചെയ്യുന്നതെന്ന പ്രശ്നമുണ്ടെന്നും അങ്ങനെ വരുമ്പോൾ പ്രസ്തുത തുക അലോട്ട് ചെയ്താലും അത് ചെലവഴിക്കാൻ സാധിക്കാതെ വരുമെന്നുള്ളതുകൊണ്ട് ഫണ്ട് ആവശ്യമില്ലെന്ന മറുപടി ബന്ധപ്പെട്ട വകുപ്പിന് നൽകേണ്ടിവരുന്നതെന്നും അഥവാ ഈ ഫണ്ട് ലഭിച്ചാൽ തന്നെയും അത് സറണ്ടർ ചെയ്യേണ്ട സ്ഥിതിയുണ്ടാകുമെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

മേൽ പ്രസ്താവിച്ച പ്രശ്നങ്ങൾ എല്ലാ വകുപ്പുകൾക്കും ബാധകമാണെന്ന് സമിതി വിലയിരുത്തി. പ്രസ്തുത കാര്യങ്ങൾ സമിതി മുമ്പാകെ സമർപ്പിക്കുന്ന നോട്ടിൽ വ്യക്തമാക്കണമെന്നും സമിതി അധികമായി തുക ശിപാർശ ചെയ്യുകയും ബന്ധപ്പെട്ട വകുപ്പ് ഡയറക്ടർ തുക ആവശ്യമില്ലെന്ന് മറുപടി നൽകുകയും ചെയ്യുമ്പോൾ ഭാവിയിൽ ഇത് പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ടെന്നും അതുകൊണ്ട് ഇക്കാര്യങ്ങൾ കുറച്ചുകൂടി ഗൗരവത്തോടെ പരിഗണിക്കാനും കാര്യക്ഷമതയോടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനും ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിച്ചു

ഓരോ ഹെഡ്ഡിനും അധികമായി അനുവദിക്കുന്ന തുക ആവശ്യമില്ലെന്ന് പറയുന്നതിനുള്ള വ്യക്തമായ കാരണം സമിതി മുമ്പാകെ മറുപടി നൽകുമ്പോൾ ശ്രദ്ധിക്കുന്നതാണെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

ഖണ്ഡിക നമ്പർ 63, 64

ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് വളരെ വിശദമായ മറുപടിയാണ് ഡയറക്ടറേറ്റിൽ നിന്നും ഡിപ്പാർട്ടുമെന്റിലേക്ക് അയച്ചു കൊടുക്കുന്നതെന്നും ടി മറുപടി ബന്ധപ്പെട്ട വകുപ്പ് പരിശോധിച്ചശേഷം അതിലുള്ള പ്രധാനപ്പെട്ട ഇഷ്യു മനസ്സിലാക്കാതെ മറുപടി കംപ്രസ് ചെയ്യുകയും സമിതി മുമ്പാകെ സമർപ്പിക്കുന്ന നോട്ടിൽ അധികമായി തുക ആവശ്യമില്ലെന്ന് ഡയറക്ടർ പറഞ്ഞതായുള്ള മറുപടി മാത്രം റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതെന്നും അടുത്ത തവണ മറുപടി ലഭ്യമാക്കുമ്പോൾ പ്രത്യേകം ശ്രദ്ധിച്ച് ഇക്കാര്യം പരിഹരിക്കുന്നതുമാണെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. മേൽ വിഷയം വകുപ്പ് വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

70,71,72,73,75,77,79,80,81 ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിക്കുകയും താഴെപ്പറയുന്ന ഖണ്ഡികകൾ സംബന്ധിച്ച മറുപടികൾ ചർച്ചകൾക്കുശേഷം അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡിക നമ്പർ 65

പ്രസ്തുത ഹെഡ്ഡിലേക്ക് അഡീഷണൽ ആതറൈസേഷനിലൂടെ തുക അനുവദിച്ചതുകൊണ്ടാണ് അധികമായി തുക ആവശ്യമില്ലെന്ന് മറുപടി നൽകിയതെന്നും പക്ഷേ സമിതിക്ക് സമർപ്പിച്ച നോട്ടിൽ കാരണം വ്യക്തമാക്കിയിട്ടില്ലെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

ഖണ്ഡിക നമ്പർ 66,67,68,69

ധനകാര്യ വകുപ്പിൽ നിന്നും ഡിസംബർ മാസം ഫണ്ട് ലഭിക്കുന്നതുകൊണ്ടാണ് ചെലവഴിക്കുവാൻ കഴിയാത്തതെന്നും അതിനൊരു മാറ്റമുണ്ടാക്കാൻ ധനകാര്യവകുപ്പുമായി ആലോചിച്ച് കൂടുതൽ എളുപ്പത്തിൽ പ്രോജക്ടുകൾക്കാവശ്യമുള്ള ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ടെന്നും പല ഡിപ്പാർട്ടുമെന്റിൽ നിന്നും അഡീഷണൽ ഡിമാന്റ് വരുമ്പോൾ ധനകാര്യ വകുപ്പ് പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം മാത്രമേ ഫണ്ട് അലോട്ട് ചെയ്യുകയുള്ളൂവെന്നും ഇത്തരമൊരു സാഹചര്യത്തിൽ ഫണ്ട് അനുവദിക്കുന്നതിന് കാലതാമസം നേരിടാറുണ്ടെന്നും ഫണ്ട് അലോട്ട്മെൻറിലുണ്ടാകുന്ന കാലതാമസം സിവിൽ വർക്കുകളെ കാര്യമായി ബാധിക്കാറുണ്ടെന്നും അതുകൊണ്ട് അനുവദിച്ച തുകയുടെ 25% ചെലവഴിച്ചിരിക്കണമെന്ന്

ബഹു. മുഖ്യമന്ത്രി പങ്കെടുത്ത റിവ്യൂ മീറ്റിംഗിൽ എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ചില പ്രോജക്ടുകളുടെ കാര്യത്തിൽ അത് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ചില പ്രോജക്ടുകളിൽ വർക്കിംഗ് ഗ്രൂപ്പിന്റെ അപ്രൂവൽ ലഭിച്ചശേഷം വീണ്ടും ധനകാര്യവകുപ്പിന്റെ അപ്രൂവൽ വാങ്ങേണ്ട സാഹചര്യമുണ്ടാകുന്നുണ്ടെന്നും ഡിസംബർ മാസത്തോടുകൂടി പ്രധാനപ്പെട്ട കോർ പ്രോജക്ടുകളെല്ലാം പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാതെ വരുമ്പോൾ ജനങ്ങൾക്ക് ഉപകാരപ്രദമായ കൈവല്യ പോലുള്ള നിരവധി പദ്ധതികൾ സാങ്കേതിക കാരണങ്ങളാൽ പാവപ്പെട്ട ജനങ്ങൾക്ക് ലഭിക്കാതെ പോകുന്ന സാഹചര്യം വളരെ ഗൗരവമായി പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത പ്രശ്നം പരിശോധിക്കാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകുകയും ചെയ്തു.

## ഖണ്ഡിക നമ്പർ 74

തലശ്ശേരിയിൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി 56 ലക്ഷം രൂപ ജനങ്ങളിൽ നിന്ന് കളക്റ്റ് ചെയ്ത് കൊടുത്തതുകൂടി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നും ഐ.ടി.ഐ.-ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു തരാൻ അവിടുത്തെ ജനങ്ങൾ തയ്യാറാണെന്നും അതുകൊണ്ട് കുറച്ച് കൂടി സ്പീഡ് അപ്പ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടതിന് അതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## ഖണ്ഡിക നമ്പർ 76

വനിതാ ഐ.ടി.ഐ.കൾ സ്ഥാപിക്കുവാൻ ഈ വർഷം അഡീഷണൽ ആതറൈസേഷനിലൂടെ തുക അനുവദിച്ചിട്ടുണ്ടെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചതിന് വനിതാ ഐ.ടി.ഐ.കൾക്ക് പ്രത്യേക പരിഗണന നൽകുകയും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണമെന്ന് സമിതി നിർദ്ദേശിച്ചു.

## ഖണ്ഡിക നമ്പർ 77,79,80,81

സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു.

II. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ 28-12-2016-ലെ യോഗത്തിലെ നിർദ്ദേശത്തിന് ലഭ്യമാക്കിയ മറുപടി.

(ഫയൽ നമ്പർ 5306/സബ്.സി-സി1/2016/നി.സെ.)

ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിഗണിക്കുകയും ചർച്ചകൾക്കുശേഷം താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

പ്രസ്തുത മറുപടിയിൽ കോഴിക്കോട് ഫറോക്കിൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ ഗവൺമെന്റ് ഡോക്ടർമാർ പങ്കെടുക്കാതിരുന്നതിന് കാരണം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് നിസ്സഹകരണ സമരത്തിന് കെ.ജി.എം.ഒ.എ. ഗവൺമെന്റിന് നോട്ടീസ് കൊടുത്തിരുന്നതുകൊണ്ടാണെന്നും അവരുടെ നിർദ്ദേശ പ്രകാരമാണ് ഗവ. ഡോക്ടർമാർ കോഴിക്കോട് ഫറോക്കിൽ നടത്തിയ മെഡിക്കൽ ക്യാമ്പ് ബഹിഷ്ക്കരിച്ചതെന്നും പ്രസ്തുത ക്യാമ്പിൽ മെഡിക്കൽ കോളേജ് ഡോക്ടർമാരും സ്വകാര്യമേഖലയിലെ ഡോക്ടർമാരും സഹകരിച്ചാണ് പങ്കെടുത്തതെന്നും ഗവ. ഡോക്ടർമാരുടെ നിസ്സഹകരണ സമരം പിൻവലിക്കുന്നതിന് ഗവൺമെന്റും ഡോക്ടർമാരുമായി നടത്തിയ ചർച്ചയിൽ സമരത്തെത്തുടർന്ന് ഇവർക്കെതിരെ യാതൊരു അച്ചടക്ക നടപടിയും സ്വീകരിക്കുകയില്ലെന്ന് ഉറപ്പ് നൽകിയിരുന്നുവെന്നും ആയതിനാൽ പ്രസ്തുത ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും ഹെൽത്ത് സർവ്വീസസ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടത്തിയ ഒരു മെഡിക്കൽ ക്യാമ്പിൽ പ്രൈവറ്റ് ഹോസ്പിറ്റലിലെ ഡോക്ടർമാർ സഹകരിച്ചപ്പോൾ ഗവ. ഡോക്ടർമാർ മാത്രം സഹകരിക്കാതിരുന്നതിനെ നിസ്സാരമായി കാണാനാവില്ലെന്നും ഇത് ആരോഗ്യ വകുപ്പിന്റെ ഒരു പ്രത്യേക പ്രശ്നമല്ലെന്നും സംസ്ഥാനത്തെ ബാധിക്കുന്നൊരു വിഷയമാണെന്നും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടിയുള്ള ഒരു പുതിയ സ്കീമാണെന്നും വളരെ ഗൗരവത്തോടുകൂടി ശ്രദ്ധിക്കേണ്ട ഒരു മേഖല കൂടിയാണിതെന്നും പണിമുടക്കിന്റെ ഭാഗമായി ഉത്തരവാദിത്വത്തിൽ നിന്ന് വിട്ടു നിൽക്കുന്ന നിലപാട് കേരളത്തിൽ ആവർത്തിക്കുവാൻ പാടില്ലെന്നും ഇതുമായി ബന്ധപ്പെട്ട് ഡോക്ടർമാർ സ്വീകരിച്ച നിലപാട് തെറ്റായിപ്പോയി എന്നാണ് ഗവൺമെന്റിന്റെ പ്രതികരണമെന്ന് പ്രസ്തുത ഡോക്ടർമാരെ അറിയിക്കണമെന്നും ഇത്തരത്തിൽ സാമൂഹ്യ പ്രതിബന്ധതയുള്ള പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടി വരുമ്പോൾ ടി പദ്ധതിയിൽ ഫ്രീ സർവ്വീസ് നൽകി സഹകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഈ വർഷവും 50 ലക്ഷം രൂപ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് വകയിരുത്തിയിട്ടുണ്ടെന്നും ടി തുക പ്രായോഗികമായി വിനിയോഗിക്കണമെങ്കിൽ ആരോഗ്യ തൊഴിൽ വകുപ്പുകളുടെ സഹകരണം ആവശ്യമാണെന്ന് അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

ഇതര സംസ്ഥാന തൊഴിലാളികളുടെ എല്ലാ കേന്ദ്രങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ നടത്തണമെന്നും പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി ആരോഗ്യ വകുപ്പ് മന്ത്രിയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഒരു മീറ്റിംഗ് വിളിക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്നും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന വിവിധ സ്കീമുകളെക്കുറിച്ച് എം.എൽ.എ.മാർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി പവർപോയിന്റ് പ്രസന്റേഷൻ ഉൾപ്പെടെ ഒരു ശിൽപ്പശാല സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതിയുടെ ഇന്നത്തെ യോഗത്തെക്കുറിച്ച് വൈദ്യുതി വകുപ്പിനെ അറിയിച്ചിരുന്നുവെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരാകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ടി വിവരം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ അടുത്തയോഗം 2017 ആഗസ്റ്റ് 14 -ാം തീയതി തിരുവനന്തപുരത്തുവച്ച് കൂടുവാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.25 -ന് പിരിഞ്ഞു.

## 2017 ആഗസ്റ്റ് 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2017 ആഗസ്റ്റ് 17-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനം കഴിഞ്ഞ് ഉച്ചയ്ക്കുശേഷം 2.40-ന് നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം.എം.മണിയും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീമതി ഇ.എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.

4. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

5. ശ്രീ. പി. ഉണ്ണി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ഡോ. ആർ. അജിതാ നായർ, ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
3. ശ്രീമതി കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി വി. രതമ്മ, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
5. ശ്രീ. ആർ. ബിജു, ഫിനാൻഷ്യൽ അഡ്വൈസർ, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്
6. ശ്രീ. വി. വിനോദ് കുമാർ, ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്

സമിതി, കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വിശേഷാൽ ചട്ടങ്ങളിലും, കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങളിലുമുള്ള കരട് ഭേദഗതി ചട്ടങ്ങൾ, സമിതിയുടെ 1-4-2016 മുതൽ 31-3-2017 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും അതിന്മേൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. സമിതി പരിഗണിച്ച കരട് ഭേദഗതി ചട്ടങ്ങൾ :

കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വിശേഷാൽ ചട്ടങ്ങളിലും, കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങളിലും ഉള്ള കരട് ഭേദഗതി ചട്ടങ്ങൾ

(ഫയൽ നമ്പർ 2357/സബ്.സി.സി1/2017/നി.സെ.)

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ 'Stores Superintendent' ഗസറ്റഡ് തസ്തിക ആയതുകൊണ്ട് 1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസിലെ സ്പെഷ്യൽ റൂൾസിൽ നിന്നും ഒഴിവാക്കി, 1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പടുത്തുന്നതിനുള്ള ഭേദഗതി ചട്ടങ്ങളാണ് പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ഇതേ തുടർന്ന് ഇപ്രകാരം ഭേദഗതികൾ വരുത്തുമ്പോൾ തസ്തികകളുടെ സീരിയൽ നമ്പരുകൾ പുനരക്കം ചെയ്യുന്നതിനെക്കുറിച്ച് നിയമവകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞു.

1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസിലെ സ്പെഷ്യൽ റൂൾസിൽ നിന്നും 'Stores Superintendent' തസ്തിക ഒഴിവാക്കുമ്പോൾ സീരിയൽ നമ്പരുകൾ പുനരക്കം ചെയ്യേണ്ട ആവശ്യമില്ലെന്നും, ഒരു ആക്റ്റ്/റൂൾ ഭേദഗതി വരുത്തുമ്പോൾ റീനമ്പർ ചെയ്യുന്ന കീഴ്‌വഴക്കം നിയമവകുപ്പിൽ ഇല്ലായെന്നും അത്യാവശ്യഘട്ടങ്ങളിൽ ക്ലോസ്സുകൾ · ചേർക്കേണ്ടിവരുമ്പോൾ മാത്രമാണ് റീനമ്പറിംഗ് ചെയ്യുന്നതെന്നും നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിക്ക് മറുപടി നൽകി.

1993-ലെ കേരള മെഡിക്കൽ സർവ്വീസസിലെ സ്പെഷ്യൽ റൂൾസിൽ 'Stores Superintendent' തസ്തികകൂടി ഉൾപ്പെടുത്തുമ്പോൾ എട്ടാമത്തെ കാറ്റഗറിക്കുശേഷം ചേർക്കാവുന്നതാണെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് സമിതി പ്രസ്തുത ഭേദഗതി ചട്ടങ്ങൾ അംഗീകരിച്ചു.

## II. 1-4-2016 മുതൽ 31-3-2017 വരെയുള്ള സബ്ജക്ട് കമ്മിറ്റി-VII-ന്റെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകൾക്കുള്ള മറുപടി വൈദ്യുതി വകുപ്പിൽ നിന്നും ലഭിക്കാനുണ്ടെന്ന് സമിതിയുടെ ചുമതലയുള്ള അഡീഷണൽ സെക്രട്ടറി അറിയിച്ചതിനെതുടർന്ന് ഊർജ്ജ വകുപ്പ് അഡീഷണൽ സെക്രട്ടറി ആയത് ഉടനെ ലഭ്യമാക്കാമെന്ന് മറുപടി നൽകി.

സമിതിയുടെ പരിഗണനയിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷ/രജിസ്ട്രേഷൻ പ്രശ്നങ്ങളെക്കുറിച്ച് സെപ്റ്റംബർ മാസത്തിൽ ഒരു അവലോകനയോഗം കൂടാമെന്ന് ബഹു. ചെയർമാൻ അറിയിച്ചതിനെത്തുടർന്ന് ഈ വിഷയം സംബന്ധിച്ച് ഫെബ്രുവരി മാസത്തിൽ കൂടിയ മീറ്റിംഗിന്റെ റിപ്പോർട്ട് ഉടൻ ലഭ്യമാക്കാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 2017 നവംബർ 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2017 നവംബർ 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V ബി സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം. മണിയും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീമതി എം. ജയശ്രീ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബി. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
2. ശ്രീ. ലോകനാഥ് ബെഹ്റ, ഡി.ജി.പി./സ്റ്റേറ്റ് പോലീസ് ചീഫ്.
3. ശ്രീ. വി. കെ. ബേബി, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
4. ശ്രീ. ജി. ശ്രീധരൻ, ഐ.പി.എസ്., എ.ഐ.ജി., പി.പി.എച്ച്.ക്യു.
5. ശ്രീമതി എൽ. ഗീത, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
6. ശ്രീ. എസ്. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
7. ശ്രീമതി പി. ശോഭന, അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.
8. ഡോ.സരിത ആർ.എൽ., ഡയറക്ടർ, ആരോഗ്യ വകുപ്പ്.
9. ശ്രീമതി ഹരിത വി. കുമാർ, ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്.
10. ശ്രീ. കെ. ബിജു, ലേബർ കമ്മീഷണർ.
11. ശ്രീ എ. അലക്സാണ്ടർ, അഡീഷണൽ ലേബർ കമ്മീഷണർ.
12. ശ്രീ. ഡി. ലാൽ, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

13. ശ്രീ. എം. എസ്. നാരായണൻ നമ്പൂതിരി, ജോയിന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം.

14. ഡോ. സി. ഉമ്മുസെൽമ, ജോയിന്റ് ഡയറക്ടർ (ഹെൽത്ത്), ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്.

15. ശ്രീ. രാജീവ് കരിയിൽ, ചീഫ് എഞ്ചിനീയർ, ഭവന നിർമ്മാണ ബോർഡ്.

16. ശ്രീ. ജയ്മോഹൻ. എൻ., ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്.

സമിതി, ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/ സുരക്ഷാപ്രശ്നങ്ങൾ/രജിസ്ട്രേഷൻ തുടങ്ങിയ വിഷയങ്ങളിന്മേൽ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ഇതു സംബന്ധിച്ച് വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച റിപ്പോർട്ടുകൾ പരിഗണിക്കുകയും താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം ശിപാർശകൾ നൽകുന്ന തീരുമാനമെടുക്കുകയും ചെയ്തു.

ആമുഖമായി സംസാരിച്ച ബഹു.സമിതി ചെയർമാൻ, ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടുള്ളതാണെന്നും ടി വിഷയം സംബന്ധിച്ച് പ്രത്യേക ചർച്ച വേണമെന്ന് കഴിഞ്ഞ യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് യോഗം വിളിച്ച് ചേർത്തിരിക്കുന്നതെന്നും തൊഴിലും നൈപുണ്യവും, ആരോഗ്യകുടുംബക്ഷേമം, ഭവന നിർമ്മാണം, തദ്ദേശസ്വയംഭരണം, ആഭ്യന്തരം എന്നീ വകുപ്പുകളെല്ലാം ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ടുള്ളതാണെന്നും അതിൽ തൊഴിലും നൈപുണ്യവും ആരോഗ്യ കുടുംബക്ഷേമം, ഭവനനിർമ്മാണം എന്നീ മൂന്നു വകുപ്പുകളുടെ റിപ്പോർട്ട് മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും ഇതു സംബന്ധിച്ച വിവരങ്ങളാണ് പ്രധാനമായും ചർച്ച ചെയ്യാനുള്ളതെന്നും വ്യക്തമാക്കി.

കൺസ്ട്രക്ഷൻ, ഹോട്ടൽ, ബ്യൂട്ടിപാർലർ തുടങ്ങിയ എല്ലാ മേഖലകളിലെയും ഭൂരിപക്ഷം തൊഴിലാളികളും ഇതര സംസ്ഥാന തൊഴിലാളികളാണെന്നും ഇവർക്കുവേണ്ടി കേരള ഗവൺമെന്റ് ഒരുപാട് ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും സംസ്കാരങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾകൊണ്ടാണ് ഇവർ ചിലകാര്യങ്ങളിൽ അസ്വസ്ഥരാകുന്നതെന്നും മദ്യം, മയക്കമരുന്ന് എന്നിവ ഉപയോഗിച്ച് ശല്യമുണ്ടാക്കുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നുണ്ടെന്നും ഇതിന്റെ പേരിൽ ഇവരെ കേരളത്തിൽ നിന്ന് പുറത്താക്കണമെന്നോ ബഹിഷ്കരിക്കണമെന്നോ ഉള്ള ആക്ഷേപമൊന്നും ഇതുവരെ വന്നിട്ടില്ലെന്നും ഇവരെ Migrant Labours എന്നതിനു പകരം Migrant Workers എന്ന് പറയുന്നതായിരിക്കും കൂടുതൽ ഉചിതമെന്നും സ്റ്റേറ്റ് പോലീസ് ചീഫ്/ഡി.ജി.പി. അഭിപ്രായപ്പെട്ടു.

ഇതര സംസ്ഥാന തൊഴിലാളികളുടെ സൗജന്യ നിയമോപദേശം ലഭിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് എറണാകുളം ജില്ലയിലും മറ്റ് ടൗണുകളിലും നിയമോപദേശം സൗജന്യമായി കിട്ടാത്ത അവസ്ഥയുണ്ടെന്നും IPC 107, 109, 110 എന്നീ വകുപ്പുകൾ പ്രകാരം ജയിലിൽ കിടക്കുന്ന ആളുകൾക്കും നിയമോപദേശം കിട്ടാത്ത അവസ്ഥയുണ്ടെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

ഇതര സംസ്ഥാന തൊഴിലാളികളുടെ പരാതികൾ കൈകാര്യം ചെയ്യുമ്പോഴുള്ള ഭാഷാ പ്രശ്നം സംബന്ധിച്ചും അവരുടെ ഭാഷയിൽ പരാതി സ്വീകരിക്കുന്നതിനെക്കുറിച്ചും സമിതി ആരാഞ്ഞതിന് തദ്ദേശവാസികളുടെ സഹായത്താൽ മലയാളത്തിൽ തന്നെ ചിലർ പരാതി തരുന്നുണ്ടെന്നും ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലുള്ള പെരുമ്പാവൂർ പോലുള്ള മേഖലകളിൽ പോലീസുകാരെ ഇവരുടെ ഭാഷ പഠിപ്പിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും ജനമൈത്രി യോഗങ്ങൾ കൂടുമ്പോൾ ആ പ്രദേശത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളെക്കൂടി അതിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും സ്റ്റേറ്റ് പോലീസ് ചീഫ്/ഡി.ജി.പി. സമിതിയെ അറിയിച്ചു.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് കൂലി സംബന്ധമായ തർക്കങ്ങൾ ഉണ്ടെങ്കിൽ പരാതി നൽകുവാനുള്ള വേദിയാണ് ഫെസിലിറ്റേഷൻ സെന്ററെന്നും ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ഫിനാൻസ് വകുപ്പിന്റെ അംഗീകാരത്തിനുവേണ്ടി കൊടുത്തിരിക്കുകയാണെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിക്കുകയും ആയതിന്റെ നടപടികൾ വേഗത്തിലാക്കിത്തരുന്നതിന് സമിതി ഇടപെടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

രജിസ്ട്രേഷൻ നടപടികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് 'ആവാസ്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 1-ാം തീയതി നടത്തിയെന്നും ആയതിലേക്ക് സ്മാർട്ട് ഐ.റ്റി. സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് കൽക്കട്ട നിർമ്മിച്ച സോഫ്റ്റ്‌വെയറിലേക്ക് തൊഴിലാളികളുടെ ഐറിസ്, പത്ത് വിരലിന്റെയും അടയാളങ്ങൾ, മേൽവിലാസം മുതലായവ രേഖപ്പെടുത്തിയതിനുശേഷം ആധാർ വച്ച് പരിശോധിച്ച് മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയെന്നും സംഘടിത മേഖലകളിലുള്ളവരിൽ നിന്നും ഏകദേശം 1,25,000 അപേക്ഷാഫോറങ്ങൾ ശേഖരിച്ചിട്ടുണ്ടെന്നും 2500 തൊഴിലാളികൾക്ക് യു.ഐ.ഡി. കാർഡ് കൊടുത്തിട്ടുണ്ടെന്നും അവർ ജോലി ചെയ്യുന്ന/താമസിക്കുന്ന/കൂട്ടംകൂടി നിൽക്കുന്ന സ്ഥലങ്ങളിൽ പോയി ഓൺലൈൻ വഴി വിവരങ്ങൾ ശേഖരിച്ച് കാർഡ് അവിടെ വച്ചുതന്നെ പ്രിന്റ് ചെയ്ത് കൊടുക്കുന്ന സംവിധാനമാണ് വികസിപ്പിച്ചെടുത്തിട്ടുള്ളതെന്നും മുഴുവൻ വിവരങ്ങളും ഗവൺമെന്റിന്റെ ഡേറ്റാ സെന്ററിലെ സെർവറിൽ സൂക്ഷിച്ച് വയ്ക്കുന്ന പ്രോസസ്സാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു. പ്രസ്തുത വിവരങ്ങൾ തദ്ദേശസ്വയംഭരണം, ആരോഗ്യം, ആഭ്യന്തരം എന്നീ വകുപ്പുകൾക്ക് കൈമാറാൻ സാധിക്കുമെന്നും ലേബർ കമ്മീഷണർ അഭിപ്രായപ്പെട്ടു.

ആവാസ് പദ്ധതി പ്രകാരം കൊടുക്കുന്ന കാർഡ് പോലീസ് ഡിപ്പാർട്ടുമെന്റിന് ഐ.ഡി. കാർഡായി ഉപയോഗിക്കാവുന്നതാണെന്ന് പ്രഖ്യാപിക്കണമെന്നും മറ്റു വകുപ്പുകൾ പ്രത്യേകമായി നൽകേണ്ട കാര്യമില്ലെന്നും അഡീഷണൽ ലേബർ കമ്മീഷണർ അഭിപ്രായപ്പെട്ടു.

മൊബിലൈസേഷന് തദ്ദേശസ്വയംഭരണം, ഹെൽത്ത്, എന്നീ വകുപ്പുകളുടെ സേവനം മാത്രമാണ് വേണ്ടതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാർ, പ്രസിഡന്റുമാർ തുടങ്ങിയവരെല്ലാം സഹകരിച്ചാൽ അസംഘടിത മേഖലകളിലെ ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്ട്രേഷൻ എൻറോൾമെന്റിനായി മൊബിലൈസ് ചെയ്യാൻ സാധിക്കുമെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു

തൊഴിലാളികളുടെ രജിസ്ട്രേഷൻ മുതൽ അവരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുവരെയുള്ള കാര്യങ്ങളിൽ പ്ലാൻ റിസോഴ്സ് ഉപയോഗിച്ച് സപ്പോർട്ട് ചെയ്യുന്നുണ്ടെന്നും സമഗ്രമായിട്ടുള്ള രജിസ്ട്രേഷൻ സിസ്റ്റമാണ് അഭികാമ്യമെന്നും ആധാർ ഇല്ലാത്ത ആളുകളെമാത്രം ഇതിലേക്ക് കൊണ്ടുവരികയാണെങ്കിൽ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരമുള്ള 17 ഷെൽട്ടർ ഹോമുകളുടെ നിർമ്മാണം വിവിധ ഘട്ടത്തിലാണെന്നും അതിൽ 11 എണ്ണത്തിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഷെൽട്ടർ ഹോംസ് ഇതര സംസ്ഥാന തൊഴിലാളികൾക്ക് മാത്രമായിട്ടുള്ളതാണോയെന്ന് സമിതി ആരാഞ്ഞതിന് അവർക്കുംകൂടി ഈ സൗകര്യം ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നും അവരുടെത്തന്നെ SHGS രൂപീകരിക്കുന്നതിനും ഹെൽത്ത് ചെക്കപ്പ് നടത്തുന്നതിനും സ്വച്ച് ഭാരത് മിഷന്റെ കീഴിൽ പബ്ലിക് ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനും ഉള്ള നടപടികളെടുത്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു

എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വിവരങ്ങൾ ഉൾപ്പെടുത്തുന്നതുകൊണ്ടാണ് രജിസ്ട്രേഷന് കാലതാമസം ഉണ്ടാകുന്നതെന്നും ഡിസംബർ 31-ന് മുമ്പ് 5 ലക്ഷം തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും കാര്യങ്ങൾ ബോധ്യപ്പെടുത്തി പരമാവധി അവരെ സഹകരിപ്പിച്ച് ഒരു ചെലവും വരുത്താതെ രജിസ്ട്രേഷൻ നടപടികളിലേക്ക് കൊണ്ടുവരണമെന്നും പഞ്ചായത്തും നഗരസഭകളും മുൻകൈയ്യെടുത്ത് അവധി ദിവസം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുംകൂടി സഹകരിച്ച് സ്പോട്ട് രജിസ്ട്രേഷനുള്ള ഒരു ക്യാമ്പ് സംഘടിപ്പിക്കണമെന്നും എല്ലാ മേഖലയിലും ഉള്ള ഇതര സംസ്ഥാന തൊഴിലാളികളെയും രജിസ്ട്രേഷൻ നടപടിയിൽ ഉൾപ്പെടുത്തണമെന്നും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിൽ

പറഞ്ഞിരിക്കുന്ന 25 ലക്ഷം ഇതര സംസ്ഥാനതൊഴിലാളികൾ എന്നത് കൃത്യമായ കണക്കല്ലെന്നും അവർക്ക് പ്രശ്നങ്ങളെന്തെങ്കിലും ഉണ്ടാവുകയാണെങ്കിൽ ഭീതിയില്ലാതെ കാര്യങ്ങൾ നടത്തികൊണ്ടുപോകാൻ നിയമത്തിന്റെ സംരക്ഷണം അവർക്ക് ലഭ്യമാക്കണമെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

രജിസ്ട്രേഷൻ നടപടികൾ പ്ലാൻ ചെയ്തിരിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് സംസ്ഥാനത്ത് ഒരേ സമയം 200 എൻറോൾമെന്റ് സെന്ററുകൾ പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡീലർമാർ തുടങ്ങിയ മറ്റു സ്റ്റാഫുകളുടെയും സഹകരണം ഉറപ്പുവരുത്തികൊണ്ടാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

രജിസ്ട്രേഷൻ മുഖാന്തിരം അവർക്ക് ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചും അപകടത്തിൽപ്പെട്ടാൽ അവർക്ക് ലഭിക്കാവുന്ന സാമ്പത്തിക ആനുകൂല്യങ്ങളെക്കുറിച്ചും അവരെ പറഞ്ഞ് ബോധ്യപ്പെടുത്തിയാൽ രജിസ്ട്രേഷൻ നടപടികളുമായി അവർ സഹകരിക്കുമെന്ന് സ്റ്റേറ്റ് പോലീസ് ചീഫ് ഡി.ജി.പി. അഭിപ്രായപ്പെട്ടു.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നവർക്ക് 15,000 രൂപയുടെ സൗജന്യ ചികിത്സാ ഇൻഷ്വറൻസും 2 ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും അപകടം പറ്റിയാൽ സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്കുകൂടി ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കണമെന്ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പറഞ്ഞിട്ടുണ്ടെന്നും ഈ വിവരങ്ങൾ കൂടി അവരെ ബോധ്യപ്പെടുത്തണമെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു.

ടി വിഷയം പരിഗണനയിലുണ്ടെന്നും ആരോഗ്യ ഇൻഷ്വറൻസിന്റെ ടെൻഡർ വരുമ്പോൾ അതുംകൂടി ഉൾപ്പെടുത്തുമെന്നും അഡീഷണൽ ലേബർ കമ്മീഷണർ അറിയിച്ചു

സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്കുള്ള സഹായം ഒരു ലക്ഷം രൂപയാണെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു. ആധാർ കാർഡുപോലെ വ്യക്തമായ രേഖകളില്ലാത്തവരെ പ്രത്യേകം ശ്രദ്ധിച്ച് അവരെക്കൂടി ഈ സ്കീമിലേക്ക് കൊണ്ടുവരണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

ഏതെങ്കിലും ഒരു രേഖ ഹാജരാക്കിയാൽ മതിയെന്ന ഓപ്ഷൻ വച്ചിട്ടുണ്ടെന്നും പലപ്പോഴും ഒരു രേഖയുമില്ലാത്തവരാണ് വരുന്നതെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരാണ് രജിസ്ട്രേഷൻ നടപടികൾ നിർവ്വഹിക്കേണ്ടതെന്നും അതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

സഹായംതേടുന്നത് ഉചിതമാണെന്നും, എന്നാൽ പ്രസ്തുത ജോലി കുടുംബശ്രീയെ ഏൽപ്പിച്ചാൽ അതിന്റെ ഉദ്ദേശ്യം തന്നെ ഇല്ലാതാകുമെന്നും സമിതി അഭിപ്രായപ്പെട്ടു. കുടുംബശ്രീയിൽ ഈ ജോലി കൃത്യമായി ചെയ്യാൻ കഴിയുന്നവർ ഉണ്ടെങ്കിൽ അവരെ ഏൽപ്പിക്കുന്നതിൽ തെറ്റില്ലെങ്കിലും അവർ ശേഖരിക്കുന്ന വിശദാംശം മാത്രം വച്ച് രജിസ്ട്രേഷൻ നടത്തിയാൽ ആയത് ഫലപ്രദമാകുകയില്ലെന്നും അഭിപ്രായപ്പെട്ട സമിതി, രജിസ്ട്രേഷന്റെ ചുമതല തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരെ തന്നെ ഏൽപ്പിക്കണമെന്നും അവരുടെ നേതൃത്വത്തിൽ തന്നെ ഇതു നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചു.

കൂടാതെ ഡിസംബർ 31-നകം 5 ലക്ഷം പേർ തികഞ്ഞാലും രജിസ്ട്രേഷൻ നടപടികൾ തുടരേണ്ടതുണ്ടെന്നും ഇതര സംസ്ഥാന തൊഴിലാളികളെ മുഴുവൻ ഇതിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞാൽ മാത്രമേ കൃത്യമായ കണക്ക് പറയാൻ കഴിയുകയുള്ളൂവെന്നും ആയതിനാൽ പഞ്ചായത്തുകളിൽ സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പ് നടത്തുന്നത് നല്ല കാര്യമാണെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള എല്ലാവർക്കും അതിനുള്ള നിർദ്ദേശം കൊടുക്കാമെന്നും ഇവർ താമസിക്കുന്ന വീടുകൾ, സെറ്റിൽമെന്റ് ഏരിയകൾ എന്നിവിടങ്ങളിൽ ബോധവൽക്കരണത്തിനും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നോട്ടീസും മറ്റും പഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ബ്രോഷർ എത്ര ഭാഷകളിൽ കൊടുത്തിട്ടുണ്ടെന്ന് സമിതി ആരാഞ്ഞതിന് ബംഗാളി, ആസാമീസ്, ഒറിയ, ഹിന്ദി, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ കൊടുത്തിട്ടുണ്ടെന്ന് അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

തോട്ടം മേഖലയിലെ തമിഴ് തൊഴിലാളികൾ പെർമനന്റ് വർക്കേഴ്സ് ആണെന്നും തോട്ടം മേഖലയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളെക്കൂടി രജിസ്ട്രേഷനിൽ ഉൾപ്പെടുത്തണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചതിന് അത്തരത്തിൽ ഉൾപ്പെടുത്താമെന്ന് ലേബർ കമ്മീഷണർ സമിതിക്ക് ഉറപ്പുനൽകി.

തമിഴ്നാട്ടിൽനിന്നും ധാരാളം തൊഴിലാളികൾ ഇവിടെ വന്ന് സ്ഥിരമായി ജോലി ചെയ്യുന്നുണ്ടെന്നും കൂടാതെ കൊളുന്ത് കൂടുതലുള്ള സീസണിൽ ബംഗാൾ, ആസാം എന്നിവിടങ്ങളിൽനിന്ന് കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ കൊണ്ടുവരികയും ഇവർക്ക് താമസസൗകര്യവും മറ്റും കമ്പനികൾ ഏർപ്പാട് ചെയ്യുകയും ജോലി ചെയ്യിപ്പിക്കുകയും അതിനുശേഷം നാട്ടിലേക്ക് പറഞ്ഞുവിടുകയും ചെയ്യുന്ന ഒരു രീതിയാണ് ഇപ്പോൾ നടന്നുവരുന്നതെന്നും തോട്ടം തൊഴിലാളികൾക്ക്, സാധാരണ തൊഴിലാളികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങളൊന്നും കിട്ടുന്നില്ലായെന്നും ശമ്പളത്തിൽനിന്ന് നിശ്ചിത തുക ഈടാക്കിയ ശേഷമാണ് കരാറുകാർ നൽകുന്നതെന്നും ഈ വിഷയം ഒരു

ഡിപ്പാർട്ട്മെന്റിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും, ഇപ്പോൾ തോട്ടം മേഖലയിലെ ബഹു ഭൂരിപക്ഷം കമ്പനികളിലും ജോലി ചെയ്യുന്നത് ബംഗാളിലെയും ആസാമിലെയും തൊഴിലാളികളാണെന്നും ഒരു റെക്കോർഡിലും ഇവരൊന്നും വരുന്നില്ലയെന്നും ഇവരെ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യം ഇവരുടെ കുട്ടികളെ സ്കൂളിലെത്തിക്കുന്നതിനുള്ള ഒരു ശ്രമം നടത്തുകയുണ്ടായെന്നും എന്നാൽ ഇവർ സീസൺ കഴിയുമ്പോൾ സ്കൂൾ വിട്ടുപോകുകയും പിന്നെ സീസണാകുമ്പോൾ അതേ ജോലിസ്ഥലത്തേക്ക് ഇവരെ വീണ്ടും കൊണ്ടുവരികയാണ് ലേബർ കോൺട്രാക്ടേഴ്സ് ചെയ്യുന്നതെന്നും അവർക്ക് അപകടമെന്തെങ്കിലും സംഭവിച്ചാൽ പിറ്റേന്നുമുതൽ അവർക്ക് പണിയില്ലാത്ത അവസ്ഥയാണുള്ളതെന്നും ഇൻഷ്വറൻസ് പോലുള്ള യാതൊരുവിധ ആനുകൂല്യങ്ങളില്ലെന്നും സമിതി വിലയിരുത്തി.

ഇതര സംസ്ഥാന തൊഴിലാളികളുടെ ഭാഷ മനസ്സിലാകാത്തതുമൂലം അവർക്ക് ഗുരുതരമായ പരിക്കോ മറ്റോ ഉണ്ടായാൽ ഡോക്ടറോടുപോലും ആശയവിനിമയം നടത്താനാവാത്ത സ്ഥിതിയാണെന്നും ഇങ്ങനെയുള്ള അവസരങ്ങളിൽ ഇവരുടെ പ്രശ്നങ്ങളെന്താണെന്ന് ഡോക്ടേഴ്സിനോടും ബന്ധപ്പെട്ട അധികാരികളോടും അറിയിക്കുവാൻ കഴിയുന്ന ഒരു ഹെൽപ്പ് ലൈൻ സംവിധാനം കൊണ്ടുവരികയും അത് സംസ്ഥാനം ഒട്ടാകെ അനൗൺസ് ചെയ്യാൻ കഴിയുകയും ചെയ്താൽ നന്നായിരുന്നെവന്ന് സമിതി അഭിപ്രായപ്പെട്ടു.

ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി സംസ്ഥാനമൊട്ടാകെ ഹിന്ദി, ബംഗാളി ഭാഷകളിൽ ഹെൽപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും കരാറുകാർ ഇതര സംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുകയോ, കൃത്യമായ കൂലി കൊടുക്കാതിരിക്കുകയോ മറ്റേതെങ്കിലും രീതിയിൽ ദുരുപയോഗം ചെയ്യുകയോ ചെയ്താൽ ജില്ലാടിസ്ഥാനത്തിലുള്ള ഫെസിലിറ്റേഷൻ സെന്ററുകളിൽക്കൂടി അവർക്ക് സേവനം നൽകാൻ സാധിക്കുമെന്നും എന്നാൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ ജില്ലാടിസ്ഥാനത്തിൽ ഹെൽപ്പ് ലൈൻ ആരംഭിക്കുവാൻ സാധിക്കുകയുള്ളുവെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

ഫെസിലിറ്റേഷൻ സെന്ററുകൾ എന്നു പറയുന്നത് ഒരു നൂതന ആശയമാണെന്നും ക്യാബിനറ്റിൽ കൊണ്ടുവന്ന് ഓർഡർ പാസ്സാക്കിയാൽ അതൊരു സ്റ്റാൻഡിംഗ് ഓർഡർ ആയി മാറുമെന്നും മാത്രമല്ല ആർക്കും ഒരു മാറ്റവും വരുത്താൻ കഴിയുകയില്ലെന്നും ലേബർ ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിലാണ് അതിന്റെ കോ-ഓർഡിനേഷൻ വരുന്നതെന്നും സ്റ്റേറ്റ് പോലീസ് ചീഫ്/ഡി.ജി.പി. അഭിപ്രായപ്പെട്ടു. അതിനൊരു പ്രൊപ്പോസൽ തയ്യാറാക്കണം എന്ന് സമിതി നിർദ്ദേശിച്ചപ്പോൾ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു. ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി

10 കോടി രൂപ ബഡ്ജറ്റ് അലോക്കേഷൻ ഉണ്ടെന്നും അതിൽനിന്നും ഇതിന്റെ ചെലവുകൾ വഹിക്കാമെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു. ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച ഫയൽ ലേബർ ഡിപ്പാർട്ട്മെന്റിൽനിന്നും ഫിനാൻസ് ഡിപ്പാർട്ട്മെന്റിലേക്ക് അയച്ചിരിക്കുകയാണെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

പ്രസ്തുത പ്രൊപ്പോസൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ സമർപ്പിക്കേണ്ട ആവശ്യമെന്തായിരുന്നുവെന്നും ലേബർ ഡിപ്പാർട്ട്മെന്റിന് ചെയ്യാൻ സാധിക്കുമായിരുന്നില്ലേയെന്നും സമിതി ആരാഞ്ഞതിന് ലേബർ ഡിപ്പാർട്ട്മെന്റിന് ചെയ്യാൻ സാധിക്കുമായിരുന്നുവെന്നും പക്ഷേ പ്രൊപ്പോസൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന് അയച്ചുകഴിഞ്ഞുവെന്നും അതിന്മേൽ ധനകാര്യ വകുപ്പ് അധിക വിവരം ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി നടത്താമെന്നും ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ നൽകിയിട്ടുള്ള പ്രൊപ്പോസലിന് അംഗീകാരം കിട്ടിയാൽ മാത്രമേ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂവെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

പ്രത്യേക സ്ഥലം ഏർപ്പാട് ചെയ്യാൻ വിഷമമുള്ള സ്ഥലങ്ങളിലെല്ലാം ഡിസ്ട്രിക്റ്റ് ലെവൽ ഓഫീസർ തന്നെ സെന്ററുകൾ തുടങ്ങിയിട്ട് അതിൽ ആവശ്യമെങ്കിൽ ഭാഷയറിയാവുന്ന ആരെയെങ്കിലും കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്ന തരത്തിലുള്ള ഒരു സംവിധാനം രൂപീകരിച്ച് ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും വേണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

പ്രധാനപ്പെട്ട റെയിൽവെ സ്റ്റേഷൻ പരിസരങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുവാൻ സാധിക്കുമോയെന്ന് നോക്കണമെന്നും അവിടെ എല്ലാ ഭാഷകളിലുമുള്ള ബോർഡുകൾ സ്ഥാപിക്കുകയും വേണമെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു.

ആവാസ് പദ്ധതി പ്രകാരം എൻറോൾമെന്റ് നടത്തുന്നതിന് കുടുംബശ്രീ മിഷൻ ജീവനക്കാരെ നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഗവൺമെന്റ് ഉത്തരവുണ്ടെന്ന് സമിതി ചെയർമാൻ വ്യക്തമാക്കിയപ്പോൾ പ്രസ്തുത ഉത്തരവ് പിൻവലിച്ചുവെന്ന് ലേബർ ആന്റ് സ്കിൽസ് ഡിപ്പാർട്ട്മെന്റ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. എൻറോൾമെന്റ് ക്യാമ്പുകളിൽ കുടുംബശ്രീ മിഷൻ ജീവനക്കാരെ ഫീൽഡ് കീ ഓഫീസർമാരായി നിയോഗിക്കുന്നതിന് അനുമതി കൊടുത്തും പരാതി പരിഹാരത്തിനായുള്ള അപ്പലേറ്റ് അതോറിറ്റികളായി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഒരു ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇങ്ങനെയൊരു ഉത്തരവുണ്ടാകുമ്പോൾ അതനുസരിച്ച് കാര്യങ്ങൾ ചെയ്യേണ്ടിവരുമെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു. പ്രസ്തുത കുടുംബശ്രീ മിഷൻ

ജീവനക്കാർ എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് സർക്കാരിന്റെ പുതിയൊരു ഉത്തരവിൽ എൻറോൾമെന്റ് നടത്തുന്നതിന് ലേബർ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കുടുംബശ്രീ മിഷനിൽനിന്നുള്ള ആളുകളെ ലഭ്യമാകാതെ വരികയാണെങ്കിൽ ലേബർ ഡിപ്പാർട്ട്മെന്റ് തന്നെ ആളുകളെ നിയമിച്ച് എൻറോൾമെന്റ് നടത്തണമെന്ന് അതിൽ പറഞ്ഞിട്ടുണ്ടെന്നും ഇപ്പോൾ ലേബർ ഡിപ്പാർട്ടുമെന്റും കൂടി മുൻകയ്യെടുത്ത് ഫീൽഡ് ഓഫീസർമാരായി ജോലി ചെയ്യുകയാണെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു

പ്രസ്തുത ജോലികൾ കുടുംബശ്രീക്കാരെ ഏൽപ്പിച്ചാൽ ഡാറ്റാ കളക്ഷൻ ഫലപ്രദമാകുകയില്ലെന്ന് വ്യക്തമാക്കിയ ചെയർമാൻ സർക്കാർ 'വിമുക്തി' പദ്ധതിയുമായി ബന്ധപ്പെട്ട് കുടുംബശ്രീക്കാരെ ഏൽപ്പിച്ചതിന് ഉദ്ദേശിച്ച ഫലം ഉണ്ടായില്ലെന്നും ആയതിനാൽ ഉദ്ദേശിക്കുന്ന ഫലം ലഭിക്കണമെങ്കിൽ തീരുമാനമെന്താണോ ആ തീരുമാനത്തിനനുസരിച്ച് കാര്യങ്ങൾ നടത്തണമെന്നും നിർദ്ദേശിച്ചു

കുടുംബശ്രീ മിഷനിൽനിന്നും യോഗ്യരായിട്ടുള്ള ആളുകളെ സെലക്ട് ചെയ്ത് എൻറോൾമെന്റ് ചെയ്യിപ്പിക്കാമെന്നും എന്നാൽ അതിൽ ലേബർ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിലായിരിക്കണമെന്നും അത് പ്രയോജനപ്രദമായ പ്രവർത്തന മായിരിക്കണമെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു

ആവാസ് പദ്ധതി പ്രകാരം കുടുംബശ്രീ മിഷൻ ജീവനക്കാർക്ക് പൂർത്തീകരിക്കുന്ന കാർഡ് ഒന്നിന് 6 രൂപ നിരക്കിൽ വേതനം നൽകുമെന്ന് ഉത്തരവിൽ പറയുന്നത് വളരെ ചെറിയ തുകയാണെന്നും ലേബർ ഡിപ്പാർട്ട്മെന്റ് തന്നെ ചെയ്യിപ്പിക്കുന്ന ജോലിക്ക് ന്യായമായ കൂലി കൊടുക്കേണ്ടതുള്ളതിനാൽ കൂലി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ലേബർ കമ്മീഷണർ ഒരു കരട് തയ്യാറാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു

കാർഡൊന്നിന് ആദ്യം നാല് രൂപയായിരുന്നു നിശ്ചയിച്ചിരുന്നതെന്നും പിന്നീടത് ആറ് രൂപയായി ഉയർത്തുകയാണ് ചെയ്തതെന്നും ഇതു തന്നെ ഉയർന്ന നിരക്കായതിനാൽ കൂലി വർദ്ധിപ്പിക്കുവാൻ സാധിക്കുകയില്ലെന്ന് ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു

കുടുംബശ്രീ മിഷൻ ജീവനക്കാർ കാശിനുവേണ്ടിമാത്രം ജോലിചെയ്യുന്ന രീതി ശരിയല്ലെന്നും സാമൂഹിക പ്രതിബദ്ധതയോടുകൂടി ചെയ്യണമെന്നും ജോലി ചെയ്യുന്നതനുസരിച്ച് വേതനം നൽകുമെന്നും 'വിമുക്തി' പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റിക്കർ പതിപ്പിക്കുന്ന കാര്യത്തിൽ കുടുംബശ്രീക്ക് കൊടുത്ത ഫണ്ട് താഴേത്തട്ടിലേയ്ക്ക് വിതരണം ചെയ്തിട്ടില്ലെന്നും സമിതി ചെയർമാൻ വ്യക്തമാക്കി. ആയത് അത് വളരെ ഗുരുതരമായ വീഴ്ചയാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടു

കഴിഞ്ഞമാസം 20-ാം തീയതി മുതൽ എഫ്.എം. റേഡിയോ വഴി 'അപ്നാഘർ' ഭവന പദ്ധതി സംബന്ധിച്ച പരസ്യം പ്രക്ഷേപണം ചെയ്യുന്നുണ്ടെന്നും റെയിൽവേ സ്റ്റേഷനുകളിലും ടി പരസ്യം പ്രക്ഷേപണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്റ്റിക്കർ പതിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും കേരളത്തിലെ എഫ്.എം. പരസ്യത്തെക്കുറിച്ച് ആസാം പത്രത്തിൽ റിപ്പോർട്ട് വന്നിട്ടുണ്ടെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

'അപ്നാഘർ ഭവനപദ്ധതി' ഒരു ലോകവാർത്തയാക്കണമെന്നും മുൻപ് ആവാസ് പദ്ധതിയുടെ കാര്യം ടൈംസ് ഓഫ് ഇന്ത്യയിലും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും ഫ്രാൻസിലും വാർത്തകൾ ആയിരുന്നുവെന്നും ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടതലായി താമസിക്കുന്ന കേന്ദ്രങ്ങളിൽ മയക്കുമരുന്നിന്റെ ഉപയോഗമുള്ളതിനാൽ ലേബർ ഡിപ്പാർട്ട്മെന്റ് ഫലപ്രദമായി പരിശോധന നടത്തണമെന്നും പാലക്കാട് കഞ്ചിക്കോട് അപ്നാഘർ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയത്തിന്റെ പണി ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും ജനുവരിയിൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സമയത്ത് ലഹരി ഉപയോഗം പാടില്ലെന്ന് നിർദ്ദേശം വയ്ക്കണമെന്നും അത് സംബന്ധിച്ച് പരിശോധനയും ബോധവൽക്കരണവും ഉണ്ടാകണമെന്നും വീടിന്റെ വാടക നിശ്ചയിച്ച് എത്രയും വേഗം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണമെന്നും നിർദ്ദേശിച്ച സമിതി കഞ്ചിക്കോട് 64 മുറികളുള്ളതിൽ 61 മുറികളാണ് ഇപ്പോൾ തുറന്നുകൊടുക്കുവാൻ സജ്ജമായിരിക്കുന്നതെന്നും മറ്റ് ആവശ്യങ്ങൾക്കുവേണ്ടി മാറ്റിയിരിക്കുന്ന 3 മുറികൾ ആവശ്യമില്ലെങ്കിൽ അതുംകൂടി നൽകണമെന്നും 61 മുറികളിൽ 610 പേരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി വേഗത്തിൽ സ്വീകരിക്കണമെന്നും മറ്റ് മൂന്നു സ്ഥലങ്ങളിൽ സ്ഥലം അക്വയർ ചെയ്യുതിൽ വർക്ക് ആരംഭിക്കണമെന്നും അതിനുശേഷം എല്ലാ ജില്ലകളിലേക്കും ഇത് വ്യാപിപ്പിക്കാമെന്നും താമസിക്കുന്ന സ്ഥലം വൃത്തിയുള്ളതും സൗകര്യപ്രദമാകണമെന്നും അത് ഉറപ്പുവരുത്താൻ കഴിയണമെന്നും വിലയിരുത്തി.

മെഡിക്കൽ ക്യാമ്പുകൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ആരോഗ്യവകുപ്പിനോട് സമിതി ആരാഞ്ഞതിന് എല്ലാ ജില്ലകളിലും റെഗുലറായി മെഡിക്കൽ ടീം ലേബർ ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിക്കുന്നുണ്ടെന്നും സ്ക്രീനിംഗ് ടെസ്റ്റ് നടത്തി ആവശ്യമായ ചികിത്സ നൽകുന്നുണ്ടെന്നും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതു ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ അവിടം സന്ദർശിച്ച് കണ്ടെത്തി നിർവ്വീര്യമാക്കി കേസ് ഫയൽ ചെയ്യുന്നുണ്ടെന്നും കൂടാതെ അത് ഉപയോഗിക്കാൻ പാടില്ലെന്ന ബോധവൽക്കരണം ഡോക്ടർമാർ നൽകുന്നുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നതുപോലെ

എല്ലാം ചെയ്യുന്നുണ്ടെന്നും ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിലോ എന്തെങ്കിലും രീതിയിലുള്ള സഹകരണക്കുറവ് ഉള്ളതായി മറ്റു ഡിപ്പാർട്ടുമെന്റുകൾക്ക് തോന്നുകയോ ചെയ്യുമ്പോൾ കുറച്ചുകൂടി കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കാമെന്നും ആരോഗ്യ കുടുംബക്ഷേമ പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ആരോഗ്യ മേഖലയിലെ ജീവനക്കാർ, നഴ്സുമാർ ചില സ്ഥലങ്ങളിൽ സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർവരെ ക്യാമ്പിൽ പങ്കെടുത്തിട്ടുണ്ടെന്നും ക്യാമ്പ് നടത്തിയ സ്ഥലങ്ങളിലെല്ലാം നല്ല സഹകരണം തന്നെയാണ് ഡോക്ടർമാരും ആരോഗ്യവകുപ്പും നൽകിയിട്ടുള്ളതെന്നും വിലയിരുത്തിയ സമിതി, അത് കുറച്ചുകൂടി ശക്തിപ്പെടുത്താൻ ലേബർ ഡിപ്പാർട്ട്മെന്റും ആരോഗ്യ വകുപ്പും സംയുക്തമായി ക്യാമ്പുകളിൽ പരിശോധന നടത്തണമെന്ന് നിർദ്ദേശിക്കുകയും ആയത് സംബന്ധിച്ച് കാര്യക്ഷമമായ നടപടി സ്വീകരിക്കാമെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.15-ന് പിരിഞ്ഞു.

## 2018 ഫെബ്രുവരി 14-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2018 ഫെബ്രുവരി 14-ാം തീയതി ബുധനാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം.എം. മണി ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. കെ. ദാസൻ, എം.എൽ.എ.
2. ശ്രീ. ടി.വി. ഇബ്രാഹിം, എം.എൽ.എ.
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
4. ശ്രീ. വി. പി. സജീന്ദ്രൻ, എം. എൽ. എ.
5. ശ്രീ. പി. ഉണ്ണി, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ശ്രീ. ശ്രീറാം വെങ്കിട്ടരാമൻ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്
3. ഡോ. ആർ. അജിത നായർ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
4. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്
5. ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ ലേബർ കമ്മീഷണർ
6. ശ്രീ. കെ. ഒ. ജോർജ്ജ്, അഡീഷണൽ ലേബർ കമ്മീഷണർ
7. ശ്രീ. എ. കെ. മോഹനകുമാർ, അഡീഷണൽ സെക്രട്ടറി, തൊഴിൽ വകുപ്പ്
8. ശ്രീമതി കെ. എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീമതി ജയലക്ഷ്മി പി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
11. ശ്രീ. ബിജു കെ. എസ്., എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്
12. ശ്രീ. ഇ. കെ. ശിവദാസൻ, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
13. ശ്രീ. കെ. എസ്. ഹരികുമാർ, ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ
14. ശ്രീമതി എസ്. ഷൈല ബീവി, സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.

സമിതി 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXIV (തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും), XVIII (വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും) എന്നിവ സംബന്ധിച്ച വിവിധ ചെലവിനങ്ങൾ പരിഗണിക്കുകയും, തൊഴിലും നൈപുണ്യവും വകുപ്പ് ഉദ്യോഗസ്ഥരുമായും ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIV

### I. തൊഴിലും നൈപുണ്യവും വകുപ്പ്

ലേബർ കമ്മീഷണറുടെയും അദ്ദേഹത്തിന്റെ ഓഫീസിലെ ജീവനക്കാരുടെയും വേതനം, വെള്ളക്കരം, ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലഫോൺ ചെലവ്, ഔദ്യോഗിക ഭാഷാപ്രയോഗം, ഇന്ധനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഭരണവും നടത്തിപ്പും-വെള്ളക്കരം [05(1)] ഇനത്തിൽ 3,00,000 രൂപയും, വൈദ്യുത ചെലവ് [05(2)] ഇനത്തിൽ 8,00,000 രൂപയും ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 2,00,000 രൂപയും, ഔദ്യോഗിക ഭാഷാ പ്രയോഗം (26) ഇനത്തിൽ 1,00,000 രൂപയും, വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 3,00,000 രൂപയും, ഇന്ധനം (45) ഇനത്തിൽ 3,00,000 രൂപയും, ഉൾപ്പെടെ ആകെ 20,00,000 രൂപ "ഭരണവും നടത്തിപ്പും" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെ ജീവനക്കാരുടെയും യാത്രാബത്ത, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 5,00,000 രൂപയും ഇന്ധനം (45) ഇനത്തിൽ 1,00,000 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6,00,000 രൂപ "കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും അനുവദിക്കുന്ന തുക ചെലവഴിക്കുവാൻ മാർച്ച് 31 വരെ കാത്തിരിക്കാതെ തുക ചെലവഴിക്കുന്നതിൽ കുറച്ചുകൂടി വേഗത കൂട്ടാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

ചീഫ് ഇൻസ്പെക്ടർ ഓഫീസിന്റെയും പ്ലാന്റേഷൻ ഓഫീസുകളിലെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, വാടക, കരം, നികുതി എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2,00,000 രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 2,00,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 5,00,000 രൂപയും ഉൾപ്പെടെ ആകെ 9,00,000 രൂപ "തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ടെലഫോൺ ചാർജ്ജസ് എന്ന ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവായതിനാൽ, ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 7,00,000 രൂപ കൂടി "ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ)" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി പ്രകാരം 2017-18-ലെ പെൻഷൻ കുടിശ്ശികയും 2018-19-ലെ പെൻഷൻ വിതരണത്തിനും അധിക തുക ബോർഡിന് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, "കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം"-സംഭാവന എന്ന ശീർഷകത്തിൽ 79,20,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മരംകയറ്റ തൊഴിലാളികൾക്ക് ജോലിസ്ഥലത്തിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ അവരുടെ ആശ്രിതർക്കോ സാമ്പത്തിക സഹായം നൽകുന്ന വകയിൽ 2017-18-ലെ കുടിശ്ശിക ഉൾപ്പെടെ 2018-19-ലെ ചെലവുകൾക്കായി "മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ) സംഭാവന" എന്ന ശീർഷകത്തിൽ 2,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2017-18-ലെ പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും, 2018-19-ലെ പെൻഷൻ വിതരണത്തിനുള്ള തുകയും ഉൾപ്പെടെ അധിക തുക ആവശ്യമാണെന്നു കാണുന്നതിനാൽ, "കേരളത്തിലെ കൈത്തറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതി-സംഭാവന" എന്ന ശീർഷകത്തിൽ 11,88,77,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമപദ്ധതിക്കായി 2017-18 വരെ സർക്കാർ വിഹിതമായി ലഭിക്കേണ്ട കുടിശ്ശികയും 2018-19-ലെ വിഹിതവും ഉൾപ്പെടെ "കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം-സംഭാവന" എന്ന ശീർഷകത്തിൽ 7,86,02,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2018-19 സാമ്പത്തിക വർഷത്തേക്ക് എക്സ് ഗ്രേഷ്യ ധനസഹായം നൽകുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ പൂട്ടിക്കിടക്കുന്ന "കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം-സംഭാവന" എന്ന ശീർഷകത്തിൽ 8,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

തയ്യൽ തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതികളിൽ 2017-18-ലെ പെൻഷൻ കടിശ്ശികയും, 2018-19-ലെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കും തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, "കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും-സംഭാവന" എന്ന ശീർഷകത്തിൽ 76,59,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് 2017-18 വരെ സർക്കാരിൽ നിന്നും ലഭിക്കാനുള്ള ഗ്രാന്റ് കടിശ്ശിക ലഭ്യമായിട്ടില്ലാത്തതിനാൽ, "കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്-സംഭാവന" എന്ന ശീർഷകത്തിൽ 4,86,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2017-18-ലെ പെൻഷൻ കടിശ്ശികയും 2018-19-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമായതിനാൽ, "കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി അംശദാനം-സംഭാവന" എന്ന ശീർഷകത്തിൽ 4,29,42,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മുൻ വർഷങ്ങളിലെ മാച്ചിംഗ് ഗ്രാന്റ് കടിശ്ശിക, 2018-19-ലെ മാച്ചിംഗ് ഗ്രാന്റ് എന്നിവ സർക്കാരിൽ നിന്നും ലഭിക്കേണ്ടതിനാൽ, "കേരള കർഷക തൊഴിലാളി ക്ഷേമബോർഡ് അംശദാനം സംഭാവന" എന്ന ശീർഷകത്തിൽ 37,69,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2017-18-ലെ പെൻഷൻ കടിശ്ശികയും, 2018-19-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, "കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമബോർഡ്-അംശദാനം-സംഭാവന" എന്ന ശീർഷകത്തിൽ 15,82,48,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2017-18 വരെ സർക്കാരിൽ നിന്നും ലഭിക്കേണ്ട കടിശ്ശികയ്ക്കായി "കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ് - സംഭാവന" എന്ന ശീർഷകത്തിൽ 32,40,65,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2018-19-ലെ ഭരണ ചെലവുകൾക്കായി അധിക തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, "കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് സംഭാവന" എന്ന ശീർഷകത്തിൽ 54,99,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള ജ്വവല്ലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ വിഹിതത്തിന്റെ 5% തുക ഗ്രാന്റായി ബോർഡിന് നൽകുമ്പോൾ, 2018-19-ൽ കൂടുതൽ തുക ആവശ്യമുണ്ടെന്ന് കാണുന്നതിനാൽ, "കേരള ആഭരണ തൊഴിലാളി ക്ഷേമനിധി സംഭാവന" എന്ന ശീർഷകത്തിൽ 7,93,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാനത്തെ എഴുത്താശാൻ-ആശാട്ടി തുടങ്ങിയ അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്കുള്ള ഈ ക്ഷേമ പെൻഷൻ പദ്ധതിയിൽ 2018-19-ലെ പെൻഷൻ വിതരണത്തിന് കൂടുതൽ തുക ആവശ്യമുള്ളതിനാൽ, "സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി" എന്ന ശീർഷകത്തിൽ 17,31,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സർക്കാർ നൽകുവാനുള്ള അംശദായ കുടിശ്ശികയും 2017-18-ലെ പെൻഷൻ കുടിശ്ശികയും, 2018-19-ലെ പെൻഷൻ വിതരണത്തിനും ഉൾപ്പെടെ കൂടുതൽ തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, "കേരള അലക്കുതൊഴിലാളി ക്ഷേമ പദ്ധതി സംഭാവന" എന്ന ശീർഷകത്തിൽ 1,52,46,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാനത്തെ വിഭിന്ന മേഖലകളിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന ഈ പദ്ധതിക്ക് 2017-18-ലെ പെൻഷൻ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് അധിക തുക ആവശ്യമായി കാണുന്നതിനാൽ, "കേരള ചുമട്ടു തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി-സംഭാവന" എന്ന ശീർഷകത്തിൽ 7,62,85,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഒഡെപെകിനായി 2018-19-ൽ അനുവദിച്ച തുക പരിശീലന പദ്ധതികൾക്കും റിക്രൂട്ട്മെന്റിനും അപര്യാപ്തമായതിനാൽ "ഒഡെപെക്" എന്ന ശീർഷകത്തിൽ 50,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മൂന്നാർ ലേബർ കോംപ്ലക്സ് നിർമ്മാണം പൂർത്തീകരണത്തിന് അധിക തുക ആവശ്യമായതിനാൽ "മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം" എന്ന ശീർഷകത്തിൽ 1,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## II. വ്യാവസായിക പരിശീലന വകുപ്പ്

ട്രെയിനിംഗ് ഡയറക്ടറേറ്റിന് വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ അവധി യാത്രാനുകൂല്യം [04 (4) ] ഇനത്തിൽ 2,13,000 രൂപയും വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കൽ (45) ഇനത്തിൽ 50,000 രൂപ ഉൾപ്പെടെ "ട്രെയിനിംഗ് ഡയറക്ടറേറ്റ്" എന്ന ശീർഷകത്തിൽ 2,63,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായി ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ വൈദ്യുത ചെലവ് [05(02)] ഇനത്തിൽ 17,000 രൂപ അധികമായി ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ "സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ" എന്ന ശീർഷകത്തിൽ 17,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ആസൂത്രണ നിരീക്ഷണ വിഭാഗത്തിന്റെ നവീകരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനും 2018-19 വർഷത്തെ പദ്ധതി ചെലവിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ "ആസൂത്രണ നിരീക്ഷണ വിഭാഗം-നവീകരണവും കമ്പ്യൂട്ടർവൽക്കരണവും" എന്ന ശീർഷകത്തിൽ 7,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ &കൺസ്ട്രക്ഷൻ കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവയുടെ രണ്ടാം ഘട്ട നിർമ്മാണം, നൈപുണ്യ വികാസത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കൽ വിവിധ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കൗശൽ കേന്ദ്രയുടെ പ്രവർത്തനം, വേൾഡ് സ്കിൽ ലൈസിയം, KASE-ന്റെ ഭരണ ചെലവുകൾ എന്നിവ്ക്ക് 2230-03-001-96 എന്ന ശീർഷകത്തിൽ 111 കോടി രൂപ വകുപ്പ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 38 കോടി രൂപ 4250-00-190-95 എന്ന ശീർഷകത്തിലാണ് വകുപ്പിന് അനുവദിച്ചിട്ടുള്ളതെന്നും 2230-03-001-96 ശീർഷകത്തിൽ തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ "വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി" എന്ന ശീർഷകത്തിൽ 73,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ചാക്ക ഐ.ടി.ഐ. വളപ്പിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ട്രേഡ് ടെസ്റ്റ് വിഭാഗത്തിന് പുതിയ കെട്ടിടനിർമ്മാണം, കമ്പ്യൂട്ടർ അധിഷ്ഠിത ഇ-ടെസ്റ്റ്, ട്രേഡ് സർട്ടിഫിക്കറ്റിനായി പശ്ചാത്തല സൗകര്യങ്ങളും സോഫ്റ്റ് വെയറുകളും സജ്ജീകരിക്കൽ, ട്രേഡ് ടെസ്റ്റ് വിംഗിന് ആവശ്യമായ ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, മികച്ച നെറ്റ് വർക്കിംഗ് സംവിധാനം, ട്രേഡ് ടെസ്റ്റിനാവശ്യമായ ക്വസ്റ്റ്യൻ പേപ്പറുകൾ, ഉത്തരകടലാസുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള വാഹനം വാങ്ങൽ, ഓൺലൈൻ ട്രേഡ് ടെസ്റ്റിനാവശ്യമായ ചെലവ് വഹിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 23,00,000 രൂപ "ട്രേഡ് ടെസ്റ്റ് വിംഗിനെ ശക്തിപ്പെടുത്തൽ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി യാത്രാബത്ത [04(1)] ഇനത്തിൽ 2,00,00,000 രൂപയും ടെലഫോൺ ചെലവ് [05 (03)] ഇനത്തിൽ 1,00,000 രൂപയും ജനറൽ സ്റ്റൈപ്പന്റ് (12) ഇനത്തിൽ 15,00,000 രൂപയും പി.ആന്റ് എസ്.എസ്. (28) ഇനത്തിൽ 20,00,000 രൂപയും മറ്റിനങ്ങൾ [34(3)] ഇനത്തിൽ 50,00,000 രൂപയും ഉൾപ്പെടെ 2,86,00,000 രൂപ "വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

തിരുവനന്തപുരത്തെ വനിതാ വ്യാവസായിക പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിനായി ടൂർ ടി.എ. [04(1)] ഇനത്തിൽ 1,25,000 രൂപയും ട്രാൻഫർ ടി.എ. [04(2)] ഇനത്തിൽ 33,000 രൂപയും എൽ.റ്റി.സി. [04(4)] ഇനത്തിൽ 28,000 രൂപയും സ്റ്റൈപന്റ് (12) ഇനത്തിൽ 25,000 രൂപയും വൈദ്യുതി ചെലവ് [34(02)] ഇനത്തിൽ 69,000 രൂപയും ഉൾപ്പെടെ 2,80,000 രൂപ "വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

ഐ.ടി.ഐ. കളുടെ നവീകരണത്തിന് ഈ ശീർഷകത്തിൽ 95,00,00,000 രൂപയാണ് വകപ്പ് ആവശ്യപ്പെട്ടിരുന്നതെങ്കിലും ബഡ്ജറ്റിൽ ടി ശീർഷകത്തിൽ 15,00,00,000 രൂപയും 4202-02-105-85 എന്ന ശീർഷകത്തിൽ 35,50,00,000 രൂപയുമാണ് വകപ്പിന് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ അപര്യാപ്തമായ 44,50,00,000 രൂപ ഐ.ടി.ഐ. കളുടെ നവീകരണം എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കുന്നതിനും സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 2230-03-101-80 എന്ന ശീർഷകത്തിൽ 40 കോടി രൂപ വകപ്പ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടി ശീർഷകത്തിൽ തുകയൊന്നും അനുവദിക്കാതെ 4250-00-800-95 എന്ന

ശീർഷകത്തിൽ 9 കോടി രൂപയാണ് വകപ്പിന് അനുവദിച്ചിട്ടുള്ളത്. 2018-19 സാമ്പത്തികവർഷത്തിലെ ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച 10 പുതിയ ഐ.ടി.ഐ.കളുടെ നിർമ്മാണത്തിനും ടി ഐ.ടി.ഐ. കൾക്കാവശ്യമായ ഉപകരണ സംഭരണത്തിനും തുക ആവശ്യമാണ്. ആയതിനാൽ 2018-19 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനാവശ്യമായ 31,00,00,000 രൂപ പുതിയ ഐ.റ്റി.ഐ.കൾ സ്ഥാപിക്കൽ എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 40,000 രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 12,000 രൂപയും ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 7,000 രൂപയും ഉൾപ്പെടെ ആകെ 59,000 രൂപ വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ചിത്തിരപുരം, കാസർഗോഡ് ജില്ലയിലെ കറ്റിക്കോൽ എന്നിവിടങ്ങളിൽ ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിനായി 2018-19 സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3,50,00,000 രൂപ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.കൾ ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

വനിതാ ഐ.ടി.ഐ.കൾ മെച്ചപ്പെടുത്തൽ പദ്ധതിയ്ക്കായി 2230-03-101-72 എന്ന ശീർഷകത്തിൽ 11 കോടി രൂപയാണ് വകപ്പ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ബഡ്ജറ്റ് വിഹിതമായി 2.40 കോടി രൂപ 4250-00-800-96 എന്ന ശീർഷകത്തിലാണ് വകപ്പിന് തുക അനുവദിച്ചിട്ടുള്ളത്. വകപ്പിന് കീഴിലെ അഞ്ച് രണ്ടാം നിര വനിതാ ഐ.ടി.ഐ. കളുടെ പദവി ഉയർത്തുന്നതുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണം, ഉപകരണ സംഭരണം എന്നിവയ്ക്ക് തുക ആവശ്യമായതിനാലും അനുവദിച്ച തുക പദ്ധതി നടത്തിപ്പിന് അപര്യാപ്തമായതിനാലും 8,60,00,000 രൂപ വനിതാ ഐ.ടി.ഐ.കൾ മെച്ചപ്പെടുത്തൽ എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

തൊഴിൽ വകപ്പിന്റെ പരമപ്രധാനമായ പ്രവർത്തനങ്ങൾ, സാധ്യതകൾ, ഗുണങ്ങൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും തൊഴിൽ

പരിശീലന അവബോധം സൃഷ്ടിക്കുന്നതിനായി തൊഴിൽ മേളകൾ, നൈപുണ്യ വൈദഗ്ധ്യ മേളകൾ എന്നിവ സംഘടിപ്പിക്കുന്നതിനും 2018-19 സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6,90,00,000 രൂപ "പരസ്യം/പബ്ലിസിറ്റി" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനും നടപ്പാക്കുന്നതിനും രൂപീകരിച്ച ദേശീയ നൈപുണ്യ വികാസ യജ്ഞ (NSDM) ത്തിനോടനുബന്ധിച്ച് സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO)-ന്റെ ഭാഗമായി, സംസ്ഥാന സർക്കാർ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE)-നെ നോഡൽ ഏജൻസിയായി പരിഗണിച്ചുകൊണ്ട് നൈപുണ്യ വികസനത്തിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതമായി 2018-19 വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ടി പദ്ധതിക്ക് അപര്യാപ്തമായതിനാൽ 6,24,50,000 രൂപ "സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ കേരള" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

സംസ്ഥാനത്തെ 10 രണ്ടാം നിര ഐ.ടി.ഐ.കളായ ആര്യനാട്, കൽപ്പറ്റ, കഴൽമന്ദം, ദേശമംഗലം, കൊയിലാണ്ടി, ചാത്തന്നൂർ, ബി.റ്റി.സി. കൊല്ലം, നിലമ്പൂർ, അട്ടപ്പാടി, പേരാമ്പ്ര എന്നിവയെ ഒന്നാംനിര ഐ.ടി.ഐ.കൾ ആക്കി മാറ്റാൻ വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നതിൽ ബി.റ്റി.സി. കൊല്ലത്തിന് പകരം കൊല്ലം ഐ.ടി.ഐ എന്നാണ് ബഡ്ജറ്റിൽ വന്നിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത് ബി.റ്റി.സി. കൊല്ലം എന്നാക്കണമെന്നും ഐ.ടി.ഐ.-കളുടെ നിലവാരമുയർത്തുന്ന പ്രവർത്തനങ്ങൾക്കായിട്ട് 2018-19 സാമ്പത്തിക വർഷം 16,00,00,000 രൂപ കൂടി "ഐ.ടി.ഐ.കൾ മെച്ചപ്പെടുത്തൽ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സർക്കാർ ഐ.ടി.ഐ.-കളിലെ വിവിധ ട്രേഡുകളിലെ മികച്ച 100 ട്രെയിനികൾക്ക് (50 ആൺകുട്ടികൾക്കും, 50 പെൺകുട്ടികൾക്കും) വിദേശരാജ്യത്ത് 4 ആഴ്ചത്തെ ട്രെയിനിംഗ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 5,00,00,000 രൂപ ആവശ്യപ്പെട്ടതിൽ 1,00,00,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 4,00,00,000 രൂപ "വിദേശരാജ്യങ്ങളുമായുള്ള സാങ്കേതികവിദ്യ കൈമാറ്റ പരിപാടി" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ദേശീയ തൊഴിലഭ്യസന കേന്ദ്രങ്ങളിൽനിന്നും തൊഴിൽ പരിശീലനം നേടിയ ട്രെയിനികൾക്ക് സ്റ്റൈപന്റ് കൊടുക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക ലഭ്യമാകാത്തതിനാൽ 1,96,65,000 രൂപ "ദേശീയ തൊഴിലഭ്യസന പരിപാടികൾ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

തൊഴിലഭ്യസന പരിശീലന പദ്ധതി ശക്തിപ്പെടുത്തലിന്റെ ഭാഗമായി പഠനാനന്തര പരിശീലനം, ഓഫീസ് പുനരുദ്ധാരണം, ഫർണീച്ചറുകൾ സജ്ജമാക്കുകയും മാറ്റി സ്ഥാപിക്കുകയും ചെയ്യുക, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സജ്ജമാക്കുക, വൈദ്യുതീകരണം, ജില്ലാ ഓഫീസുകളെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനായി സജ്ജീകരിക്കുക എന്നീ പ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തിലേയ്ക്ക് 6,00,00,000 രൂപ ആവശ്യപ്പെട്ടതിൽ 1,00,00,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതി നടത്തിപ്പിനായി 5,00,00,000 രൂപ "തൊഴിലഭ്യസന പരിശീലന പദ്ധതി ശക്തിപ്പെടുത്തൽ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

താഴെപ്പറയുന്ന പദ്ധതികൾക്കായി പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു:

<u>ജൈവവൈവിധ്യ ക്യാമ്പസ്</u>

സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഹരിത മിഷൻ പരിപാടിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന ശുചിത്വ മിഷന്റെ സഹകരണത്തോടെ സൗരോർജ്ജ പ്ലാന്റ്, വിന്റ്മിൽ, മഴവെള്ള സംഭരണികൾ, ബയോഗ്യാസ് പ്ലാന്റുകൾ, ബയോവേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ ലഭ്യമാക്കി ഐ.ടി.ഐ.-കളെ ഹരിത ക്യാമ്പസുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതിക്കായി പുതിയ സർവ്വീസ് ശീർഷകത്തിൽ 5,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

<u>ഉല്പാദന കേന്ദ്രങ്ങൾ</u>

2018-19 സാമ്പത്തിക വർഷത്തിൽ സർക്കാർ ഐ.ടി.ഐ.-കളിലെ നിലവിലെ ഭൗതിക സാഹചര്യങ്ങൾ ഉപയോഗിച്ച് ട്രെയിനികൾക്ക് പരിശീലനത്തോടൊപ്പം സമ്പാദ്യം എന്ന വിധത്തിൽ വിവിധ ട്രേഡുകളിൽ തൊഴിലധിഷ്ഠിതമായ വിവിധ

ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, ട്രെയിനികളുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനോടൊപ്പം അവരിൽ സംരംഭകത്വം വളർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി, കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് ഗ്രേഡിംഗ് നൽകുന്ന പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതിക്ക് അനുമതി നൽകണമെന്നും പദ്ധതിയുടെ നടത്തിപ്പിനായി പുതിയ സർവ്വീസ് ശീർഷകത്തിൽ 5,00,00,000 രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഫ് ക്യാമ്പസ് പ്രോഗ്രാം

2018-19 സാമ്പത്തിക വർഷത്തിൽ വകുപ്പിലെ നൈപുണ്യ വികസന പരിശീലനത്തിന്റെ ഭാഗമായി ഇൻസ്ട്രക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും വിജ്ഞാനം പരിഷ്കരിക്കുന്നതിന് വേണ്ടി കോഴിക്കോട് (വനിത) ഐ.ടി.ഐ.യിൽ ലഭ്യമായ സ്ഥലത്ത് വകുപ്പിന്റെ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പുതിയ സർവ്വീസ് ശീർഷകത്തിൽ 90,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

അന്താരാഷ്ട്ര നൈപുണ്യ കേന്ദ്രം

പ്രവാസികളായ ഇന്ത്യാക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് അവരുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുവാൻ 2018-19 സാമ്പത്തിക വർഷത്തിൽ യു.എ.ഇ.യുടെ സഹകരണത്തോടെ ഒരു അന്താരാഷ്ട്ര നൈപുണ്യ കേന്ദ്രം യു.എ.ഇ.യിൽ തുടങ്ങുന്നതിന് ടി വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ സർവ്വീസ് ശീർഷകത്തിൽ 75,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## III. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനായി യാത്രാബത്ത [04 (1)] ഇനത്തിൽ 10,00,000 സ്ഥലമാറ്റ ബത്ത [04 (2)] ഇനത്തിൽ 2,00,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 5,00,000 രൂപയും വൈദ്യുത ചെലവ് [05 (2)] ഇനത്തിൽ 5,00,000 രൂപയും വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 2,50,000 രൂപയും വിവര സാങ്കേതിക വിദ്യ (99) ഇനത്തിൽ 10,00,000 രൂപയും ഉൾപ്പെടെ ആകെ 34,50,000 രൂപ "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനാവശ്യമായ യാത്രാബത്ത [04(1)] ഇനത്തിൽ 14,000 രൂപയും, സ്ഥലമാറ്റ ബത്ത [04(2)] ഇനത്തിൽ 8,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 47,000 രൂപയും ഉൾപ്പെടെ ആകെ 69,000 രൂപ "ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കൈവല്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് 2018-19-ന് സബ്സിഡി നൽകുന്നതിനും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസ്സുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)" എന്ന ശീർഷകത്തിൽ 2,05,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ശരണ്യാ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, ഭർത്താവിനാൽ ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നിവർക്ക് പുറമേ അംഗപരിമിതരായ വനിതകളെയും ഭർത്താവ് ശയ്യാവലംബരായ വനിതകളെയും കൂടി അർഹരാക്കിയും, കൂടാതെ നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർ വായ്പ നൽകുന്നതിനും ഉത്തരവായിട്ടുള്ളതിനാലും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക വളരെ കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 4,00,00,000 രൂപ , "രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/ അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യ)" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ "പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ" എന്ന ശീർഷകത്തിൽ മറ്റ് ചെലവുകൾ മറ്റിനം [34 (03)] ഇനത്തിൽ 3,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഭിന്നശേഷിക്കാരായവർക്കായുള്ള കൈവല്യ പദ്ധതിവഴി ഉദ്യോഗാർത്ഥികൾക്ക് വായ്പ നൽകുന്നതിന് 2018-19 വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1,85,00,000 രൂപ, "കൈവല്യ പദ്ധതിക്ക കീഴിൽ വായ്പകൾ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ശരണ്യാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് വായ്പകൾ നൽകുന്നതിനായും നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർവായ്പ നൽകുന്നതിനും 2018-19 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ "ശരണ്യാ പദ്ധതിക്ക കീഴിൽ വായ്പകൾ" എന്ന ശീർഷകത്തിൽ 3,80,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## IV. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ കം എന്റർടൈൻമെന്റ് ടൂർ സംഘടിപ്പിക്കുന്നതിനും ILSM-ന്റെ (KILE CAMPUS) അടിസ്ഥാനനിർമ്മാണ പുരോഗതിക്കായി സ്ഥലം വാങ്ങുന്നതുൾപ്പെടെയുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കും Existing Scheme-ലെ മറ്റ് പ്രവർത്തനങ്ങൾക്കും തുക അപര്യാപ്തമായതിനാൽ "കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം-പദ്ധതി" എന്ന ശീർഷകത്തിൽ 10,48,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ദൈനംദിന ചെലവുകൾക്കുംകൂടി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 9,54,800 രൂപ "കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം-പദ്ധതിയേതരം" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## V. വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ

വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി വിവരസാങ്കേതികവിദ്യ (99) എന്ന ഇനത്തിന് 4,95,000 രൂപ "വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട് എന്ന സ്ഥാപനത്തിന് വിവരസാങ്കേതികവിദ്യ (99) എന്ന ഇനത്തിന് 3,00,000 രൂപ "വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

തൊഴിൽ കോടതി, എറണാകുളം എന്ന സ്ഥാപനത്തിന്റെ നിലവിലുള്ള ഓഫീസ് കാർ ഉപയോഗ യോഗ്യമല്ലാത്തതിനാൽ നിരവധി കേസുകൾ പെൻഡിംഗിലാവുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി സ്ഥാപനത്തിന് പുതിയ കാർ വാങ്ങുന്നതിന് "തൊഴിൽ കോടതി, എറണാകുളം" എന്ന ശീർഷകത്തിൽ 10,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ലേബർകോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] എന്ന ഇനത്തിന് 5,000 രൂപ "ലേബർ കോടതി, കണ്ണൂർ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി എന്ന സ്ഥാപനത്തിലേക്ക് മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ 8,00,000 രൂപയും വിവരസാങ്കേതിക വിദ്യ (99) ഇനത്തിൽ 9,73,000 രൂപയും വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 1,66,000 രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1,23,000 രൂപയും ഉൾപ്പെടെ ആകെ 20,62,000 രൂപ "വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട് എന്ന സ്ഥാപനത്തിലേക്ക് വിവരസാങ്കേതികവിദ്യ (99) ഇനത്തിന് 2,74,000 രൂപ "വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വ്യാവസായിക ട്രിബ്യൂണലുകൾ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനാവശ്യമായ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1,50,000 രൂപയും ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 20,000 രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 15,00,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 20,00,000 രൂപയും ഉൾപ്പെടെ 36,70,000 രൂപ "വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## VI. ധനകാര്യ (നോഡൽ-ബി) വകുപ്പ്

നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട് ഒരു കോടി രൂപയായി ഏഴ് വർഷം മുമ്പാണ് പരിഷ്കരിച്ചത്. എന്നാൽ ഈ ഏഴ് വർഷത്തിനുള്ളിൽ

പൊതുമരാമത്തു വകുപ്പ് നാല് പ്രാവശ്യം ഷെഡ്യൂൾ പരിഷ്കരിച്ചിട്ടുള്ളതിനാലും നിർമ്മാണ സാമഗ്രികളുടെ വില അമിതമായി വർദ്ധിച്ച സാഹചര്യത്തിലും നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ടിലേക്ക് 2018-19 സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന തുക വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ "നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്" എന്ന ശീർഷകത്തിൽ 1,41,00,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## VII. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

പ്രസ്തുത വകുപ്പിലെ ഹെഡ്ഡുകളിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലെന്നും, മേജർ പ്രോജക്ടുകളിൽ ഒന്നായ Remote Sensing enabled Online Chemical Emergency Response Centre-ന്റെ ഡി.പി.ആർ. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പും National Remote Sensing Agency, Hyderabad-ഉം Indira Gandhi Centre for Atomic Research-ഉം ചേർന്ന് തയ്യാറാക്കികൊണ്ടിരിക്കുകയാണെന്നും ആയത് കിട്ടിയാൽ മാത്രമേ ഇപ്പോൾ അനുവദിച്ചിട്ടുള്ള 2 കോടി രൂപയേക്കാൾ അധികം വേണ്ടിവരുമോയെന്ന് പറയാൻ കഴിയുകയുള്ളൂവെന്ന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

## ധനാഭ്യർത്ഥന നമ്പർ XVIII

## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

ഡിസ്പെൻസറികളിൽ 2018-19 സാമ്പത്തികവർഷത്തിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി തസ്തികയിലേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്ന മെഡിക്കൽ ഓഫീസർമാർക്ക് ശമ്പളം നൽകുന്നതിനായി കൺസോളിഡേറ്റഡ് പേ [02(4)] ഇനത്തിൽ 2,50,00,000 രൂപയും 2018-19-ലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സാധനസാമഗ്രികൾ (24) ഇനത്തിൽ 3,00,00,000 രൂപയും ഉൾപ്പെടെ ആകെ 5,50,00,000 രൂപ "ഡിസ്പെൻസറികൾ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഇ. എസ്. ഐ. യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികളുടെ 2018-19 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംപേഴ്സ്മെന്റ് (04) ഇനത്തിൽ 3,00,00,000 രൂപയും സ്പെഷ്യാലിറ്റി/ സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ (03) ഇനത്തിൽ 10,00,00,000 രൂപയും ഉപകരണങ്ങൾ (07) ഇനത്തിൽ 20,00,00,000 രൂപയും സംരക്ഷണവും അറ്റകുറ്റപ്പണികളും (08) ഇനത്തിൽ 25,00,000 രൂപയും വൈദ്യസുരക്ഷ നൽകുന്നതിനുവേണ്ടിയുള്ള ചെലവ് (12) ഇനത്തിൽ 2,00,00,000 രൂപയും ഉൾപ്പടെ 35,25,00,000 രൂപ "ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതിയോഗം രാവിലെ 11.20-ന് പിരിഞ്ഞു.

## 2018 ഫെബ്രുവരി 14-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-VII, 2018 ഫെബ്രുവരി 14-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം.എം. മണി ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. ദാസൻ, എം.എൽ.എ.
2. ശ്രീ. ടി.വി. ഇബ്രാഹിം, എം.എൽ.എ.
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
4. ശ്രീ. വി.പി സജീന്ദ്രൻ, എം.എൽ.എ.
5. ശ്രീ. പി. ഉണ്ണി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ., എം, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബിശ്വനാഥ് സിൻഹ, ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ശ്രീ. എൻ.എസ്. പിള്ള, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി.എൽ.
3. ശ്രീമതി റ്റി. നിതകുമാരി, അഡീഷണൽ സെക്രട്ടറി, (അനെർട്ട്) ധനകാര്യ വകുപ്പ്
4. ശ്രീമതി രതമ്മ. വി, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
5. ശ്രീ. പി. കുമാരൻ, ഡയറക്ടർ, (D&IT) കെ.എസ്.ഇ.ബി.എൽ.
6. ശ്രീ. രാജീവ്. എസ്., ഡയറക്ടർ (Generation & HRM) കെ.എസ്.ഇ.ബി.എൽ.
7. ശ്രീമതി വിജയകുമാരി പി., ഡയറക്ടർ (Transmission and System Operation), കെ.എസ്.ഇ.ബി.എൽ.
8. ശ്രീ. വേണു ഗോപാൽ. എൻ, ഡയറക്ടർ (CP & SCM), കെ.എസ്.ഇ.ബി.എൽ.

9. ശ്രീ. കെ.എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ

10. ശ്രീ. ആർ. ഹരികുമാർ, ഡയറക്ടർ, അനെർട്ട്

11. ശ്രീ. ബി.കെ. രാജേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്

12. ശ്രീമതി എൻ. ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ് (I&PW) വകുപ്പ്

13. ശ്രീ. അനിൽ കുമാർ. വി.സി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

14. ശ്രീ. ശ്യാം മുരളി. എസ്, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്.

സമിതി, 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച വിവിധ ചെലവിനങ്ങൾ പരിഗണിക്കുകയും, ഊർജ്ജ വകുപ്പ് ഉദ്യോഗസ്ഥരുമായും ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു:

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെ താരിഫ് വർദ്ധനയിൽനിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2018-19 വർഷത്തിൽ തുടരുന്നതിന് 7,68,24,00,000 രൂപയും കൂടാതെ 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി 2018-19-ൽ തുടരുന്നതിന് 80,00,000 രൂപയും ഉൾപ്പെടെ 7,69,04,00,000 രൂപ "വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-സബ്സിഡികൾ" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള വാട്ടർ അതോറിറ്റിയിൽനിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായത്തിന് 2016-17-ലും 2017-18-ലുമായി ലഭിക്കേണ്ട ആകെ 1,04,80,00,000 രൂപയിൽ 52,40,00,000 രൂപയുടെ ബഡ്ജറ്റ് വിഹിതം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും 2017-18-ൽ ലഭിക്കേണ്ട ബാക്കി തുകയായ 22,40,00,000 കോടി രൂപ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് കൂടി ഉൾപ്പെടുത്തി "കേരള വാട്ടർ അതോറിറ്റിയിൽനിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം" എന്ന ശീർഷകത്തിൽ 74,80,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000 രൂപ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതി (LACADS) ഫണ്ടിൽ ഉൾപ്പെടുത്തിയ സോളാർ, LED തെരുവുവിളക്കുകൾ തുടങ്ങിയ 10 പ്രവൃത്തികൾ ചെയ്യുന്നതിന് അപര്യാപ്തമായതിനാൽ 6,93,48,627 രൂപ "നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ (LACADS)" എന്ന ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം എന്ന പദ്ധതികൾക്കായി പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000 രൂപ അപര്യാപ്തമായതിനാൽ "നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചു കൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം" എന്ന ശീർഷകത്തിൽ 7,82,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതിശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

2MW ശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലസേചന പദ്ധതി സ്ഥാപിക്കുന്നതിനും NABARD (RIDF) ലോണായും സംസ്ഥാന വിഹിതമായും വിവിധ ചെറുകിട വൈദ്യുത പദ്ധതികളും സോളാർ പദ്ധതികളും നടപ്പിലാക്കാനുമായി ആകെ 110,86,50,000 രൂപ ആവശ്യപ്പെട്ടതിൽ 2016-17-ൽ അനുവദിച്ച 3,61,40,000 രൂപ 2017-18-ൽ അഡീഷണൽ ആതറൈസേഷൻവഴി ലഭിച്ചിട്ടുള്ളതല്ലാതെ പുതുക്കിയ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ New Service head അനുവദിച്ച് 39,50,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

2017-18 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുനഃസ്ഥാപിച്ച് താഴെപ്പറയുംപ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

(1) RGGVY സംസ്ഥാന വിഹിതം <u>(പഴയ ശീർഷകം-2801-80-101-90)2,44,00,000 രൂപ</u>

(2) പദ്ധതി 2018 ജൂണിൽ പൂർത്തീകരിക്കേണ്ടതിനാൽ DDUGY സംസ്ഥാനവിഹിതം - മുട്ടത്തറ- <u>(പഴയ ശീർഷകം - 2801-80-101-87)</u> (പ്ലാൻ) ആയി <u>48,30,00,000 രൂപ</u>

(3) പദ്ധതി ഡിസംബർ 2018-ൽ പൂർത്തീകരിക്കേണ്ടതിനാൽ IPDS സംസ്ഥാനവിഹിതം- <u>(പഴയ ശീർഷകം - 2801-80-101-86)</u> (പ്ലാൻ) ആയി <u>459,21,00,000 രൂപ</u>

(4) തിരുവനന്തപുരം മുട്ടത്തറയിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി 13-2-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (MS) T/2015 PD പ്രകാരം 45,76,00,000 രൂപ അനുവദിച്ചതിൽ 3,62,81,000 രൂപ മാത്രമാണ് 2015-16 സാമ്പത്തിക വർഷം ലഭ്യമായിട്ടുള്ളതെന്നും 2018-19 സാമ്പത്തിക വർഷത്തിൽ പഴയ ശീർഷകം 4801-80-101-99-മുട്ടത്തറ സബ്സ്റ്റേഷൻ എന്ന ശീർഷകം നിലനിർത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിലേക്ക് 41,04,00,000 രൂപ.

**എനർജി മാനേജ്മെന്റ് സെന്റർ, കേരള**

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ, സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് "എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം" എന്ന ശീർഷകത്തിൽ 2,41,39,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതിയോഗം വൈകുന്നേരം 3.20-ന് പിരിഞ്ഞു.

## 2018 ഫെബ്രുവരി 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2018 ഫെബ്രുവരി 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം.എം. മണി ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

സമിതി 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി സംബന്ധിച്ച ഖണ്ഡിക 26-ലെ ശിപാർശയിൽ 2230-03-001-96 എന്ന റവന്യൂ ഹെഡ്സ് നിലനിർത്തുകയും വകുപ്പ് ആവശ്യപ്പെട്ട 73 കോടി രൂപയിൽ 17,50,00,000 രൂപ നിലവിലുള്ള റവന്യൂ ഹെഡ്സിലും, 55,50,00,000 രൂപ പുതുതായി രൂപീകരിച്ച 4250-00-190-95 എന്ന ക്യാപിറ്റൽ ഹെഡ്സിലുമായി വിഭജിച്ച് അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഐ.ടി.ഐ.കളുടെ നവീകരണം സംബന്ധിച്ച ഖണ്ഡിക 30-ലെ ശിപാർശയിൽ 2230-03-101-70 എന്ന റവന്യൂ ഹെഡ്സ് നിലനിർത്തുകയും വകുപ്പ് ആവശ്യപ്പെട്ട തുകയായ 44,50,00,000 രൂപയിൽ 20,00,00,000 രൂപ നിലവിലുള്ള റവന്യൂ ഹെഡ്സിലും 24,50,00,000 രൂപ പുതിയതായി രൂപീകരിച്ച 4202-02-105-85 എന്ന ക്യാപിറ്റൽ ഹെഡ്സിലുമായി വിഭജിച്ച് അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ സംബന്ധിച്ച ഖണ്ഡിക 31-ലെ ശിപാർശയിൽ 2230-03-101-80 എന്ന റവന്യൂ ഹെഡ്സ് നിലനിർത്തുകയും വകുപ്പ് ആവശ്യപ്പെട്ട തുകയായ 31,00,00,000 രൂപയിൽ 20,00,00,000 രൂപ നിലവിലുള്ള റവന്യൂ ഹെഡ്സിലും 11,00,00,000 രൂപ പുതിയതായി രൂപീകരിച്ച 4202-02-800-95 എന്ന ക്യാപിറ്റൽ ഹെഡ്സിലുമായി വിഭജിച്ച് അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വനിതാ ഐ.ടി.ഐ.കൾ മെച്ചപ്പെടുത്തൽ സംബന്ധിച്ച ഖണ്ഡികയിലെ ശിപാർശയിൽ 2230-03-101-72 എന്ന റവന്യൂ ഹെഡ്സ് നിലനിർത്തുകയും വകുപ്പ് ആവശ്യപ്പെട്ട തുകയായ 8,60,00,000 രൂപയിൽ 5,60,00,000 രൂപ നിലവിലുള്ള റവന്യൂ ഹെഡ്സിലും 3,00,00,000 രൂപ പുതിയതായി രൂപീകരിച്ച 4250-00-800-96 എന്ന ക്യാപിറ്റൽ ഹെഡ്സിലുമായി വിഭജിച്ച് അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട് സംബന്ധിച്ച ശിപാർശയിൽ നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട് ഒരു കോടി രൂപ എന്നത് രണ്ട് കോടി രൂപയായി ഉയർത്തണമെന്ന് സമിതി ആവശ്യപ്പെടുകയും "നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്" എന്ന ശീർഷകത്തിൽ 141,00,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ഭേദഗതി ചെയ്യാൻ തീരുമാനിക്കുകയുമുണ്ടായി.

യോഗം ഉച്ചയ്ക്കുശേഷം 12.45-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.